## കുത്തിയതോട് ഗ്രാമപഞ്ചായത്ത്



# വികസനരേഖ

36-5

# കുത്തിയതോട് ഗ്രാമപഞ്ചായത്ത്

# വികസനരേഖ




**KUTHIATHODU PANCHAYATHU**

CHERTHALA ◆ ALAPPUZHA



മഹാത്മജിയുടെ
പാദസ്പർശനത്താൽ ധന്യമായ
ചരിത്രമുറങ്ങുന്ന സൗധം

കുത്തിയതോട് ഗ്രാമപഞ്ചായത്ത് കാര്യാലയം

G

# KUTHIATHODU PANCHAYATHU

CHERTHALA ◆ ALAPPUZHA





തിരുമല വാസുദേവൻ
പ്രസിഡന്റ്



ടി.എസ്. ഗിരിജാദേവി
വൈസ് പ്രസിഡന്റ്



എം.എസ്.എസ്. പിള്ള
ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി



കെ. ധനേഷ്കുമാർ
മെമ്പർ



എം. കമാൽ
മെമ്പർ



എം.കെ. അബ്ദുൽഗഫൂർ
മെമ്പർ



കെ. ഇന്ദുമതീഭായി
മെമ്പർ



ടി. വിശ്വനാഥൻ
മെമ്പർ



മോളി സുഗുണാനന്ദൻ
മെമ്പർ



സെലിൻ സോളമൻ
മെമ്പർ



പി.ബി. അശോക് കുമാർ
സെക്രട്ടറി

# ഉള്ളടക്കം


1. ആമുഖം
2. ഗ്രാമപഞ്ചായത്ത് പൊതുവിവരണം.
3. ഭരണപരമായ ചരിത്രം
4. വികസന മേഖല അവലോകനം

4. 1. കൃഷി, ജലസേചനം

4. 2. മൃഗസംരക്ഷണം, മൽസ്യബന്ധനം

4. 3. വ്യവസായം

4. 4. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

4. 5. വിദ്യാഭ്യാസം, സംസ്ക്കാരം

4. 6. കുടിവെള്ളം, ആരോഗ്യം

4. 7. സാമൂഹ്യക്ഷേമം, പാർപ്പിടം

4. 8. വനിത

4. 9. സഹകരണം

4. 10. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

4. 11. വിഭവസമാഹരണം

5. ഉപസംഹാരം

# ആമുഖം

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് പ്രവചിച്ച മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ഭരണഘടനാഭേദഗതിയിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനം ആ സ്വപ്നം പൂവണിയിക്കുകയാണ്. അകലങ്ങളിൽ എന്നു കരുതിയിരുന്നതൊക്കെ തൊട്ടനുഭവിക്കാനും നാളെയുടെ പ്രതീക്ഷകൾക്ക് തിരികൊളുത്താനും ഒത്തൊരുമിച്ച പ്രവർത്തനത്തിലൂടെ നല്ലൊരു ഇന്ത്യയെ വാർത്തെടുക്കാനുമുള്ള തീവ്രമായ യത്നത്തിന്റെ തുടക്കം ഗ്രാമത്തിന്റെ വിഭവസമ്പത്ത് കണ്ടെത്തുന്നതോടൊപ്പം വികസനത്തിന്റെ പോരായ്മകൾ പ്രശ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് അവയ്ക്ക് പരിഹാരങ്ങൾ നിർദ്ദേശങ്ങൾ എന്നിവ കണ്ടെത്തി സമഗ്രവികസനത്തിനുതകുന്ന പ്രക്രിയയിൽ പങ്കാളികളാകാനും പൂർണ്ണമായി ഭാഗഭാക്കാകാനും കഴിയുന്ന ഒരവസരമാണ് ഇതിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്.

ചേർത്തല ആലുവ നാലുവരിപാതയുടെ ഇരുവശവുമായി കിടക്കുന്ന കുത്തിയതോട് ഗ്രാമപഞ്ചായത്തിന് 9.8 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവും 10 വാർഡുകളുമുണ്ട്. തുറവൂർ വടക്ക് വില്ലേജായിരുന്ന പ്രദേശത്ത് പടിഞ്ഞാറ് തഴുപ്പ് കായലിൽനിന്ന് കിഴക്ക് ഉളവെപ്പ് കായലിലേക്ക് ഗതാഗതത്തിന് ഒരു തോട് കുഴിക്കുകയും കുത്തിയതോട് രൂപപ്പെടുകയും ചെയ്തു. കാലക്രമേണ ഈ പ്രദേശം കുത്തിയതോട് ഗ്രാമമായി മാറുകയുണ്ടായി. 1109 മകരം 5ന് ഹരിജനോദ്ധാരണ ഫണ്ട് ഏറ്റുവാങ്ങുന്നതിനായി മഹാത്മജി കുത്തിയതോട്ടിൽ എത്തുകയും അന്നത്തെ താലൂക്ക് ബാങ്ക് കെട്ടിടത്തിൽ വിശ്രമിക്കുകയും ചെയ്തു. ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞ ആ സൗധം ഇപ്പോൾ ഗ്രാമപഞ്ചായത്തിന്റെ കാര്യാലയമായി തീർന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇതഃപര്യന്തമുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ആർജ്ജിക്കാനും കൂട്ടായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാനും കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതലപരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ പരിശീലനക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. ഓരോ വാർഡിലും നാല് അഞ്ച് സ്ക്വാഡുകളായി പ്രചരണവും ബോധവൽക്കരണവും നടത്തിയശേഷമാണ് വിശേഷാൽ ഗ്രാമസഭകൾ ചേർന്നത്. തുടർന്ന് ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെ ക്രോഡീകരണം നടന്നു. രണ്ടാംഘട്ട ത്രിദിന പരിശീലനത്തിനുശേഷം പഞ്ചായത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. തുടർന്ന് ഭൂപ്രകൃതി, ജലസ്രോതസ്സ്, മൺതരങ്ങൾ, നീർമറി എന്നിവ സംബന്ധിച്ച് പഠനപര്യടനവും വിലയിരുത്തലും നടക്കുകയുണ്ടായി. സെക്കണ്ടറി ഡാറ്റാ ശേഖരണത്തോടൊപ്പംതന്നെ വീടുവീടാന്തരമുള്ള സോഷ്യോ ഇക്കണോമിക്ക് സർവ്വേയും നടത്തപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങൾ വിവിധ സംഘടനകൾ വിവിധ സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവരുമായി ആശയവിനിമയം നടത്തുകയും

ചെയ്തു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ ആസൂത്രണപ്രക്രിയ അനായാസവും കുറ്റമറ്റതുമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ പഞ്ചായത്ത് ഭരണസമിതിയെ സഹായിക്കുന്ന ജോലിയാണ് വികസനസമിതിയിൽ നിക്ഷിപ്തമായിരുന്നത്.

## ഗ്രാമസഭകളിലെ പങ്കാളിത്തം

| വാർഡ് | | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|---|
| പങ്കാളിത്തം | സ്ത്രീ | 20 | 13 | 28 | 26 | 11 | 2 | 4 | 7 | 43 | 25 |
| | പു. | 93 | 84 | 82 | 80 | 125 | 107 | 58 | 121 | 135 | 42 |

ഭൂവിഭവ സംരക്ഷണ വികസന പരിപാലന പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് നവംബർ 19, 20, 21 തീയതികളിൽ പഠനപര്യടനങ്ങളും ദ്വിതീയ വിവരശേഖരണത്തിനുവേണ്ടി പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലും ആഴ്ചകൾ നീണ്ടുനിന്ന സർവ്വേകളും നടത്തുകയുണ്ടായി.

നവമ്പർ 1ന് പുനരർപ്പണദിനത്തിൽ പഞ്ചായത്തിലാരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ

1. 8-ാം വാർഡിൽ കുമ്പളങ്ങി റോഡിൽനിന്നും ഇരുമ്പൻചിറ കോളനിയിലേക്കുള്ള റോഡ് നിർമ്മാണം.
2. 9-ാം വാർഡിൽ കണ്ണാട്ടുകവലയിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡുനിർമ്മാണം രണ്ടാംഘട്ടം.

സാക്ഷരതാപ്രവർത്തനത്തിൽ 100 ശതമാനം സാക്ഷരത നേടിയ പഞ്ചായത്താണ് ആലപ്പുഴ ജില്ലയിൽ ഉന്നതമായ നിലയിൽ സാക്ഷരതാ പ്രവർത്തനം നടത്തിയ ചുരുക്കം ചില പഞ്ചായത്തുകളിൽ കുത്തിയതോട് പഞ്ചായത്ത് വളരെ മുന്നിലായിരുന്നു.

ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന പ്രശ്നങ്ങളും സാദ്ധ്യതകളും അടങ്ങിയ വികസനരേഖ അഭിമാനത്തോടെ സമർപ്പിക്കുകയാണ്.

# ഗ്രാമപഞ്ചായത്ത് പൊതുവിവരണം

## ഗ്രാമപഞ്ചായത്തിന്റെ പൊതുവായ ഒരു ചിത്രം താഴെ കൊടുക്കുന്നു

| | | |
|---|---|---|
| 1. പേര് | : | കുത്തിയതോട് |
| 2. ഗ്രേഡ് | : | 1 |
| 3. തപാലാഫീസ് | : | തുറവൂർ |
| 4. നിയോജക മണ്ഡലങ്ങൾ | : | 10 |
| 5. ബ്ലോക്ക് | : | പട്ടണക്കാട് |
| 6. ബ്ലോക്ക് ഡിവിഷനുകൾ | : | 5 കുത്തിയതോട് |
| | : | 6 പള്ളിത്തോട് |
| 7. താലൂക്ക് | : | ചേർത്തല |
| 8. ജില്ല | : | ആലപ്പുഴ |
| 9. ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | 2 തുറവൂർ |
| 10. അസംബ്ലി നിയോജക മണ്ഡലം | : | അരൂർ |
| 11. പാർലമെന്റ് നിയോജക മണ്ഡലം | : | ആലപ്പുഴ |
| 12. വിസ്തീർണ്ണം | : | 9.8 Sq. K.M. |
| 13. ജനസംഖ്യ (1991ലെ സെൻസസ്) | : | 21590<br>പു. 10664<br>സ്ത്രീ. 10926 |
| 14. പഞ്ചായത്ത് ഭരണ സമിതി ആഫീസ് | : | പാട്ടുകുളങ്ങര, തുറവൂർ (സ്വന്തം കെട്ടിടം) |
| 15. പ്രസിഡന്റ് | : | ശ്രീ. തിരുമല വാസുദേവൻ |
| 16. വൈസ് പ്രസിഡന്റ് | : | ശ്രീമതി ടി.എസ്. ഗിരിജാദേവി |
| 17. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. എം.എസ്. സുബ്രഹ്മണ്യൻപിള്ള |
| 18. അംഗങ്ങൾ | : | സർവ്വശ്രീ കെ. ധനേഷ്കുമാർ,<br>എം. കമാൽ,<br>എം.കെ. അബ്ദുൽ ഗഫൂർ,<br>കെ. ഇന്ദുമതീഭായി,<br>ടി. വിശ്വനാഥൻ,<br>മോളി സുഗുണാനന്ദൻ,<br>സെലിൻ സോളമൻ |

**കുത്തിയതോട് ഗ്രാമപഞ്ചായത്തിന് പ്രതിനിധീ കരിക്കുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങൾ**

1. ശ്രീ. കെ. രാജീവൻ
2. ശ്രീമതി ഭൈമി സദാശിവൻ

**കുത്തിയതോട് ഗ്രാമപഞ്ചായത്തിന് പ്രതിനിധീ കരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ**

1. ശ്രീ. ദിലീപ് കണ്ണാടൻ
2. ശ്രീമതി മേരിക്കുട്ടി തോമസ്

**കുത്തിയതോട് ഗ്രാമപഞ്ചായത്തിന് പ്രതിനിധീ കരിക്കുന്ന പാർലമെന്റ് അംഗം**

ശ്രീ. വി.എം. സുധീരൻ

**നിയമസഭാ അംഗം**

ശ്രീമതി കെ.ആർ. ഗൗരിഅമ്മ

**പഞ്ചായത്തിലെ മുൻ പ്രസിഡന്റുമാർ**

1. ശ്രീ. വി. നാരായണക്കമ്മത്ത്
2. ഡോ. കെ. പ്രഭാകരൻ
3. ശ്രീ. കെ. മുഹമ്മദാലി
4. ശ്രീ. എം.കെ.അബ്ദുൽ ഗഫൂർ

## വാർഡിലെ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം

| വാർഡ് | വീടുകൾ | ജനസംഖ്യ | പുരുഷൻ | സ്ത്രീ | SC | | ST | |
|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആൺ | പെൺ |
| I | 420 | 2156 | 1034 | 1122 | 77 | 76 | | |
| II | 523 | 2679 | 1331 | 1348 | 121 | 129 | | |
| III | 332 | 1573 | 772 | 801 | 70 | 88 | 24 | 24 |
| IV | 342 | 1622 | 782 | 840 | 75 | 75 | | |
| V | 370 | 1886 | 932 | 954 | 88 | 105 | | |
| VI | 344 | 1941 | 1037 | 904 | 45 | 36 | | |
| VII | 401 | 2007 | 979 | 1028 | 20 | 28 | | |
| VIII | 433 | 2039 | 960 | 1079 | 50 | 62 | | |
| IX | 532 | 2569 | 1279 | 1290 | 173 | 177 | | |
| X | 569 | 3118 | 1558 | 1560 | 128 | 118 | | |
| **ആകെ** | **4266** | **21590** | **10664** | **10926** | **847** | **894** | **24** | **24** |

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ
### (വിദ്യാഭ്യാസം സഹകരണം എന്നിവ ഒഴിച്ചുള്ളവ )

1. പോസ്റ്റ് ഓഫീസുകൾ 4
2. എക്സൈസ് റേഞ്ച് ഓഫീസ്
3. മൈനർ ഇറിഗേഷൻ ഓഫീസ്
4. സബ് രജിസ്ട്രാർ ഓഫീസ്
5. വില്ലേജ് ഓഫീസ്
6. വെറ്റിനറി ഹോസ്പിറ്റൽ
7. ടെലിഫോൺ എക്സ്ചേഞ്ച്
8. സബ് ട്രഷറി
9. ഐ.സി.ഡി.എസ്. ഓഫീസ്
10. കൃഷിഭവൻ
11. റെയിൽവേ സ്റ്റേഷൻ, തുറവൂർ
12. വി.ഇ.ഒ. ഓഫീസ്
13. അമാൽഗം ഫുഡ്സ്
14. ഹിഗാഷിമാരു ഫീഡ്സ്
15. കയർ ഇൻസ്പെക്ടറുടെ ഓഫീസ്
16. കൃഷി. അസി. ഡയറക്ടറുടെ ഓഫീസ്
17. സിൽക്ക് ജനറൽ എഞ്ചിനീയറിംഗ് വർക്ക്സ്
18. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, തുറവൂർ
19. പി.എച്ച്.സി., പള്ളിത്തോട്

# ഭരണപരമായ ചരിത്രം

പടിഞ്ഞാറ് അറബിക്കടലും വടക്ക് കുത്തിയതോടും ചങ്ങരം തോടും, കിഴക്ക് തോണിത്തോടും തെക്ക് തുറവൂർ തൈക്കാട്ടുശ്ശേരി റോഡിന്റേയും തുറവൂർ കുമ്പളങ്ങി റോഡിന്റേയും ഭാഗങ്ങളും ചാവടി പള്ളിത്തോട് റോഡും അതിരിട്ടു നില്ക്കുന്ന കുത്തിയതോട് പ്രദേശത്തിന്റെ ആദ്യകാല നാമം തുറവൂർ വടക്ക് എന്നായിരുന്നു. തുറവൂർ എന്ന പേര് സുരപുരി എന്ന സംസ്കൃതപദത്തിൽ നിന്നും ഉണ്ടായതാണെന്നു പറയപ്പെടുന്നു. സുരപുരി എന്നാൽ ദേവന്മാരുടെ നാട് എന്നാണ്. അറബിക്കടലിനും വേമ്പനാട്ടുകായലിനും ഇടയ്ക്കുള്ള ഈ ഭൂപ്രദേശം നൂറ്റാണ്ടുകൾക്ക് മുമ്പ് കടൽ വെച്ചുണ്ടായതാണെന്നാണ് ഗവേഷകരുടെ മതം. ഇവിടത്തെ മണ്ണിന്റെ ഘടന ആ നിഗമനത്തിന് ഊന്നൽ നല്കുന്നതാണ്. മേൽത്തട്ടിൽ കാണുന്ന മണലിന്നടിയിൽ ഉറപ്പായ ചെളിത്തട്ടും അതിന്നടിയിൽ പലതരം കക്ക സമൃദ്ധമായ മണൽത്തട്ടും അതിനുതാഴെ ചെളിത്തട്ടും പിന്നീട് നല്ല മണൽത്തട്ടും കാണുന്നു. കാലങ്ങൾകൊണ്ട് രൂപപ്പെട്ടതാണ് ഈ ഭൂപ്രദേശം എന്ന നിഗമനത്തിലെത്താൻ ഇതു സഹായിക്കുന്നു.

പഞ്ചായത്തുകൾ രൂപീകരിച്ച കാലത്തിനു മുമ്പ് തുറവൂർ വടക്കു വില്ലേജ് എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം തെക്ക് തുറവൂർ മുതൻ വടക്ക് ചമ്മനാട്ടുവരെ ഉൾപ്പെട്ടതും ഇന്നത്തെ കുത്തിയതോട് പഞ്ചായത്തും കോടംതുരുത്ത് പഞ്ചായത്തും ഉൾക്കൊള്ളുന്നതുമായ പ്രദേശമാണ്. ഗതാഗതത്തിന് ജലയാനങ്ങളെയാണ് പണ്ട് ആശ്രയിച്ചിരുന്നത്. പടിഞ്ഞാറ് തഴപ്പു കായലിനെ വേമ്പനാട്ടു കായലുമായി ബന്ധിപ്പിക്കുന്ന ഒരു ജലപാത ഉണ്ടായാൽ ജലമാർഗ്ഗമുള്ള ഗതാഗതം സുഗമമായി തീരുമെന്ന് കണ്ട് ഏതാണ്ട് 100 കൊല്ലങ്ങൾക്കുമുമ്പ് ഈ ജലാശയങ്ങളെ ബന്ധിപ്പിക്കുന്ന ഒരു തോട് കരപ്രദേശം കുത്തി ഉണ്ടാക്കിയെന്നാണ് ഇന്ന് ജീവിച്ചിരിക്കുന്ന പ്രായമായവരിൽനിന്നും അറിയുന്നത്. കാർഷികോൽപന്നങ്ങൾ കൊണ്ടുപോകുന്നതിനും ഗതാഗതത്തിനും ഫലപ്രദമായ ഈ തോടിന്റെ ആവിർഭാവത്തോടുകൂടി കൂടുതൽ വികസനം സാദ്ധ്യമാകുകയും തോടിന്റെ ഇരുകരകളിലും വ്യാപാരകേന്ദ്രങ്ങൾ ഉണ്ടാകുകയും ചെയ്തതോടുകൂടിയാണ് ഈ പ്രദേശത്തിന് കുത്തിയതോട് എന്ന് പേരുണ്ടായത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ഈ പഞ്ചായത്ത് പ്രദേശത്തുനിന്നും ധാരാളം ചെറുപ്പക്കാർ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭണങ്ങളിൽ പങ്കാളികളായിട്ടുണ്ട്. എന്നാൽ ശക്തമായ ഒരു സമരനിര രൂപീകരിക്കുവാൻ 1938 മുതൽ പ്രവർത്തനങ്ങൾ നടന്നെങ്കിലും 1942ലെ ക്വിറ്റ് ഇന്ത്യ സമരം നടന്നതോടുകൂടിയാണ് കോൺഗ്രസ്സ് സംഘടന ഈ പ്രദേശത്ത് രൂപം കൊണ്ടത്. ഇന്നു കുത്തിയതോട് പഞ്ചായത്ത് ഇരിക്കുന്ന കെട്ടിടം ചേർത്തല താലൂക്ക് സഹകരണ ബാങ്ക് എന്ന സ്ഥാപനത്തിന്റേതായിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് തിരുവിതാംകൂർ സന്ദർശിച്ച മഹാത്മാഗാന്ധി മലയാളം 1109 മകരമാസം 5-ന് (18 -1 -1934) ഒരു ദിവസം അന്തിയുറങ്ങിയത് ഇന്ന് പഞ്ചായത്ത് പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു എന്നുള്ളത് ഇന്നാട്ടിലെ ജനങ്ങൾ അഭിമാനപൂർവ്വം ഓർമ്മിക്കുന്നു. ഇന്നാരും അറിയപ്പെടാത്ത ഇടമുറിയിൽ കേശവൻനായർ എന്ന സ്വാതന്ത്ര്യഭടൻ ഗാന്ധിജി നയിച്ച ദണ്ഡിയാത്രയിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചതായി പറയപ്പെടുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ വീറുറ്റ പോരാട്ടത്തിന്റെ ഫലമായി ബ്രിട്ടീഷുകാർ ഇന്ത്യ വിടുവാൻ നിർബന്ധിതരായി. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കുവാൻ തീരുമാനിച്ച ബ്രിട്ടീഷ് സർക്കാർ ഇന്ത്യയെ മതാധിഷ്ഠിതമായി വിഭജിച്ചുകൊണ്ടും നാട്ടുരാജ്യങ്ങളെ നിലനിർത്തിക്കൊണ്ടും ഇന്ത്യയെ ദുർബലമാക്കാനുള്ള കുടിലതന്ത്രങ്ങൾ ആവഷ്കരിച്ചുകൊണ്ടാണ് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയത്. ഇതിന്റെ പശ്ചാത്തലത്തിൽ സ്വതന്ത്ര നാട്ടുരാജ്യം എന്ന ആശയത്തെ എതിർത്തുകൊണ്ടുള്ള പോരാട്ടങ്ങൾ പല നാട്ടുരാജ്യങ്ങളിലും നടക്കുകയുണ്ടായി. ഇത് തിരുവിതാംകൂറിലും ശക്തമായ സമരങ്ങൾക്കു കാരണമായി.

തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി നിലനിർത്തുവാൻ അന്നത്തെ ദിവാനായിരുന്ന സി.പി.

രാമസ്വാമി അയ്യരെടുത്ത ദേശീയവിരുദ്ധ നിലപാടിനെതിരായി തൊഴിലാളിവർഗ്ഗം മുൻനിരയിൽ നിന്നു നയിച്ച സമരമായിരുന്നു പുന്നപ്ര വയലാർ സമരം. അന്നു സുസംഘടിതരായിരുന്ന കയർ ഫാക്ടറി തൊഴിലാളികളും കർഷക തൊഴിലാളികളും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഹ്വാനം അനുസരിച്ച് രാജവാഴ്ചയ്ക്കും ദിവാൻ ഭരണത്തിനും എതിരായ ഉത്തരവാദഭരണത്തിനുവേണ്ടി 1946 ഒക്ടോബർ 22ന് ആരംഭിച്ച സമരത്തിൽ കുത്തിയതോട് പഞ്ചായത്തിൽനിന്നും ഒട്ടേറെപ്പേർ പങ്കെടുത്തു.

പഞ്ചായത്തിൽ ആദ്യത്തെ സ്ക്കൂൾ സ്ഥാപിതമായിട്ട് ഒരു നൂറ്റാണ്ട് ആയിട്ടുണ്ട്. ഏഴാംക്ലാസുവരെയുണ്ടായിരുന്ന തുറവൂർ സർക്കാർ പള്ളിക്കൂടമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ. ഇന്ന് തുറവൂർ വെസ്റ്റ് യു.പി. സ്ക്കൂൾ എന്നറിയപ്പെടുന്നു. ആദ്യമായി സ്ഥാപിതമായ ഹൈസ്ക്കൂൾ തുറവൂർ ടി.ഡി. ഹൈസ്ക്കൂൾ ആണ്. 70 കൊല്ലം മുമ്പ് സ്ഥാപിതമായ ഈ ഹൈസ്ക്കൂൾ ചേർത്തല താലൂക്കിലെ രണ്ടാമത്തെ ഹൈസ്ക്കൂൾ ആണ്. ഇന്ന് അത് ഹയർ സെക്കണ്ടറി സ്ക്കൂൾ ആയി ഉയർത്തപ്പെട്ടിട്ടുണ്ട്. ആദ്യമായി ചേർത്തല താലൂക്കിൽ സ്ഥാപിച്ച അദ്ധ്യാപക പരിശീലനകേന്ദ്രവും തുറവൂർ ടി.ഡി. ഹൈസ്ക്കൂളിനോട് ചേർന്ന് ഇന്ന് പ്രവർത്തിക്കുന്ന തുറവൂർ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാണ്. ടി.ഡി. ഹൈസ്ക്കൂളിനോട് ചേർന്ന് ആരംഭിച്ച പ്രൈമറി സ്ക്കൂൾ പിന്നീട് സർക്കാരിനു വിട്ടുകൊടുക്കുകയുണ്ടായി.

കാലക്രമത്തിൽ നാലുകുളങ്ങര ക്ഷേത്രപരിസരത്ത് നാട്ടുകാരുടെ ശ്രമഫലമായി ഒരു പ്രൈമറി സ്ക്കൂൾ നിർമ്മിച്ച് 1950ൽ സർക്കാരിന് വിട്ടുകൊടുത്തു. ആ സ്ക്കൂൾ 1991ൽ യു.പി. സ്ക്കൂളായി ഉയർത്തി പള്ളിത്തോട് പള്ളിയങ്കണത്തിൽ ഒരു പ്രൈമറി സ്ക്കൂൾ പള്ളിക്കാര്യത്തിൽനിന്നു തുടങ്ങുകയും 1964ൽ അതിനോടുചേർന്ന് ഹൈസ്ക്കൂൾ പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഈ സ്ക്കൂളിന്റെ പ്രവർത്തനത്തോടെ മൽസ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസത്തിന് ഒരു പുത്തൻ ഉണർവുണ്ടായി.

ഗ്രന്ഥശാല പ്രസ്ഥാനവും നമ്മുടെ നാടിന്റെ നവോത്ഥാനത്തിന് ഈടുറ്റ സംഭാവനകൾ നല്കിയിട്ടുണ്ട്. നരസിംഹവിലാസം ഗ്രന്ഥശാല, ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല എസ്.എൻ.പി. എന്ന പബ്ലിക് ലൈബ്രറി, ഈരയിൽ പരമേശ്വരൻ മെമ്മോറിയൽ ലൈബ്രറി എന്നിവ പല കാലങ്ങളിലായി സ്ഥാപിതമായി. ഇതിൽ ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല പഞ്ചായത്ത് ഏറ്റെടുത്തതാണ് ഇന്നത്തെ പഞ്ചായത്ത് ലൈബ്രറിയായി പ്രവർത്തിക്കുന്നത്. കഴിഞ്ഞ 10 കൊല്ലത്തിലേറെയായി ഈരയിൽ പരമേശ്വരൻ മെമ്മോറിയൽ ലൈസബ്രറി പ്രവർത്തനരഹിതമാണ്. കുണ്ടംപോഴി കോളനി നിവാസികൾ കുറച്ചു വർഷം മുമ്പ് സ്ഥാപിച്ച ഗ്രന്ഥശാലയും പ്രത്യേകം പറയേണ്ടതാണ്.

സഹകരണരംഗത്ത് ഈടുറ്റ സംഭാവനകൾ നല്കിയ ചരിത്രമാണ് ഈ നാടിനുള്ളത്. ചേർത്തല താലൂക്കുമുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള താലൂക്ക് ബാങ്ക് എന്ന സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാനം കുത്തിയതോട് ആയിരുന്നു. കൊള്ളപ്പലിശക്കാരിൽനിന്നും കുണ്ടകക്കാരിൽനിന്നും മോചനം നേടുന്നതിനുള്ള കൂട്ടായ യജ്ഞം വർഷങ്ങൾക്കുമുമ്പേ ഈ നാട്ടിൽ ആരംഭിച്ചു. അതിന്റെ സത്ഫലങ്ങളാണ് പരസ്പര സഹായ സംഘങ്ങളായി ആരംഭിച്ച് ഇന്ന് സർവ്വീസ് സഹകരണ ബാങ്കുകളായി പ്രവർത്തിക്കുന്ന പറയകാട് സർവ്വീസ് സഹകരണബാങ്ക്, പള്ളിത്തോട് സർവ്വീസ് സഹകരണബാങ്ക്, തുറവൂർ പടിഞ്ഞാറ്റുകര സർവ്വീസ് സഹകരണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങൾ സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് അർബൻ ബാങ്ക്. ഒരു പരിധിവരെ കൊള്ളപ്പലിശക്കാരിൽനിന്ന് മോചനം നല്കുവാൻ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം സഹായകമായിട്ടുണ്ട്. പിൽക്കാലത്ത് കയർമേഖലയും വ്യവസായ മേഖലയിലും ചില സഹകരണ സ്ഥാപനങ്ങൾക്ക് രൂപം കൊടുത്തെങ്കിലും പ്രവർത്തനരംഗത്ത് ഈടുറ്റ സംഭാവന നല്കുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല.

പുരാതനമായ ഒട്ടേറെ ആരാധനാലയങ്ങൾ ഈ നാടിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന് ഏറെ സംഭാവന നല്കിയിട്ടുണ്ട്. അതിപുരാതനമായ ആമേടത്തുകാവ് ക്ഷേത്രം പാട്ടുകുളങ്ങര ക്ഷേത്രം, ഇളംകുറ്റി ധർമ്മശാസ്താക്ഷേത്രം നാലുകുളങ്ങര ക്ഷേത്രം, എന്നീ പുരാതന ക്ഷേത്രങ്ങളുടെ സ്ഥാപനകാലത്തെപ്പറ്റി വ്യക്തമായ രേഖകൾ കിട്ടാനില്ല. അവയെല്ലാം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. 700 വർഷത്തിലേറെ പഴക്കമുണ്ടെന്നു വിശ്വസിക്കുന്ന നാലുകുളങ്ങര ക്ഷേത്രം തുരുത്തിക്കാട്ടു കർത്താക്കന്മാർ ആരാധനയ്ക്കുവേണ്ടി ഈഴവസമുദായത്തിനെ ഏല്പിക്കുകയും 58 വർഷങ്ങൾക്കുമുമ്പ് ഇന്നത്തെ നിലയിൽ ക്ഷേത്രം പുതുക്കിപണിത് പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്തതാണ്. ഈ ക്ഷേത്രങ്ങൾക്കുപുറമെ 100 വർഷത്തിലേറെ പഴക്കമുള്ള കൈനിക്കര കുടുംബക്ഷേത്രം തിരുമല ദേവസ്വം അർത്തികുളങ്ങര എന്നീ ക്ഷേത്രങ്ങളും

ഈ നൂറ്റാണ്ടിൽതന്നെ പണികഴിപ്പിച്ചിട്ടുള്ളതും ആകുന്നു. നാളികാട്ടു രാമകുമാരക്ഷേത്രം പഴുക്കാട്ടു ക്ഷേത്രം എന്നിവ യാണ് ഹൈന്ദവ ആരാധനാലയങ്ങൾ.

300 കൊല്ലത്തിലേറെ പഴക്കമുള്ള പൊൻപുറം പള്ളി, ഒരു നൂറ്റാണ്ടിനുമുമ്പു കച്ചുകാരായ കച്ചിമേമൻ എന്നറിയ പ്പെടുന്ന മുസ്ലീങ്ങൾ സ്ഥാപിച്ച കുത്തിയതോട് പള്ളി എന്നീ പുരാതന മുസ്ലീം ദേവാലയങ്ങൾക്കു പുറമെ പുതുതായി നിർമ്മിച്ച സലഫീ മസ്ജിദും 3 തക്യാവുകളുമാണ് മുസൽമാൻമാരുടെ ആരാധനാലയങ്ങൾ.

ഏതാണ്ട് 80 കൊല്ലങ്ങൾക്കു മുൻപ് സ്ഥാപിതമായ പള്ളിത്തോട് പള്ളിയാണ് ഈ നാട്ടിലെ പഴക്കം ചെന്ന ക്യസ്തീയദേവാലയം അതിനുമുൻപ് ഈ നാട്ടിലെ ക്രിസ്ത്യാനികളുടെ പ്രധാനദേവാലയം മനക്കോടം പള്ളി യായിരുന്നു. പിന്നീട് സ്ഥാപിതമായ ഈഴത്തെരുവിലെ മരിയ പുരം പള്ളിയും, കുത്തിയതോട്ടിലെ മുണ്ടംകാട്ട് പള്ളി യുമാണ് മറ്റു ക്യസ്തീയദേവാലയങ്ങൾ.

വിവിധ സമുദായങ്ങളുടെ ഈ ദേവാലയങ്ങളെല്ലാം സാംസ്ക്കാരിക പുരോഗതിക്കും മതസൗഹാർദ്ദത്തിനും സഹായകമായി പ്രവർത്തിക്കുന്നു എന്നുള്ളത് എടുത്തു പറയാവുന്ന വസ്തുതയാണ്.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ഈ നാടിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിയെ ഏറ്റവും സ്വാധീനിച്ച കാർഷികപരിഷ്കരണനിയമം ജന്മി കുടിയാൻ ബന്ധത്തിനു സമൂലമാറ്റം വരുത്തി. അന്നോളം നിലനിന്നുവന്ന സാമൂഹ്യ ഉച്ചനീചത്വത്തിന് ഒരു പരിധിവരെ അറുതി വരുത്തുവാൻ ഈ നിയമം സഹായകമായി.

സ്വാതന്ത്ര്യസമരത്തിനുശേഷം കേരളംകണ്ട ഏറ്റവും വലിയ ജനകീയ മുന്നേറ്റമായിരുന്ന സാക്ഷരതാ പ്രസ്ഥാനത്തിന് ഈനാട് മഹത്തായ സംഭാവനകൾ നല്കി യിട്ടുണ്ട്. 110 കേന്ദ്രങ്ങളിലായി പ്രവർത്തിച്ച ഇരുന്നൂറോളം സന്നദ്ധപ്രവർത്തകരുടെ നിസ്വാർത്ഥമായ സേവനം കൊണ്ട് പഞ്ചായത്തിൽ 100 ശതമാനം സാക്ഷരത കൈവരിക്കാൻ കഴിഞ്ഞു.

രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക ശാസ്ത്രീയ മണ്ഡലങ്ങളിൽ പ്രമുഖരായ പല സമുന്നത വ്യക്തികളും ഈ നാടിന്റെ സംഭാവനയായുണ്ട്. രാജഭരണകാലത്ത് ജന്മിമാരുടെ പ്രതിനിധിയായി മഹാരാജാവ് നോമിനേറ്റ് ചെയ്ത് എം.എൽ.സി. ആയി പ്രവർത്തിച്ചിട്ടുള്ള ദിവംഗതനായ കൈനിക്കര എൻ. മാധവൻ നമ്പൂതിരി, എം.എൽ.എ. ആയിരുന്ന പള്ളിത്തോട് പറയകാട്ടിൽ ശ്രീ. പി.പി. വിൽസൺ, 1948 52 കാലത്ത് എം.എൽ.എ. ആയിരുന്ന ദിവംഗതനായ പാലപ്പറമ്പിൽ ശ്രീ. പി.കെ. രാമൻ എന്നിവർ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിലെ പ്രമുഖ വ്യക്തികളായിരുന്നു. പള്ളിത്തോട് പറയകാട്ടിൽ ശ്രീ പി.ബി. അഗസ്റ്റിൻ അറിയപ്പെടുന്ന ഒരു കലാകാരനാണ്. ശ്രീ. അഗസ്റ്റിൻ ജോസഫിന്റെ സുപ്രസിദ്ധമായ മിശിഹാ ചരിത്രത്തിലെ മിശിഹയായി ദീർഘകാലം രംഗത്ത് നിറഞ്ഞുനിന്നിരുന്ന ഈ 84 കാരൻ തന്റെ വിശ്രമജീവിതം നാണയശേഖരണം ഹോബിയായി സ്വീകരിച്ചിരിക്കുന്നു. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള, പല രാജ്യങ്ങളിലേയും നാണയങ്ങൾ അദ്ദേഹത്തിന്റെ ശേഖരത്തിലുണ്ട്. എറണാകുളത്തു നടന്ന നാണയപ്രദർശനത്തിൽ സമ്മാനാർഹമായ നാണയശേഖരമാണ് ശ്രീ. അഗസ്റ്റിന്റേത്.

തട്ടാപറമ്പ് മഠത്തിൽ ഡോ. രാമസ്വാമി ഹരിഹരഅയ്യർ നമ്മുടെ പഞ്ചായത്തിൽനിന്നും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പ്രശസ്തസേവനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു മഹാനായ ശാസ്ത്രജ്ഞനാണ്. അമേരിക്കയിലെ FURDUE യൂണിവേഴ്സിറ്റിയിൽ നിന്ന് 1966ൽ ഡോക്ടറേറ്റ് ലഭിച്ച ശ്രീ. അയ്യർ BARC - യിൽ റേഡിയോ കെമിസ്ട്രി മേധാവി, പ്രൊഫസർ, കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസർ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ഇന്റർനാഷണൽ ആറ്റോമിക് ഏജൻസിയിൽ എക്സ്പർട്ടായി സിറിയ, ജോർജിയ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു.

സാഹിത്യപ്രവർത്തനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഡി.ഐ.ജി., ചാത്തംവേലിൽ ശ്രീ. അബ്ദുൾ ഹമീദ്, പത്രപ്രവർത്തകനും സാഹിത്യകാരനുമായ ശ്രീ. ചേർത്തല സലിം, എന്നിവർ സാഹിത്യപ്രവർത്തന രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമായി നിലകൊള്ളുന്നു. ചിപ്പികളുടെയും ശംഖുകളുടേയും വിപുലമായ ശേഖരം സ്വന്തമാക്കിയിട്ടുള്ള ദിലീപ് നിലയത്തിൽ ശ്രീ. ചന്ദ്രശേഖരപ്പണിക്കരും നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമാണ്.

കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക മേഖലകളിലെ ചേതസ്സുറ്റ മാറ്റങ്ങൾക്ക് നിർണ്ണായകമായ പങ്കുവഹിച്ച പ്രദേശമാണ് കുത്തിയതോട് ഗ്രാമപഞ്ചായത്ത്. ഈ നാടിന്റെ ഇന്നിന്റെ വെല്ലുവിളികളെ നേരിടുവാൻ അനുഭവ പാഠങ്ങളുടെ സമ്പന്നമായ ഭൂതകാലത്തിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ട് നമുക്ക് മുന്നേറാം. ■

4.1

# കൃഷിയും ജലസേചനവും

## കൃഷി

പടിഞ്ഞാറ് അറബിക്കടലും കിഴക്ക് തോണിത്തോടും വടക്ക് കുത്തിയതോട് തോട്, വല്ലേത്തോട്, ചങ്ങരംതോട്, ചാപ്പക്കടവ്, ഇവയും തെക്ക് തുറവൂർ തൈക്കാട്ടുശ്ശേരി റോഡ്, ദേശതോടുവരെയുള്ള തുറവൂർ കുമ്പളങ്ങി റോഡിന്റെ ഭാഗം, അറയ്ക്കൽ തോട്, കരേത്തോട്, ചാവടിപ്പാലം മുതൽ പടിഞ്ഞാറോട്ടുള്ള പള്ളിത്തോട് റോഡ് ഇവയും അതിരിട്ടു കിടക്കുന്ന ഈ ഭൂപ്രദേശത്തിന് 985.46 ഹെക്ടർ വിസ്തീർണ്ണമുണ്ട്.

ഇതിൽ 271.48 ഹെക്ടർ നിലവും 639.08 ഹെക്ടർ പുരടിയവും 5.0 ഹെക്ടർ പുറമ്പോക്കും 20 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശും ആകുന്നു.

കടലിനോടു ചേർന്ന് മണലും അതിനുകിഴക്ക് പള്ളിത്തോട് പൊഴിച്ചാൽ വരെ ചെളി കലർന്ന മണലും പിന്നെ പൊഴിച്ചാലും അതിനു കിഴക്ക് ചെളി ചേർന്ന കരിനിലങ്ങളും അതിനു കിഴക്ക് ചെളി കലർന്ന മണ്ണും ആകുന്നു. 2, 3, 4 വാർഡുകളെ 1 ാം വാർഡിൽനിന്നും വേർതിരിച്ചുകൊണ്ട് തെക്കുവടക്കായി കടന്നുപോകുന്ന NH47ൽ നിന്നും പടിഞ്ഞാറോട്ട് ശരാശരി 300 മീറ്ററും കിഴക്കോട്ട് ശരാശരി 250 മീറ്ററും വീതിയിൽ മണൽപ്രദേശമാണ്. 1 ാം വാർഡിന്റെ ശേഷിച്ച കിഴക്കുഭാഗം മണലും ചെളിയും കലർന്ന കരഭൂമിയും നിലങ്ങളും ചതുപ്പുകളും തോടുകളും ഇടകലർന്ന പ്രദേശവുമാകുന്നു.

ഈ പഞ്ചായത്തിൽപെടുന്ന തോടുകളുടെ ഒരു ലിസ്റ്റ് പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1**

തോടുകളെപ്പറ്റിയുള്ള വിവരങ്ങൾ

| ക്രമ നമ്പർ | തോടിന്റെ പേര് | നീളം | വീതി | ചേരുന്ന സ്ഥലം |
|---|---|---|---|---|
| 1. | തോണിത്തോട് | 1500 m | 4m | കുത്തിയതോട് |
| 2. | ദേശത്തോട് | 1600m | 3m | കുറുമ്പികായൽ |
| 3. | അറക്കത്തോട് | 1400m | 6m | പള്ളിത്തോടു പൊഴിച്ചാൽ |
| 4. | കരേത്തോട് | 850m | 6m | ചങ്ങരംതോട് |
| 5. | നാമനാട്ട് തോട് | 800m | 7m | നാമനാട്ട് ചാൽ |
| 6. | നാമനാട്ട് ചാൽ | 1000 m | 30m | വല്യേത്തോട് |
| 7. | ചങ്ങരംതോട് | 600 m | 5m | പൊഴിച്ചാൽ |
| 8. | കുറുമ്പിച്ചാൽ | 1000 m | 60m | കുത്തിയതോട് |
| 9. | കുറുമ്പിത്തോട് (മുല്ലക്കര) | 1000 m | 5 m | കുത്തിയതോട് |
| 10. | പള്ളിത്തോട് | 1000 m | 25 m | പൊഴിച്ചാൽ |
| 11. | പള്ളിത്തോട് പൊഴിച്ചാൽ | 1500 m | 100 m | അന്ധകാരനഴി വഴി കടലിലേക്ക് |
| 12. | കന്നുതോട് | 1100 m | s | പൊഴിച്ചാൽ |

പഞ്ചായത്തിലെ പ്രധാന കൃഷികൾ നെല്ലും തെങ്ങും ആകുന്നു. നിലങ്ങൾ മുഴുവൻ ഒരുപ്പൂനിലങ്ങളാകുന്നു. പുരയിടങ്ങളിൽ ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, പയറ്, വാഴ, മരച്ചീനി, പച്ചക്കറികൾ, കുരുമുളക്, വെറ്റില, തീറ്റപ്പുല്ല്, കമുക്, ഇവയും കൃഷി ചെയ്യുന്നു. മാവ്, പ്ളാവ്, പുളി, പേര, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും കൃഷി ചെയ്യുന്നുണ്ട്.

ഈ മേഖലയിലെ ഭൂവിനിയോഗം സംബന്ധിച്ച വിവരം പട്ടിക 2ൽ ചേർത്തിരിക്കുന്നു.

### പട്ടിക. 2

വിള വിസ്തീർണ്ണവും ഉല്പാദനവും ഹെക്ടറിൽ

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|---|
| 1. | നെല്ല് ഒന്നാം വിള | 227.00 | 250 | 1125/കിലോഗ്രാം |
| 2. | പയർ | 5.00 | 5.00 | 1000 " |
| 3. | പച്ചക്കറികൾ | 25.00 | 7.5 | 3000 " |
| 4. | തെങ്ങ് | 639.98 | 16 | 2500 " |
| 5. | വാഴ | 60 | 120 | 2000 " |
| 6. | മരച്ചീനി | 3.5 | 17.5 | 5000 " |
| 7. | കുരുമുളക് | 1.60 | 1.6 | 1000 " |
| 8. | പ്ളാവ് | 4.00 | 24 | 6000 " |
| 9. | കശുമാവ് | 7.00 | 5.6 | 800 " |
| 10. | മാവ് | 7.00 | 35 | 5000 " |
| 11. | കവുങ്ങ് | 15.00 | 2.625 | 17,500/എണ്ണം |
| 12. | വെറ്റില | | | |

ആദ്യകാലത്ത് കാർഷികരംഗത്തെ ഏറ്റവും വലിയ വരുമാനമാർഗ്ഗം തെങ്ങായിരുന്നു. അന്ന് തെങ്ങുകൾ രോഗവിമുക്തവും മണ്ണ് ഫലപുഷ്ടിയുള്ളതും ആയിരുന്നു. കുടങ്ങളുപയോഗിച്ച് ജലസേചനം നടത്തിയിരുന്നു. കുളങ്ങൾ, തോടുകൾ, മട്ടലുകൾ എല്ലാം വർഷംതോറും മുടങ്ങാതെ വെട്ടുകയും അങ്ങനെ ലഭിച്ചിരുന്ന ജൈവസമൃദ്ധമായ മണ്ണ് തെങ്ങിന്റെ ചുവട്ടിലിടുകയും ചെയ്തിരുന്നു. ഉല്പാദനവും മെച്ചമയിരുന്നു.

തെങ്ങുരോഗം വർദ്ധിക്കുകയും, മണ്ണിൽ ജൈവാംശവും ഫലപുഷ്ടിയും കുറയുകയും രാസവളപ്രയോഗം വ്യാപിക്കുകയും ചെയ്തതോടെ കൃഷി തകർച്ചയിലേക്കുപതിച്ചു. ഓലമഞ്ഞളിപ്പ്, കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓല ചീയൽ, ചെമ്പൻചെല്ലിബാധ, ഓലപ്പുഴുബാധ, ചെല്ലിയാക്രമണം മുതലായവയാണ് ഈ പ്രദേശത്തു കാണുന്ന തെങ്ങുരോഗങ്ങൾ. പുതുതായി വയ്ക്കുന്ന തൈകൾപോലും കുലവരാറാകുമ്പോൾ മാറാരോഗം ബാധിക്കുന്ന സ്ഥിതിയായി. ഇതിനുപുറമേയാണ് ഓരുശല്യം വെള്ളം കെട്ടിനില്പ്, കൃഷിചെലവിന്റെ വർദ്ധനവ്, തൊഴിലിളികളുടെ ദൗർലഭ്യം തുടങ്ങിയവ. 85 ശതമാനം തെങ്ങുകളും രോഗബാധിതമായി കണക്കാക്കപ്പെടുന്നു. ഇതിൽ 50 ശതമാനത്തിലധികവും കാറ്റുവീഴ്ചയെന്ന മാറാരോഗത്തിനു വിധേയമാണ്. ശേഷിച്ചവ ഓലമഞ്ഞളിപ്പ്, കൂമ്പുചീയൽ, ഓലചീയൽ, ഓലപ്പുഴു ചെമ്പൻചെല്ലി എന്നിവ ബാധിച്ചതും. രോഗം, ഉല്പാദനക്ഷയം, നാളികേര വിപണിയുടെ പ്രശ്നങ്ങൾ എല്ലാം കൂടി ചേർന്നപ്പോൾ തെങ്ങുകൃഷിയിലുളള കർഷകന്റെ വിശ്വാസവും താല്പര്യവും നശിച്ചു. പ്രതീക്ഷ നല്കാൻതക്ക ഫലപ്രദമായ യാതൊരു സാമൂഹ്യ ഇടപെടലും ഈ രംഗത്തുണ്ടായില്ല. ഈ ഉദ്ദേശത്തോടെ ഉണ്ടായ കൂട്ടായ്മകളൊന്നും തന്നെ വിജയം കണ്ടില്ല. ചുരുക്കത്തിൽ തെങ്ങുകൃഷി ജനം ഉപേക്ഷിച്ച നിലയിലായി. തൊണ്ടഴുക്ക്, കയർ, ഓല, കള്ളുചെത്ത്, തുടങ്ങിയ അനുബന്ധ വ്യവസായങ്ങളും നാശത്തിലായി.

രണ്ടാംസ്ഥാനം നെൽകൃഷിക്കായിരുന്നു. കരിനിലങ്ങൾ, കരപ്പാടങ്ങൾ, വലിയ പാടം പാടശേഖരം ഇവയായിരുന്നു പ്രധാന നെൽകൃഷി പ്രദേശങ്ങൾ. കരപ്പാടങ്ങളിൽ ഒന്നിലും തന്നെ കൃഷി നടക്കുന്നില്ല. ഏറെയും നികത്തി തെങ്ങു നട്ടെങ്കിലും ഇപ്പോൾ തെങ്ങും നശിച്ചു, നെല്കൃഷിയും ഇല്ല. ചെലവ് വർദ്ധിച്ച് കൃഷി ലാഭകരമല്ലാതായതും കൈത്തോടുകൾ നികന്ന് ജലനിർഗ്ഗമന മാർഗ്ഗങ്ങളടഞ്ഞതും ആണ് കാരണമായി പറയുന്നത്.

വലിയപാടം പാടശേഖരങ്ങളിലും വർഷങ്ങളായി കൃഷി നടക്കുന്നില്ല. എഞ്ചിൻതറ സ്ഥാപിച്ച് അധികജലം പമ്പുചെയ്തുകളയാൻ സൗകര്യമില്ലാതെ വന്നതും ഓരു കയറ്റം തടയാൻ കഴിയാതെ വന്നതും കൃഷി ലാഭകരമല്ലാതായതും ആണ് ഈ ദുരവസ്ഥക്കു കാരണമായി പറയുന്നത്. ഇവിടെയും വളരെയേറെ നിലങ്ങൾ നികർത്തി തെങ്ങുവയ്ക്കുകയും തെങ്ങുകളെല്ലാം രോഗബാധിതമാകുകയും ചെയ്തു.

അടുത്തത് കരിനിലങ്ങളാണ്. ഈ പാടശേഖരങ്ങളായിരുന്നു ഈ പ്രദേശത്തിന്റെ നെല്ലറ. പ്രകൃതിയെ ആക്രമിച്ചുളള കൃഷിയാണ് ഇവിടെ നടന്നിരുന്നത്. കൃഷി ഒരുപ്പൂവാണ്. ആകെ 582 ഏക്കർ വിസ്തൃതി വരും. പമ്പിങ്ങ് സൗകര്യം വന്നതോടെ വിതനാശത്തിന് ഒരു ശമനം ഉണ്ടാകുകയും കൃഷിക്ക് അല്പം ഉണർവ്വുണ്ടാകുകയും

ചെയ്തു. പക്ഷേ ചെമ്മീൻ കൃഷി ആരംഭിച്ചതോടെ ഓരു ശല്യം ബാധിക്കുകയും കൃഷി ക്ഷയോന്മുഖമാവുകയും ചെയ്തു. ഒരിക്കൽ ഏക്കറിന് 200 പറ നെല്ലുവരെ കിട്ടിയിരുന്നത്, ഇന്ന് ശരാശരി 90 പറയായി കുറഞ്ഞു. ഓരുവെള്ളം കയറ്റി ചെമ്മീൻ കൃഷി തുടങ്ങിയതിനുശേഷം തുടർച്ചയായി ഉല്പാദനം മോശപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഉല്പാദനച്ചെലവ് കൂടിയതിനാലും കൃഷിപ്പണിക്ക് സമയത്ത് തൊഴിലാളികളെ കിട്ടാൻ വിഷമമായതിനാലും ചെമ്മീൻ കൃഷിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന് മുതൽമുടക്കില്ലാത്തതിനാലും മൽസ്യകൃഷി ഉപേക്ഷിച്ച് നെല്കൃഷിയെ രക്ഷിക്കാൻ കൃഷിക്കാരൻ മടിച്ചു നില്ക്കുന്നതായാണ് കാണുന്നത്. ഇതിന്റെ ആത്യന്തിക ഫലമാകട്ടെ എല്ലാ കൃഷിക്കും ദോഷവും. നെല്ല് നമ്മുടെ മുഖ്യവിള ആയതിനാലും ഈ പഞ്ചായത്തിൽ വേറെ നെല്കൃഷിക്ക് സൗകര്യമില്ലാത്തതിനാലും കൃഷിക്കു തകരാറു വരാത്തരീതിയിൽ മാത്രം മൽസ്യകൃഷി നടത്തുവാൻ കൃഷിക്കാരെ പ്രേരിപ്പിക്കുകയാണ് പൊതുതാല്പര്യത്തിന് അഭികാമ്യം. എന്തുകൊണ്ടെന്നാൽ അങ്ങനെ ആയാൽ അതു നെല്ലിനു മാത്രമല്ല തെങ്ങിനും മറ്റുകൃഷികൾക്കും കൂടി രക്ഷയായി ഭവിക്കും. അങ്ങനെ മൊത്തത്തിൽ ലാഭവും. ഈ കൃഷിക്കാർ താഴെ പറയുംപ്രകാരം നാലു കർഷകസംഘങ്ങളായിട്ടാണ് സംഘടിച്ചിട്ടുള്ളത്.

1. പള്ളിത്തോടു കരിനിലം കർഷകസംഘം
2. വലിയതടം കരിനിലം ,,
3. കൊച്ചുവാവക്കാട് നിലം ,,
4. വാവക്കാടു മുക്കാൽവീതം നിലം ,,

ഇനിയുള്ളത് പുരയിടകൃഷിയാണ്. ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, മരച്ചീനി, മധുരക്കിഴങ്ങ്, കൂർക്ക, തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും, വാഴ, പച്ചക്കറി തുടങ്ങിയവയും ഇതിൽപെടുന്നു. ഇടവിളയായും അല്ലാതെയും കൃഷി ചെയ്യുന്നുണ്ട്. അവരവരുടെ വീട്ടാവശ്യത്തിനും കൂടുതലും കൃഷി ചെയ്യാനുള്ള സ്ഥലസൗകര്യം എല്ലാ വീടുകളിലും ഉണ്ട്. രോഗകീടശല്യങ്ങളും ഈ കൃഷിക്കു കാണുന്നില്ല. മറ്റുജോലികളുടെ കൂട്ടത്തിൽ ചെയ്യാവുന്ന ഒരു പണിയുമാണ്. പുതിയ തലമുറയുടെ അധ്വാനത്തോടുള്ള മമതയില്ലായ്മയും വൈറ്റ് കോളർ താല്പര്യവുമല്ലാതെ മറ്റെരു കാരണവും ഇതിനു തടസ്സമായി പറയാനില്ല. ഇതിനെതിരെ ഒരു ബോധവൽക്കരണവും പ്രോത്സാഹനവും നല്കാവുന്നതാണ്.

പച്ചക്കറിക്കൃഷിക്കും പഞ്ചായത്തിലെ ഏറെ പ്രദേശങ്ങളും അനുയോജ്യമാണ്. വീട്ടാവശ്യത്തിനുള്ള കൃഷി ഭൂരിപക്ഷം വീടുകളിലും ചെയ്യാൻ സൗകര്യമുണ്ട്. എല്ലാ വീടുകളിലും ഓരോ അടുക്കളത്തോട്ടം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിച്ചാൽ പച്ചക്കറിയുടെ കാര്യത്തിൽ ഓരോ വീടിനും സ്വയംപര്യാപ്തതയിലെത്താൻ കഴിയും. കുറെയൊക്കെ മറ്റു പ്രദേശങ്ങളുടെ ആവശ്യത്തിന് വില്ക്കുവാനും കഴിയും.

മത്ത, വെള്ളരി, കുമ്പളം,ചീര, തണ്ണിമത്തൻ മുതലായ കൊണ്ടൽ കൃഷിയാണ് മറ്റൊരിനം. ഡിസംബർ മാസത്തോടെ കരപ്പാടങ്ങളിൽ ഇവയുടെ കൃഷി ആരംഭിക്കുന്നു. പാടങ്ങളിൽ വാരം പിടിച്ച് മരച്ചീനി, വാഴ തുടങ്ങിയതും കൃഷി ചെയ്യുന്നു. എള്ളും വയലിൽ ചെയ്യാവുന്ന കൃഷിയാണ്. സമയാസമയങ്ങളിൽ നല്ലയിനം വിത്തുകളും സാങ്കേതികോപദേശവും നല്കുകയും, വിപണി സൗകര്യങ്ങൾ സംഘടിപ്പിക്കുകയും ചെയ്താൽ വളരെ വിജയകരമായി ഇതു ചെയ്യാവുന്നതാണ്.

ഓണത്തിന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് നേന്ത്രക്കായ. പക്ഷേ ഈ കൃഷി വേണ്ടത്ര നടക്കുന്നില്ല. വാഴക്കന്നുകളുടെ അഭാവം ഇന്ന് ഒരു പ്രശ്നമാണ്. അതു പരിഹരിച്ചുകൊണ്ട് വാഴകൃഷിക്ക് പ്രത്യേകിച്ചും നേന്ത്രവാഴകൃഷിക്ക് പ്രവർത്തനം നടത്തേണ്ടതാണ്.

വലിയ പ്രശ്നങ്ങളില്ലാത്ത മറ്റൊരു കൃഷിയാണ് വെറ്റിലകൃഷി. ഈ പഞ്ചായത്തിൽ പലരും ഈ കൃഷി നന്നായി ചെയ്യുന്നുണ്ട്. ഇവരെ സംഘടിതപ്രവർത്തനത്തിലേക്ക് നയിച്ചാൽ കൂടുതൽ പ്രയോജനകരമായിരിക്കും.

കുറ്റിമുല്ല, കനകാംബരം, വെന്തി തുടങ്ങിയ പൂക്കൾക്ക് ഇന്നു നല്ല ഡിമാന്റുണ്ട്. ഇതു കഠിനമായ അധ്വാനമോ അധിക പണംമുടക്കോ ആവശ്യമില്ലാത്തതും സ്ത്രീകൾക്ക് വിശ്രമസമയം ഉപയോഗിച്ച് ചെയ്യാവുന്നതുമാണ്. കൂടാതെ ആന്തൂറിയം തുടങ്ങിയ പുഷ്പകൃഷിക്കും നല്ല സാദ്ധ്യതയുണ്ട്. പക്ഷേ പച്ചക്കറികൾ പോലെതന്നെ പൂക്കളും പുറത്തുനിന്നും വന്നിട്ടാണ് ഗ്രാമത്തിന്റെ ഉപയോഗം നടക്കുന്നത്.

ഭക്ഷ്യാവശ്യത്തിന് ഉതകുന്നതും വളരെയേറെ പോഷകമൂല്യമുള്ളതും കെട്ടിടത്തിനുള്ളിൽവെച്ച് നടത്താവുന്നതുമായ ഒരു കൃഷിയാണ് കൂൺകൃഷി. പക്ഷേ ആരും നടത്തുന്നില്ല.

ഭൂരിപക്ഷം വിടുകളിലും മരങ്ങൾ ഉണ്ടെങ്കിലും മരങ്ങളിലെല്ലാം കുരുമുളക് കൃഷി ചെയ്തുകാണുന്നില്ല.

സ്ഥലസൗകര്യമില്ലാത്തവർക്കും ടെറസ്സുകളിലും, ചട്ടികളിലും പോളിത്തീൻ കവറുകളിലും പച്ചക്കറികളും പൂച്ചെടികളും കൃഷി ചെയ്യാവുന്നതാണ്. പക്ഷേ വേണ്ടത്ര നടക്കുന്നില്ല.

ചട്ടികളിൽ ചെയ്യാവുന്ന കുറ്റി കുരുമുളകു കൃഷിക്കും പ്രചാരം കാണുന്നില്ല. ഔഷധസസ്യങ്ങൾക്കും ദൗർലഭ്യമുണ്ട്. കൃഷിക്ക് സൗകര്യമുണ്ട് പക്ഷേ കൃഷി കാര്യമായി നടക്കുന്നില്ല.

ഭൂരിപക്ഷം ജനങ്ങൾക്കും പത്തുസെന്റും അതിൽ താഴെയുമാണ് ഭൂമിയുള്ളത്. കൈവശഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കർഷകരെ താഴെപറയുംപ്രകാരം തിരിക്കാം.

| | |
|---|---|
| **നാമമാത്രകർഷകർ** | |
| (ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ) | 3285 |
| **ചെറുകിടകർഷകർ** | |
| (1, 2 ഹെക്ടർ ഭൂമിയുള്ള കർഷകർ) | 369 |
| **വൻകിടകർഷകർ** | |
| (3 ഹെക്ടറിനുമേൽ ഭൂമിയുള്ളവർ) | 9 |

*(കൃഷിഭവൻ രേഖപ്രകാരം)*

കൃഷി ചെയ്യാൻ വേണ്ടത്ര ഭൂമിയില്ലാത്ത വളരെയേറെ ജനങ്ങളുള്ളപ്പോൾത്തന്നെ 85.46 ഹെക്ടർ മാത്രം ഭൂമിയുള്ള ഈ പഞ്ചായത്തിൽ 5 ഹെക്ടർ പുറമ്പോക്കും 74 ഹേക്ടർ തരിശും ഉൾപ്പെടെയുള്ള 79 ഹെക്ടറിൽ കൃഷിയോഗ്യമായ 20 ഹെക്ടർ തരിശായി കിടക്കുകയാണ്. ഇത് ഒരു സാമൂഹ്യനഷ്ടമാണ്.

## പ്രശ്നങ്ങൾ

1. തെങ്ങിന്റെ കാറ്റുവീഴ്ചാരോഗത്തിന് ഇതുവരെ പ്രതിവിധി കണ്ടെത്തിയിട്ടില്ല.
2. വെള്ളം ഒഴുകിപ്പോകാതെ കെട്ടിനിന്നു കൃഷികൾ നശിക്കുന്നു.
3. എലികൾ നാളികേരം നശിപ്പിക്കുന്നു.
4. ഓരുവെള്ളം കയറി കൊണ്ടൽകൃഷി ഉൾപ്പെടെയുള്ള കൃഷികൾ നശിക്കുന്നു.
5. ഓലമഞ്ഞളിപ്പ്, ഓലപ്പുഴു, കൂമ്പുചീയൽ, ചെമ്പൻചെല്ലി, കാറ്റുവീഴ്ച എന്നിവമൂലം തെങ്ങുകൃഷി തകരുന്നു.
6. കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്കു വിറ്റഴിക്കാൻ പ്രയാസം. ഇടത്തട്ടുകാരെ ഒഴിവാക്കാൻ സംവിധാനമില്ല.
7. മണ്ണുപരിശോധന നടക്കുന്നില്ല.
8. മണ്ണിൽ ജൈവാംശം വളരെക്കുറവ്.
9. അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ ലഭിക്കുന്നില്ല.
10. തോടുകൾക്ക് നീരൊഴുക്കിനു ആവശ്യമായ ആഴമില്ല.
11. പാടശേഖരങ്ങൾ നികത്തി തെങ്ങുകൃഷി നടത്തുന്നു. വീടു വയ്ക്കുന്നു.
12. മൈനർ ഇറിഗേഷൻവകുപ്പിൽനിന്നും ബണ്ട് നിർമ്മിച്ച് ശുദ്ധജലം കെട്ടിനിർത്താത്തതിനൽ വരൾച്ച നേരിടുമ്പോൾ പാടശേഖരത്തിലേക്ക് ശുദ്ധജലം കയറ്റാൻ കഴിയുന്നില്ല.
13. കൃഷിഭൂമി തരിശുകിടക്കുന്നു.
14. ഉല്പാദനവും ഉല്പാദനക്ഷമതയും കുറയുന്നു.
15. കർഷകത്തൊഴിലാളികളെ കിട്ടാൻ വിഷമം.
16. ഓരും നീർക്കെട്ടും ജലമലിനീകരണവും കാരണം ശുദ്ധജലക്ഷാമം നേരിടുന്നു.
17. പച്ചക്കറികൾ അശാസ്ത്രീയമായ കീടനാശിനി പ്രയോഗത്താൽ ഭക്ഷ്യയോഗ്യമല്ലാതാകുന്നു.
18. മണ്ണൊലിപ്പ് വ്യാപകമാകുന്നു.
19. നല്ല നടീൽവസ്തുക്കൾക്ക് ക്ഷാമമുണ്ട്.
20. 30 സെന്റിൽത്താഴെ കൃഷിസ്ഥലമുള്ളവർക്കും അര എച്ച്.പി. പമ്പുസെറ്റുകൾക്കും സബ്സിഡി ലഭിക്കുന്നില്ല.
21. പ്രതിരോധശക്തിയും അത്യുൽപ്പാദനശേഷിയുമുള്ള തെങ്ങിൻതൈകൾ വേണ്ടത്ര ലഭിക്കുന്നില്ല.
22. തെങ്ങുരോഗകീടബാധകൾക്കെതിരെ ഫലപ്രദമായ പ്രതിരോധനടപടികൾ സ്വീകരിക്കാൻ കർഷകർക്ക് സാമ്പത്തികശേഷി പോര.
23. നെൽകൃഷി ലാഭകരമാകുന്നില്ല
24. കൃഷിഭവനിൽനിന്നു ലഭിക്കുന്ന സഹായങ്ങളും സാങ്കേതിക ഉപദേശവും അപര്യാപ്തമാണ്.
25. കിഴങ്ങുവർഗ്ഗകൃഷി വേണ്ടത്ര നടക്കുന്നില്ല.

26. ഔഷധസസ്യങ്ങൾക്ക് ക്ഷാമമുണ്ട്.
27. പൂക്കൾ അന്യനാട്ടിൽനിന്നുമാണ് കൊണ്ടുവരുന്നത്.
28. നൂതന സാങ്കേതികവിദ്യകളും കൃഷിസമ്പ്രദായങ്ങളും കർഷകനിലെത്താൻ വൈകുന്നു.
29. പഴവർഗ്ഗങ്ങൾ വേണ്ടത്ര ഉല്പാദിപ്പിക്കപ്പെടുന്നില്ല.
30. കാർഷികാവശ്യങ്ങൾക്കു വൈദ്യുതി കണക്ഷൻ കിട്ടാൻ കാലതാമസമുണ്ടാകുന്നു.
31. കാർഷികരംഗത്ത് ഫലപ്രദമായ സംഘടിത പ്രവർത്തനങ്ങളും ബോധവൽക്കരണ പരിശീലനങ്ങളും വേണ്ടത്ര ലഭിക്കുന്നില്ല. തീറ്റപ്പുല്ലിന് ക്ഷാമമുണ്ട്.

## സാദ്ധ്യതകൾ

1. കാറ്റുവീഴ്ച ബാധിച്ച എല്ലാ തെങ്ങുകളും വെട്ടിമാറ്റുവാൻ തെങ്ങൊന്നിന് 500 രൂപയെങ്കിലും നഷ്ടപരിഹാരം നല്കുകയും പകരം രോഗപ്രതിരോധശേഷിയും അത്യുൽപ്പാദനശേഷിയുമുള്ള തെങ്ങിൻതൈകൾ നല്കുകയും കായ്ഫലമാകുംവരെ കൃഷിച്ചെലവ് നല്കുകയും ചെയ്യണം. നാമമാത്രമായ പലിശയ്ക്ക് കായ്ഫലമായതിനുശേഷം തിരിച്ചടച്ചാൽ മതിയെന്ന വ്യവസ്ഥയിൽ വായ്പ നല്കുന്നതും കൊള്ളാം.
2. തെങ്ങുകൾക്ക് സൗജന്യനിരക്കിൽ മരുന്നുതളി പൂർണ്ണവും വ്യാപകവുമാക്കണം. സൗജന്യനിരക്കിൽ ജൈവരാസവളങ്ങൾ ലഭ്യമാക്കണം. ശാസ്ത്രീയമായ രാസവളകീടനാശിനി പ്രയോഗത്തിന് കർഷകന് പരിശീലനം നല്കണം.
3. ജൈവവളക്ഷാമം പരിഹരിക്കാൻ ജൈവവള സസ്യകൃഷി പ്രോൽസാഹിപ്പിക്കണം. കാലി, കോഴി, താറാവ് കൃഷി വ്യാപിപ്പിക്കണം.
4. കുളം, തോട്, മട്ടൽ ഇവ വെട്ടുന്നതിന് സബ്സിഡി നല്കണം. ഇത് തെങ്ങുകൃഷി മെച്ചപ്പെടുത്തും.
5. കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് തരിശുഭൂമി പാട്ടത്തിനു നല്കാൻ വ്യവസ്ഥയുണ്ടാക്കണം.
6. നീരൊഴുക്കിന്റെ തടസ്സംമാറ്റാൻ തോടുകളുടെ ആഴം വർദ്ധിപ്പിക്കുകയും നികന്നുപോകാതിരിക്കാൻ വശങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുകയും പ്രധാനതോടുകൾ കൈത്തോടുകളുമായി ബന്ധിപ്പിക്കുകയും തടസ്സമില്ലാത്ത നീരൊഴുക്ക് ഉറപ്പുവരുത്തുകയും വേണം.
7. സംഘടിതമായ എലിനശീകരണപ്രവർത്തനം എല്ലാ വർഷവും സംഘടിപ്പിക്കണം.
8. തോടുകളിലൂടെ ഓരുകയറി കൃഷി നശിക്കാതിരിക്കാൻ ആവശ്യമായ സ്ഥാനങ്ങളിൽ മുട്ടോ ചീപ്പോ സ്ഥാപിക്കണം.
9. പഞ്ചായത്തുതലത്തിൽ കർഷകർക്ക് ന്യായവില നല്കി ഉല്പന്നങ്ങൾ വാങ്ങി വിപണനം നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു കേന്ദ്രം ആരംഭിക്കണം.
10. ശാസ്ത്രീയമായ കൃഷിക്ക് കൃഷിഭവനിൽത്തന്നെ മണ്ണുപരിശോധനാസൗകര്യം ഉണ്ടാക്കണം അല്ലെങ്കിൽ മണ്ണു പരിശോധിക്കാൻ കർഷകർക്ക് പരിശീലനം നല്കണം.
11. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽവസ്തുക്കളും വിതരണം ചെയ്യാൻ കൃഷിഭവനിൽ സൗകര്യമുണ്ടാക്കണം.
12. കർഷകത്തൊഴിലാളി ക്ഷാമം ഇല്ലാതാക്കാൻ തൊഴിൽ പരിശീലനം നല്കുന്ന ഒരു കേന്ദ്രം ജില്ലാതലത്തിൽ സ്ഥാപിക്കണം.
13. മണ്ണൊലിപ്പ് തടയുന്നതിനുതകുന്ന സസ്യവൃക്ഷകൃഷി പ്രോൽസാഹിപ്പിക്കണം.
14. അര എച്ച്.പി. പമ്പുസെറ്റുകൾക്കും സബ്സിഡി അനുവദിക്കണം. എല്ലാത്തരം പമ്പുസെറ്റുകൾക്കും മൊത്തം ചെലവിന്റെ 50 ശതമാനം സബ്സിഡിയായി നല്കണം.
15. ഉദ്യോഗസ്ഥന്മാരുടെ കുറവുമൂലം വിദഗ്ദ്ധോപദേശം കർഷകനിൽ എത്തുന്നില്ല. കർഷകൻ കൃഷി ഉദ്യോഗസ്ഥനെ കണ്ടുപിടിച്ച് ഉപദേശം തേടൽ പ്രായോഗികവുമല്ല. അതിനാൽ കർഷകർക്ക് ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും പരിശീലനം നല്കാൻ സ്ഥിരം സംവിധാനം ഉണ്ടാവണം.
16. കിഴങ്ങുവർഗ്ഗകൃഷി, പുഷ്പകൃഷി, ഔഷധസസ്യകൃഷി, പഴവർഗ്ഗകൃഷി, പച്ചക്കറികൃഷി ഇവ വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം.
17. ഇടാവുന്ന മരങ്ങളിലെല്ലാം കുരുമുളകു കൃഷി നടത്താൻ ഒരു സമയബന്ധിതപരിപാടി

ആവിഷ്കരിക്കണം. ഭൂമിയില്ലാത്തവർക്കുൾപ്പെടെ ചട്ടികളിൽ കുറ്റിക്കുരുമുളക് കൃഷി ചെയ്യാൻ പ്രോൽസാഹിപ്പിക്കണം.

18. കൃഷിആവശ്യത്തിന് വൈദ്യുതി കണക്ഷൺ നല്കുന്നതിന് മുൻഗണന നല്കി കാലതാമസം ഒഴിവാക്കണം.

19. കർഷകരുടെ ഇടയിൽ കൂടുതൽ ഫലപ്രദമായ സംഘടനാരൂപങ്ങൾക്ക് ജന്മംനല്കണം.

20. തീറ്റപ്പുൽകൃഷി പ്രോൽസാഹിപ്പിക്കണം.

21. കൂൺകൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് പരിശീലനം നല്കണം.

22. ജൈവകീടനാശിനികളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കണം.

23. പുറംപോക്കുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വനവല്ക്കരണത്തിനായി സന്നദ്ധസംഘടനകൾ രൂപീകരിക്കണം.

24. കൃഷി വായ്പകൾ ഉദാരമാക്കുകയും പലിശ കുറക്കുകയും വേണം.

25. നികന്നുപോയിട്ടുള്ള പുറംപോക്കുതോടുകൾ പുനരുദ്ധരിച്ച് നീരൊഴുക്കിന്റെ തടസ്സം നീക്കണം.

26. കേരകർഷകർക്ക് സൗജന്യവൈദ്യുതി അനുവദിക്കണം.

27. വിള ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തി രോഗബാധയുള്ള തെങ്ങുകൾക്ക് ആനുകൂല്യം നല്കണം.

28. ജൈവവളദൗർലഭ്യം ഇല്ലാതാക്കാൻ എല്ലാ വീടുകളിലും കമ്പോസ്റ്റുകുഴികൾ ഉണ്ടാക്കാൻ പ്രോൽസാഹിപ്പിക്കണം.

29. വെറ്റിലകൃഷി പ്രോൽസാഹിപ്പിക്കാൻ ധനസഹായം നല്കണം.

30. നെൽകൃഷിക്കൊപ്പം ശുദ്ധജലമൽസ്യകൃഷി പ്രോൽസാഹിപ്പിക്കണം.

31. തെങ്ങിന്റെ അനുബന്ധവ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കണം.

32. വിത്തുല്പാദനകേന്ദ്രം സ്ഥാപിച്ച് വിത്തുകൾക്കുള്ള ക്ഷാമം പരിഹരിക്കണം.

33. നെൽകൃഷിക്കും ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തണം.

34. വിളമൽസരം സംഘടിപ്പിച്ച് കർഷകർക്ക് പ്രോൽസാഹനസമ്മാനം നല്കണം.

35. വാർഡുതലത്തിൽ കേരസംരക്ഷണസമിതി രൂപീകരിച്ച് കേരസംരക്ഷണപ്രവർത്തനങ്ങൾ നടത്തണം.

36. കൃഷിയിടങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം.

## ജലസേചനം

കുളങ്ങൾ, കിണറുകൾ, കുഴൽക്കിണറുകൾ, തോടുകൾ, കായലുകൾ ഇവയാണ് ഈ പഞ്ചായത്തിലെ ജലസേചനസ്രോതസ്സുകൾ

നീരൊഴുക്കിനും ഗതാഗതത്തിനും സഹായിക്കുന്ന 12 തോടുകൾ നമുക്കുണ്ട്. മൊത്തം 13350 മീറ്റർ നീളം വരും.

കൃഷിക്കാവശ്യമായ ചെളി, മണൽ, വിത്ത്, വളം, കാർഷികോപകരണങ്ങൾ, കാർഷികോൽപ്പന്നങ്ങൾ, ഇവയുടെ ഗതാഗതത്തിനും ജലനിർഗ്ഗമനത്തിനും ഈ തോടുകളുടെ ശൃംഖല പ്രയോജനപ്പെടുന്നു. തോടുകളെ പാർശ്വസംരക്ഷണം നല്കി നിലനിർത്തേണ്ടതും പാടശേഖരങ്ങളുടെ പുറംബണ്ടുകൾ സംരക്ഷിക്കേണ്ടതും, സ്ലൂയീസുകളുൾ കൾവർട്ടുകൾ തുടങ്ങിയവ സുരക്ഷിതമാക്കി നിലനിർത്തേണ്ടതും ഓരുകയറി കൃഷി നശിക്കാതിരിക്കാനും വെള്ളപ്പൊക്കം നിയന്ത്രിക്കാനും കൃഷിക്ക് സമയാസമയങ്ങളിൽ വെള്ളം കയറ്റിയിറക്കാനും അനിവാര്യമാകുന്നു.

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷികവ്യവസ്ഥയാണ് ഇവിടെ നിലനില്ക്കുന്നത്. മഴ കൂടുതൽ ലഭിക്കുന്നത് ജൂൺ, ജൂലായ് മാസങ്ങളിലാണ്. കഴിഞ്ഞ 5 വർഷത്തെ മഴ ലഭ്യതയുടെ കണക്ക് താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

## KUTHIATHODE GRAMA PANCHAYATH

Rainfall oata from 1990 January (in Cms), Cherthala Station

| Year | Jan | Feb | Mar | Apr | May | Jun | Jul | Aug | Sep | Oct | Nov | Dec | G. Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 13 | Nil | 1.7 | 2.3 | 33.4 | 29.7 | 47.3 | 13.1 | 7.5 | 9.6 | 9.5 | Nil | 155.4 |
| No. of days | 3 | 0 | 3 | 2 | 21 | 26 | 30 | 22 | 7 | 17 | 7 | 0 | 138 |
| 1991 | Nil | Nil | 5.4 | 18.7 | 6.1 | 77.1 | 49. | 33.4 | 5.3 | 13.2 | 3.9 | 0.5 | 268.4 |
| No. of days | 0 | 0 | 5 | 5 | 6 | 26 | 23 | 20 | 4 | 19 | 7 | 1 | 116 |
| 1992 | Nil | Nil | 1.9 | 0.7 | 25.2 | 48.7 | 34.7 | 32.9 | 27.8 | 27.5 | 13 | Nil | 212.4 |
| No. of days | 0 | 0 | 3 | 3 | 14 | 27 | 27 | 22 | 13 | 11 | 1 | 0 | 132 |
| 1993 | 5 | Nil | 2 | 1.5 | 9 | 40.4 | 39 | 36 | 25 | 27.5 | 13 | Nil | 198.4 |
| Noo. of days | 2 | 1 | 3 | 2 | 5 | 27 | 26 | 25 | 15 | 17 | 8 | 0 | 131 |
| 1994 | 16.4 | 10 | 6 | 8.3 | 6.3 | 54.6 | 50.7 | 34.5 | 23.9 | 24.4 | 13.3 | Nil | 248.2 |
| No. of days | 4 | 5 | 3 | 12 | 8 | 27 | 26 | 26 | 16 | 16 | 8 | 0 | 151 |
| 1995 | 1 | Nil | 9.1 | 4.8 | 37.4 | 48.7 | 41.2 | 38 | 25 | 22 | 7.2 | Nil | 234.4 |
| No. of days | 2 | 0 | 3 | 8 | 16 | 19 | 26 | 27 | 14 | 13 | 7 | 0 | 135 |
| 1996 | 0.6 | 0.4 | 0.9 | 3.5 | 6.7 | 43.6 | | | | | | | 55.7 |
| No. of days | 2 | 1 | 1 | 6 | 5 | 18 | | | | | | | 33 |

വേനൽക്കാലമാകുമ്പോൾ പുരയിടകൃഷികൾക്ക് പൊതുവേയും തെങ്ങിന് പ്രത്യേകിച്ചും ജലസേചനം ആവശ്യമാണ്. പമ്പുസെറ്റുകൾ ഉപയോഗിച്ച് കുളങ്ങളിൽനിന്നും കുടങ്ങളുപയോഗിച്ചും ആണ് തെങ്ങുകൾക്ക് ജലസേചനം നല്കുന്നത്. മണൽ മണ്ണുമാത്രമായ പ്രദേശങ്ങളിലാണ് ജലസേചനം അനിവാര്യം. ഇവിടത്തെ 60 ശതമാനം തെങ്ങുകൾക്ക് ജലസേചനം വേണം. വേനൽക്കാല പച്ചക്കറികൃഷിക്കും ജലസേചനം ആവശ്യമാണ്.

ഭൂരിപക്ഷം വീടുകളിലും കുളങ്ങളോ കുഴൽക്കിണറുകളോ കിണറുകളോ ഉണ്ട്. ഇതു മൂന്നുമുള്ള വീടുകളും കുറവല്ല. ചെറിയ പ്ളോട്ടുകളിൽ കുടിക്കാനും നനയ്ക്കാനും കുഴൽക്കിണറുകളെ ആശ്രയിക്കുന്നുണ്ട്. കുണറുകളിൽനിന്നും പമ്പുസെറ്റ് ഉപയോഗിച്ചുള്ള ജലസേചനം നടത്തുന്നവരും ജലസേചനത്തിന് കുളങ്ങളെ മാത്രം ആശ്രയിക്കുന്നവരുമുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ജനസംഖ്യാവർദ്ധനവും പാർപ്പിടവർദ്ധനവും വളരെയേറെ കുളങ്ങളും നിലങ്ങളും ചതുപ്പുകളും നികത്താൻ ഇടവരുത്തിയിട്ടുണ്ട്. കുളം നികത്തി കിണറാക്കുകയും പിന്നീട് കിണറു നികത്തി കുഴൽക്കിണറാക്കുകയും ചെയ്തുകൊണ്ടാണ് ജനങ്ങൾ താമസസൗകര്യം സംഘടിപ്പിക്കുന്നത്. ഇത് സൃഷ്ടിക്കുന്നത് വലിയ ഒരു പരിസ്ഥിതികപ്രശ്നം കൂടിയാണ്.

ഓരുദോഷവും ജലമലിനീകരണവും ഇവിടെ വലിയ പ്രശ്നമായിരിക്കുകയാണ്. ഓരുബാധ ഇവിടത്തെ പച്ചക്കറികൃഷിക്ക് വളരെയേറെ ദോഷം വരുത്തുന്നു. ഓരുനിയന്ത്രണസംവിധാനം വളരെയധികം ദുർബലപ്പെട്ടിരിക്കുന്നു. സമയത്ത് മുട്ടിടാത്തതും സ്ഥിരം ഷട്ടറുകളുടെ ജീർണ്ണോദ്ധാരണം ഇല്ലാത്തതും പ്രശ്നം രൂക്ഷമാക്കിയിട്ടുണ്ട്. നിയന്ത്രണം ഫലപ്രദമല്ലാത്തതിനാൽ ശുദ്ധജല സ്രോതസ്സുകളേയും ഓരു ബാധിക്കുകയും കുടിവെള്ളക്കാര്യം രൂക്ഷമാവുകയും ചെയ്തിരിക്കുന്നു.

ഇതിനേക്കാൾ രൂക്ഷമായിട്ടുണ്ട് ജലമലിനീകരണം. ഈ പഞ്ചായത്തിൽ പ്രവർത്തിക്കു ചെമ്മീൻ സംസ്ക്കരണ ശാലകളിൽ നിന്നും ബഹിഷ്ക്കരിക്കുന്ന മലിനജനമാണ് കുടിവെള്ളത്തിനും ആരോഗ്യത്തിനും ഒരുപോലെ ഭീഷണി ഉയർത്തിയിരിക്കുന്നത്. കൊതുകുശല്യവും രൂക്ഷമായിട്ടുണ്ട്. എല്ലാ ഗ്രമസഭയുംതന്നെ ഇതിനെതിരെ ശബ്ദമുയർത്തിക്കഴിഞ്ഞു. കുടിവെള്ളം, ആരോഗ്യം, കൃഷി, പരിസ്ഥിതി ഇതിനു നാലിനും എതിരേ അഭൂതപൂർവ്വവും ഗൗരവതരവും അതിസങ്കീർണ്ണവുമായ ഒരു ചതുർമാനഭീഷണി ഉയർന്നിരിക്കുകയാണ്. ഇതിനെ നേരിടാൻ ഒട്ടും സമയം കളയാതെ ശാസ്ത്രീയമായ ഒരു മാസ്റ്റർപ്ളാൻ തയ്യാറാക്കാൻ ഒരു സമയബന്ധിത നീക്കംതന്നെ വേണ്ടിയിരിക്കുന്നു. ദീർഘദർശിത്വം കട്ടേണ്ടിയിരിക്കുന്നു. കുഴൽക്കിണറുകൾ

ജലചൂഷണം അമിതമാകുന്നുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

കൃഷിപ്പണിയുടെ ഭാഗമായി മഴക്കാലാവസാനത്തോടെ പുരയിടങ്ങളിൽ കൂമ്പലു കൂട്ടുന്നതും വേനൽക്കാലാരംഭത്തോടെ കിളച്ചുനിരത്തുന്നതും ഭൂമിയിലെ ജലബാഷ്പീകരണത്തെ ഫലപ്രദമായി നിയന്ത്രിക്കുന്ന കാര്യം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ ഈവിധ പ്രവർത്തനങ്ങൾ ഇന്ന് മുടങ്ങാതെ ചെയ്തുകാണുന്നില്ല. കാർഷികരംഗത്ത് ഇത് ദോഷം വരുത്തുമെന്നത് നാം തിരിച്ചറിയണം.

കാവുസംരക്ഷണം, വനവൽക്കരണം, വൃക്ഷ സംരക്ഷണം ഇതെല്ലാം ഈ രംഗത്ത് ഗൗരവപരിഗണന അർഹിക്കുന്ന ഗുരുതര വിഷയങ്ങളായി അംഗീകരിക്കാൻ നാം തയ്യാറാവണം.

## പ്രശ്നങ്ങൾ

1. അകാലവരൾച്ച ഇന്നു യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു.
2. പമ്പുസെറ്റുകളും കുഴൽക്കിണറുകളും ധാരാളമുണ്ടായിട്ടും തെങ്ങുകൃഷിക്ക് കാര്യമായ പ്രയോജനം കാണുന്നില്ല.
3. കുളങ്ങൾ തോടുകൾ, നിലങ്ങൾ, ചതുപ്പുകൾ, കാവുകൾ, വൃക്ഷങ്ങൾ ഇവ അപ്രത്യക്ഷമാവുകയും പകരം പരിസ്ഥിതിപ്രശ്നങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.
4. ജലനിർഗ്ഗമന ഓരുനിയന്ത്രണസംവിധാനങ്ങൾ ഫലപ്രദമോ കാര്യക്ഷമമോ ആകുന്നില്ല.
5. കൈനന തുടങ്ങിയ പഴയ ജലസേചന സമ്പ്രദായങ്ങൾ അപ്രത്യക്ഷമാകുന്നു.
6. കുടിവെള്ളക്ഷാമം രൂപംകൊള്ളുന്നു.

## സാദ്ധ്യതകൾ

1. ജലസമ്പത്ത് ധൂർത്തടിക്കുന്നുണ്ടോ, ഉപയോഗശൂന്യമാക്കുന്നുണ്ടോ എന്നു പരിശോധിച്ച് സമയാസമയങ്ങളിൽ മുന്നറിയിപ്പ് നല്കാൻ എന്തെങ്കിലും ഒരു സ്ഥിരം ശാസ്ത്രീയസംവിധാനം ഉണ്ടാകണം.
2. കൈനന നടന്നിരുന്ന കാലത്ത് തെങ്ങുകൃഷി ഇതേക്കാൾ മെച്ചമായിരുന്നു. പമ്പുസെറ്റ് ഉപയോഗിച്ചുള്ള ജലസേചനം തെങ്ങിനെ വേണ്ടവിധം സഹായിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ ഒരു പഠനം നടത്താൻ കൃഷിവകുപ്പിനെ ചുമതലപ്പെടുത്തുകയും തെങ്ങിനും നമ്മുടെ മണ്ണിനും പറ്റിയ ജലസേചനമാർഗ്ഗം പുനർനിർണ്ണയിക്കുകയും വേണം.
3. ജലത്തിന്റെ മിതോപയോഗത്തിന് അനുയോജ്യമായ ജലസേചനമാർഗ്ഗം നിർണ്ണയിച്ച് പ്രോൽസാഹിപ്പിക്കണം
4. നാശോന്മുഖമായ പൊതുജലസംഭരണികളുണ്ടോ എന്ന് അന്വേഷിച്ചു കണ്ടെത്തി സംരക്ഷിക്കുകയും പൊതുകുളമായി സംരക്ഷിക്കാൻ പറ്റിയ ജലശേഖരങ്ങളുണ്ടെങ്കിൽ ഏറ്റെടുത്ത് സംരക്ഷിക്കുകയും ചെയ്യണം.
5. കാവുസംരക്ഷണം വനവൽക്കരണം വൃക്ഷസംരക്ഷണം ഇവയെപറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും ഈ കാര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ എങ്ങനെയാണ് നടപ്പാക്കേണ്ടത് എന്നതിനെപറ്റി ശാസ്ത്രീയമായ ഒരു പ്രവർത്തനപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും വേണം.
6. ഓരുനിയന്ത്രണ സംവിധാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും അത് കുറ്റമറ്റതാക്കാൻ എന്താണു ചെയ്യേണ്ടതെന്നും പഠിച്ച് ഒരുമാസത്തിനകം റിപ്പോർട്ടു സമർപ്പിക്കാൻ ജലസേചനവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യണം.
7. എല്ലാ ഗ്രാമസഭകളിൽനിന്നും എതിരഭിപ്രായം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ചെമ്മീൻ സംസ്ക്കരണശാലകളിൽനിന്നുള്ള ജലമലിനീകരണം ഒഴിവാക്കാൻ ഫലപ്രദമായ അടിയന്തിരനടപടി സ്വീകരിക്കണം. ഇനിയും വൈകിക്കൂടാ.
8. സാമൂഹ്യജലസേചനപദ്ധതി നടപ്പാക്കണം. ■

4.2

# മൃഗസംരക്ഷണം മൽസ്യബന്ധനം

ഏറ്റവും ചുരുങ്ങിയ കാലംകൊണ്ട് കുറഞ്ഞ മുതൽമുടക്കിൽ ഏറ്റവും കൂടിയ വരുമാനം ഉണ്ടാക്കാവുന്ന മേഖല എന്നതിലുപരി ഏറ്റവും കൂടുതൽ തൊഴിൽരഹിതർക്ക് തൊഴിലും നാമമാത്ര തൊഴിലുള്ളവർക്കും കർഷകകുടുംബങ്ങൾക്കും എല്ലാം തന്നെ വരുമാന വർദ്ധനവിന്റെ സ്രോതസ്സും തുറക്കുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. ഭൂമിയും ജലസേചനവും കഴിഞ്ഞാൽ കേരളത്തിലെ ഗ്രാമീണ കർഷകന്റെ സമ്പത്ത് കന്നുകാലികളും കോഴികളുമാണ്. ഈ സമ്പത്ത് 84 ശതമാനം ഗ്രാമീണകർഷകന്റെ കൈവശമാണ്. കേരളം ഇന്നഭിമുഖീകരിക്കുന്ന ഗുരുതരമായ വെല്ലുവിളികളിൽ ഏറ്റവും പ്രധാനമായത് ഉല്പാദനമാന്ദ്യമാണ്. കാർഷികമേഖലയിൽ ഉല്പാദനമാന്ദ്യവും, ഉല്പാദന ക്ഷമതാതകർച്ചയും വളരെ ഗൗരവമായി കാണേണ്ടതാണ്. ഭൂമിയുടെ തുണ്ടുതുണ്ടായ വിഭജനം, വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് ആനുപാതികമായി ഭൂമിയിലുണ്ടാകുന്ന സമ്മർദ്ദം, അന്യംനിന്നുവരുന്ന കൃഷിയിടങ്ങൾ, കാർഷിക മേഖലയുലെ വിലയിടിവ് എന്നിവയെല്ലാംതന്നെ മൃഗസംരക്ഷണമേഖലയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

ഗ്രാമീണ കർഷകന്റെ സാമ്പത്തികവർദ്ധനവും ഉന്നതിയും സംസ്ഥാനത്തിന്റെ സമസ്തമേഖലയിലും പ്രത്യേകിച്ച് സാംസ്ക്കാരിക സാമൂഹിക ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ സമഗ്രമായ മാറ്റങ്ങൾ വരുത്താനും അതു നിലനിർത്താനും മൃഗസംരക്ഷണമേഖലയ്ക്ക് കൊടുക്കുന്ന പ്രാധാന്യം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. നാളിതുവരെ നമ്മുടെ സംസ്ഥാനത്തിൽ നടപ്പിലാക്കി വന്നിരുന്ന പദ്ധതികൾക്ക് ഒരു കേന്ദ്രീകൃതസ്വഭാവമായിരുന്നു. അതുകൊണ്ടുതന്നെ അവയിൽ പലതും പൂർണ്ണതയിലെത്തിക്കാൻ കഴിയാതെവന്നു. പ്രദേശികവിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മൃഗസംരക്ഷണമേഖലയിൽ ഒരു സമഗ്രപദ്ധതിക്ക് രൂപം നല്കിയിട്ടില്ല.

## പദ്ധതികൾ

### പേവിഷനിർമ്മാർജ്ജനപദ്ധതി

ജന്തുജന്യരോഗങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പേവിഷബാധ. എന്നാൽ ഓരോ വർഷവും പ്രതിരോധ കുത്തിവെയ്പിനുള്ള വാക്സിൻ വാങ്ങുവാനുള്ള പദ്ധതിവിഹിതം ആവശ്യത്തിലും വളരെ കുറവാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ നായ്ക്കളെയും ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല.

## പരിഹാരം

ഈ പദ്ധതിയിൽ കൂടുതൽ തുക വകകൊള്ളിക്കാവുന്നതും കുത്തിവെച്ച നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കേണ്ടതും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻവേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

### കാലിവസന്ത, കുളമ്പുരോഗ നിർമ്മാർജ്ജനപദ്ധതി

സംസ്ഥാനത്തു പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള കാലിവസന്ത, കുളമ്പുരോഗം തുടങ്ങിയ അസുഖങ്ങൾക്കെതിരെ കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെപ്പ് നടത്തിവരുന്നുണ്ടെങ്കിലും ഇതിന്റെ പ്രയോജനം കൂടുതൽ വ്യാപിപ്പിക്കേണ്ടത് പഞ്ചായത്തിനെ ടി. രോഗങ്ങളിൽനിന്നും വിമുക്തമാക്കേണ്ടതിന്റെ ആവശ്യത്തിലേക്ക് വിരൽചൂണ്ടുന്നു.

### മുട്ടക്കോഴിവിതരണം

പഞ്ചായത്തിലെ വളരെ നാമമാത്രമായ ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തിയായിരുന്നു ഇതിന്റെ വിതരണം. ഇത് സമഗ്രമായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടുംബങ്ങൾക്കും ലഭിക്കത്തക്കരീതിയിൽ ആസൂത്രണം ചെയ്യണം. അടുക്കളമുറ്റത്തെ കോഴി എന്ന ആശയം ഏറ്റവുമധികം പ്രാവർത്തികമാക്കിയ നമ്മുടെ സംസ്ഥാനത്ത് നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം വളരെയുണ്ട്. ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ രണ്ടുമാസം വളർത്തി പൊതുജനത്തിന് വിതരണം ചെയ്യുന്ന നിലവിലുള്ള എഗ്ഗർ നഴ്സറി പ്ളാൻ ഊർജ്ജിതപ്പെടുത്തുകയും പഞ്ചായത്തിൽ കൂടുതൽ ഹാച്ചറികൾ സ്ഥാപിക്കുകയും വേണം.

### ആടുവിതരണം

നിലവിലുള്ള പദ്ധതിയിലൂടെ വളരെ പരിമിതമായ തോതിൽ മാത്രമേ വിതരണം നടക്കുന്നുള്ളൂ. ആടിനുവേണ്ട തീറ്റയായ പ്ളാവ്, സുബാബുൾ തുടങ്ങിയ വൃക്ഷങ്ങൾ കൂടുതൽ പ്രചരിപ്പിച്ചാൽ മാത്രമേ ഈ മേഖലയിൽ കൂടുതൽ ലാഭം ഉണ്ടാക്കുവാൻ കഴിയൂ. ബീജസങ്കലനസൗകര്യങ്ങൾ നിലവിലുള്ളത് കൂടുതൽ വ്യാപിപ്പിക്കുകയും പഞ്ചായത്തിന്റെ എല്ലാ വാർഡിലും ഇതിന്റെ സൗകര്യങ്ങൾ എത്തിക്കേണ്ടതുമാണ്.

വിജ്ഞാനവ്യാപനവും പരിശീലനവും എന്ന ആശയത്തെ മുൻനിർത്തി സംസ്ഥാനത്ത് 4 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രയോജനം താഴെത്തട്ടിലേക്ക് എത്തിക്കുവാൻ എല്ലാ ജില്ലകളിലും ഇത്തരം പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.

മൃഗചികിൽസയ്ക്കും പരിപാലനത്തിനും കൂടുതൽ പ്രാധാന്യം നല്കേണ്ടതുണ്ട്. മൃഗാശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ഇപ്പോൾ ഈ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നില വളരെ ശോചനീയമാണ്. വാടകക്കെട്ടിടവുമാണ്. മൃഗാശുപത്രിക്കായി തനതു കെട്ടിടം സ്വന്തമായി പഞ്ചായത്ത് കേന്ദ്രീകരിച്ചുവേണം നിർമ്മിക്കുവാൻ.

## ഒമ്പതാംപദ്ധതി

ഗാന്ധിജി വിഭാവനംചെയ്ത പഞ്ചായത്ത് രാജിൽ ഗ്രാമസ്വരാജ് എന്ന തത്വത്തിനാണ് പ്രാധാന്യം കല്പിക്കുന്നത്. അതതു പഞ്ചായത്ത് അവിടേയ്ക്കാവശ്യമുള്ള ഭക്ഷണം തുടങ്ങിയവ സ്വയം അതതു പഞ്ചായത്തുകളിൽ ഉല്പാദിപ്പിക്കണം. അതിലെ ജനങ്ങൾ സ്വയം പര്യാപ്തരാകുകയും അവരുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും അതുവഴി അവരുടെ ആരോഗ്യ സാംസ്കാരിക വിദ്യാഭ്യാസവളർച്ചയ്ക്ക് അടിത്തറ ഉണ്ടാക്കാവുന്നതുമാണ്. എ.ഡി. 2001-ൽ ഏവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടിയാണ്. ഒമ്പതാംപദ്ധതിയുടെ ലക്ഷ്യം കൈവരിക്കണമെങ്കിൽ മർമ്മപ്രധാനമായിട്ട് പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും അവന്റെ ഭക്ഷ്യാവശ്യങ്ങൾ പഞ്ചായത്തുതലത്തിൽതന്നെ നിർവഹിക്കേണ്ടതുമാണ്.

ഒരാരോഗ്യമുള്ള പൗരന് ഒരുദിവസം 250 ഗ്രാം പാൽ, ഒരു മുട്ട, 9 ഗ്രാം ഇറച്ചി എന്നിവയെങ്കിലും ഭക്ഷിച്ചിരിക്കണം എന്നാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കണക്ക്. യുടെ കണക്കുപ്രകാരം ഒരു വ്യക്തി ഒരുദിവസം 320 ഗ്രാം പാൽ, 2.4 മുട്ട, 70 ഗ്രാം ഇറച്ചി എന്നിവ ഭക്ഷിച്ചിരിക്കണമെന്നാണ്. നമ്മുടെ ലക്ഷ്യം ഐ.സി.എം.ആർ.ന്റെയെങ്കിലും കണക്കനുസരിച്ചുള്ള ഭക്ഷണം ലഭിക്കുക എന്നതായിരിക്കണം. കുത്തിയതോട് പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ ഏതാണ്ട് 24000ത്തോളമാണ്. ഈ പഞ്ചായത്തിൽ ഏകദേശം 850 പശുക്കളും 15000 കോഴികളുമാണ് ഉള്ളത്. ഇതിൽ 696 പശുക്കൾ മാത്രമേ സങ്കരയിനത്തിൽപെട്ടതുള്ളൂ. 150 എണ്ണം നാടൻ ഇനമാണ്. സങ്കരയിനത്തിന്റെ പാൽ ഉല്പാദനം ശരാശരി 6 ലിറ്റർ നാടന്റേത് 2 ലിറ്ററുമാണ്.

നിലവിൽ ഈ പഞ്ചായത്തിൽ ലഭിക്കുന്നതും എന്നാൽ ഐ.സി.എം.ആറിന്റെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതുമായ ഭക്ഷണപദാർത്ഥങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

**നിലവിലുള്ളത്**

| | ഒരുദിവസം | ഒരു മാസം | ഒരു വർഷം |
|---|---|---|---|
| പാൽ | 1000 kg | 30000 kg | 3,65,000 kg |
| മുട്ട | 2500എണ്ണം | 7500 എണ്ണം | 9,12,500എണ്ണം |
| മാംസം | 19 kg | 570 kg | 6833 kg |

**കണക്കനുസരിച്ച് വേണ്ടത്**

| | ഒരുദിവസം | ഒരു മാസം | ഒരു വർഷം |
|---|---|---|---|
| പാൽ | 6720 kg | 201600 kg | 2452800 |
| മുട്ട | 2400 എണ്ണം | 720000 എണ്ണം | 8760000 എണ്ണം |
| മാംസം | 1200 kg | 36000 kg | 438000 |

മുകളിൽ കാണിക്കുന്ന കണക്ക് പരിശോധിക്കുമ്പോൾ സ്വയംപര്യാപ്തത ലഭിക്കുവാൻ പഞ്ചായത്തിൽ പാലിന്റെ ഉല്പാദനം ഏഴിരട്ടിയും മുട്ടയുടേത് പത്തിരട്ടിയും ഇറച്ചി യുടേത് 60 ഇരട്ടിയും ആയി വർദ്ധിപ്പിക്കണമെന്ന് ബോധ്യമാകുന്നില്ലേ?

ഈ ലക്ഷ്യം നേടണമെങ്കിൽ ഒമ്പതാംപദ്ധതിയുടെ കാലത്ത് ഇവിടത്തെ കന്നുകാലിയുടെ എണ്ണം 2200 ആയി വർദ്ധിപ്പിക്കണം. ഈ വർദ്ധനയിലൂടെ പഞ്ചായത്തിലെ പാലിന്റെ ആവശ്യം ഏതാണ്ട് പൂർത്തീകരിക്കുമ്പോൾ ഇറച്ചി യുടെ ഉല്പാദനത്തിന്റെ ആവശ്യം ഒരുദിവസം 1000 ആയി ചുരുങ്ങുന്നു. മുട്ടയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ 65000 കോഴികളെക്കൂടി ലഭിക്കണം. ഇറച്ചിയുടെ പോരായ്മ ഇങ്ങനെയും പരിഹരിക്കുവാൻ കഴിയും. ഇതു കൈവരിക്കുന്നതിന് ചില പുതിയ സ്കീമുകൾ ആവിഷ്കരിക്കാവുന്നതാണ്.

**സാദ്ധ്യതകൾ**

1. കന്നുകാലി സംരക്ഷണം മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നല്കുക.
2. അപകടം, രോഗം തുടങ്ങിയ സാഹചര്യങ്ങളിൽ മരണമടയുന്നതിലൂടെ കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.
3. 3 പെണ്ണാടിൻ കുഞ്ഞുങ്ങളെ ഒരു യൂണിറ്റ് എന്ന ക്രമത്തിൽ ആടുവളർത്തലിന്നാവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.
4. മുട്ടക്കോഴിവളർത്തൽ യൂണിറ്റുകൾ തുടങ്ങുവാൻ സാമ്പത്തികസഹായം നല്കുക.
5. മൃഗാശുപത്രിയുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുക.
6. കാലിവളർത്തൽ ലാഭകരമാക്കുവാൻ കാലിത്തീറ്റപ്പുൽ കൃഷി പഞ്ചായത്തിൽ വ്യാപകമാക്കുക.

**കുദ്ധത്തിയതോട് പഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനം**

| സ്ഥാപനത്തിന്റെ പേര് | സ്റ്റാഫ് | ശരാശരി കേസ് | ഒരുദിവസം ഇൻസുമിനേഷൻ |
|---|---|---|---|
| വെറ്റിനറി ഡിസ്പൻസറി | വെറ്റിനറി സർജൻ (1)<br>ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ (1)<br>അറ്റൻർ (1)<br>പാർട്ട് ടൈം സ്വീപ്പർ (1) | 10 | 1 |

**വളർത്തുമൃഗങ്ങളും പക്ഷികളും 1996ലെ കാനേഷുമാരി അനുസരിച്ച്**

| മൃഗങ്ങളുടെ ഇനം | 1996 | കറവയുള്ളത് | ഇല്ലാത്തത് |
|---|---|---|---|
| സങ്കരയിനം പശു | 696 | 545 | 151 |
| എരുമ | 13 | 9 | 4 |
| ആട് | 390 | 256 | 134 |
| പട്ടി | 476 | | |
| താറാവ് | 4524 | | |
| കോഴി | 15002 | | |

**മൽസ്യബന്ധനം**

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിര് 2 കിലോമീറ്ററോളം വരുന്ന കടൽത്തീരമാണ്. കൂടാതെ പഞ്ചായ ത്തതിർത്തിക്കകത്ത് കിടക്കുന്ന രണ്ട് കായലുകൾക്കുംകൂടി ഉദ്ദേശം 6 കിലോമീറ്ററോളം തീരപ്രദേശവുമുണ്ട്. ഇവിടെ 500 മൽസ്യത്തൊഴിലാളി കുടുംബാംഗങ്ങൾ കടലിൽനിന്നും 110 കുടുംബങ്ങൾ ഉൾനാടൻ കായൽ ജലാശയങ്ങളിൽനിന്നും മീൻപിടിച്ച് ഉപജീവനം നടത്തുന്നു. അവരുടെ വിശദ വിവരങ്ങൾ പട്ടിക 1ൽ നോക്കുക.

| | വള്ളം | ബോട്ട് | തൊഴിലാളികളുടെ എണ്ണം | കുടുംബങ്ങൾ |
|---|---|---|---|---|
| കടൽ | 80 | 60 | 700 | 500 |
| കായൽ | 65 | | 300 | 110 |

മൽസ്യവിപണനത്തിനും സംസ്ക്കരണത്തിനും ഏർപ്പെട്ടിരിക്കുന്നവർ ഭൂരിപക്ഷവും സ്ത്രീകളാണ്. 30 പീലിംഗ് ഷെഡുകളിലായി ഉദ്ദേശം ആയിരത്തോളം തൊഴിലാളികൾ ജോലിചെയ്യുന്നു. കടലിൽനിന്നും കായ ലുകളിൽനിന്നും ലഭിയ്ക്കുന്ന മൽസ്യബന്ധനത്തിന്റെ വിവരങ്ങൾ പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു.

### കടലിൽനിന്നും കായലിൽനിന്നും പിടിയ്ക്കപ്പെടുന്ന മത്സ്യങ്ങൾ

മത്സ്യഇനങ്ങൾ

കടൽ — അയില, ചാള (മത്തി), സ്രാവ്, കൂന്തൽ, ചെമ്മീൻ, കൊഴുവ, വറ്റ, നത്തോലി, മുതലായവ.

കായൽ — കരിമീൻ, കണമ്പ്, തിലോപ്പിയ, ചെമ്മീൻ, കൊഴുവ, പള്ളത്തി, വരാൽ, കാരി, കൂരി.

കാലവർഷമാസങ്ങളായ ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീ മാസങ്ങളിൽ കടൽ മത്സ്യബന്ധനം നടക്കുന്നില്ല.

### മത്സ്യകൃഷി

വളരെയധികം വികസന സാദ്ധ്യതയുള്ള ഒന്നാണിത്. ഇപ്പോൾ 15 ഫാമുകൾ മാത്രമാണ് ഉപ്പുവെള്ള മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഇവയുടെ ആകെ വിസ്തീർണ്ണം 75 ഏക്കറോളം വരും ഇത് ആകെ മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്ന ഭൂമിയുടെ ചെറിയൊരു ശതമാനം മാത്രമേ ആകുന്നുള്ളു. ഇതുകൂടാതെ 419 ഏക്കറോളം കരിനിലങ്ങൾ നെൽകൃഷിയോടൊപ്പം ചെമ്മീൻകൃഷി നടത്തുന്നവയായുമുണ്ട്.

ശുദ്ധജല മത്സ്യകൃഷിക്കുപയുക്തമായ ആയിരത്തിലധികം കുളങ്ങളും തോടുകളും മറ്റുൾനാടൻ ജലാശയങ്ങളും ഈ പഞ്ചായത്തതിർത്തിയിലുണ്ട്. വളരെയധികം വികസനസാദ്ധ്യതകളുള്ള ഈ ലൈനിൽ ഇതുവരെ കാര്യമായ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. വാർഡുതലത്തിൽ നടന്ന ഗ്രാമസഭായോഗങ്ങളിൽ എല്ലാ വാർഡുകളിൽനിന്നും ഈ ലൈനിൽ തല്പരരായ വളരെയധികം ആളുകൾ മുന്നോട്ടുവന്നിട്ടുണ്ട്

### പ്രശ്നങ്ങൾ

1. കടലിൽ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കടലിൽ വള്ളം ഇറക്കുന്നതിനും പിടിച്ച മൽസ്യങ്ങളുടെ വിപണനത്തിനും ഉള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. ഔട്ട്ബോർഡ് എഞ്ചിന്റെ സ്പെയർപാർട്ടുകളും സർവ്വീസിംഗ് സൗകര്യങ്ങളും അപര്യാപ്തമാണ്.
3. എഞ്ചിൻ ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ല.
4. മൽസ്യവളർത്തുകാർക്ക് ആവശ്യത്തിനുള്ള മൽസ്യക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം ഉണ്ട്.
5. മൽസ്യകൃഷിക്ക് അത്യാവശ്യമായ മൽസ്യത്തീറ്റയ്ക്ക് വില വളരെ കൂടുതലാണ്.
6. ശുദ്ധജല മത്സ്യകൃഷിക്ക് ആവശ്യമായ മൽസ്യക്കുഞ്ഞുങ്ങളും സാങ്കേതികജ്ഞാനവും ഇപ്പോൾ ലഭ്യമല്ല.

### നിർദ്ദേശങ്ങൾ

1. കടൽത്തീരത്ത് ഏറ്റവും യുക്തമായ സ്ഥലത്ത് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുക. ലാന്റിംഗ് സെന്ററിൽനിന്നുള്ള മൽസ്യം ഇടത്തട്ടുകാരിൽനിന്നും രക്ഷപ്പെടുത്തേണ്ടതിലേക്കായി ഒരു മാർക്കറ്റിംഗ് സൊസൈറ്റി ഓർഗനൈസ് ചെയ്യുക.
2. സഹായനിരക്കിൽ സ്പെയർപാർട്ടുകളും മറ്റുപകരണങ്ങളും ലഭ്യമാക്കുക
3. ഔട്ട്ബോർഡ് എഞ്ചിൻ സർവ്വീസ് സ്പെയർ സ്ഥാപിക്കുക.
4. ഔട്ട്ബോർഡ് എഞ്ചിനാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുക.
5. ജലമത്സ്യകൃഷിക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളും തീറ്റയും സഹായനിരക്കിൽ ലഭ്യമാക്കുക.
6. ശുദ്ധജല മത്സ്യക്കൃഷിയ്ക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളും ചെമ്മീൻവിത്തും, മത്സ്യത്തീറ്റയും സഹായനിരക്കിൽ വിതരണം ചെയ്യുകയും ആവശ്യമായ സാങ്കേതികജ്ഞാനം ലഭ്യമാക്കുകയും ചെയ്യുക.
7. പഞ്ചായത്തുതലത്തിൽ ഒരു മാതൃകാമത്സ്യക്കുളം നിർമ്മിച്ച് മത്സ്യക്കൃഷിക്കാർക്ക് പരിശീലനം നല്കുക. ■

4.3

# വ്യവസായം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏഴു കയർഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. ഏതാണ്ടു രണ്ടായിരത്തോളം തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ സ്ഥിരമായി ജോലി ചെയ്തിരുന്നു. കൂടാതെ മിക്കവാറും എല്ലാ വീടുകളിലും കയർ ഉല്പാദനം നടത്തിയിരുന്നു. കയർ റാഡുകളുടെ കിലുകിലാരവം ഈ പ്രദേശത്തിന്റെ പ്രത്യേകതയായിരുന്നു. വ്യവസായംകൊണ്ട് ഈ പ്രദേശം ധന്യമാക്കുന്നതിനുവേണ്ടി കയർ ഫാക്ടറികൾ നടത്തിയ മഹത്‌വ്യക്തികളെ ഇത്തരുണത്തിൽ സ്മരിക്കുകയാണ്.

1. പി.കെ. രാമൻ, എക്സ്. എം.എൽ.എ. (പാലാഷറമ്പ് കയർ ഫാക്ടറി)
2. തുണ്ടത്തിൽ കൃഷ്ണപ്പൻ, (തുണ്ടത്തിൽ കയർ ഫാക്ടറി)
3. ഈരയിൽ പരമേശ്വരൻ (ഈരയിൽ കയർ ഫാക്ടറി)
4. എൻ.ആർ. നാരായണൻ (തറയിൽ കയർ ഫാക്ടറി)
5. പൂച്ചന്നപ്പറമ്പിൽ കൊച്ചുപരീത് (പൂച്ചന്നപ്പറമ്പ് കയർ ഫാക്ടറി)
6. പൂച്ചന്നപ്പറമ്പ് കുഞ്ഞോ (പൂച്ചന്നപ്പറമ്പ് കയർ ഫാക്ടറി)
7. മാരാണ്ട സാഹിബ് (തോട്ടുമുഖപ്പിൽ കയർ ഫാക്ടറി)
8. ചാലക്കൽ സി.കെ. മുഹമ്മദാലി (റഹ്മാനിയ കയർ വർക്ക്സ്)

ഈ ഫാക്ടറികളിലെല്ലാം കയർ വ്യവസായം നന്നായി നടന്നിരുന്നു. കൂടാതെ തൊഴിലാളി പങ്കാളിത്തത്തോടെ ഈ പഞ്ചായത്തിന്റെ ഒന്നും നാലും വാർഡുകളിൽ ഹാൻഡ്‌ലൂം തറികൾ സ്ഥാപിച്ച് സ്ത്രീകൾ കൂട്ടായി തുണി നെയ്ത്തു നടത്തിയിരുന്നു. 1950 കലഘട്ടങ്ങളിൽ വിദേശ പങ്കാളിത്തത്തോടുകൂടി നടത്തിയിരുന്ന കയർ ഫാക്ടറികൾ ഒന്നൊന്നായി പ്രവർത്തനരഹിതമായി. പായ്നെയ്ത്തു തറകൾ വിലയ്ക്കെടുത്തു തൊഴിലാളികൾ വിവിധ സ്ഥസങ്ങളിലായി ചെറുകിട ഫാക്ടറികൾ സ്ഥാപിച്ച് കയർ ചവിട്ടികൾ ഉല്പാദിപ്പിച്ചുതുടങ്ങി. കാലോചിതമായ കൂലി വർദ്ധനവും മറ്റു വിപണന പ്രശ്നങ്ങളും നേരിടാനാകാതെവന്ന കയർ ഉല്പാദനരംഗം പ്രതിസന്ധിയിലായി. കയറ്റുമതിക്കാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണംകൊണ്ടും കഷ്ടനഷ്ടങ്ങൾകൊണ്ടും ചെറുകിട കയർ ഫാക്ടറികളുടെ പ്രവർത്തനവും മന്ദഗതിയിലായി. പരമ്പരാഗത കയർ വ്യവസായവും കൈത്തറിവ്യവസായവും ഒഴികെ മറ്റു പറയത്തക്ക വ്യവസായങ്ങളോ തൊഴിൽ മേഖലയോ ഇവിടെ അന്നില്ലായിരുന്നു.

പരമ്പരാഗത കയർവ്യവസായത്തിൽ പൊതുവെ അനുഭവപ്പെട്ട വ്യവസായമാന്ദ്യവും കൂലികുറവും ആ മേഖലയിലെ തൊഴിലാളികളെ മറ്റു രംഗങ്ങളിലേക്കു പോകുന്നതിനു പ്രേരിപ്പിച്ചു. പക്ഷേ ഇവിടത്തെ അന്നത്തെ സാഹചര്യം മറ്റു തൊഴിലുകൾക്കനുകൂമായിരുന്നില്ല. അർദ്ധപട്ടിണിക്കാരായ

തൊഴിലാളികൾ കയർവ്യവസായത്തിൽതന്നെ പിടിച്ചു നില്ക്കേണ്ടിവന്നു. എന്നാൽ 1975 മുതൽ ഉള്ള കാലയളവിൽ വ്യവസായത്തിന്റെ മട്ടുമാറി. ചെമ്മീൻ പീലിംഗ് യൂണിറ്റുകൾ രൂപം കൊള്ളുവാൻ തുടങ്ങി. തുടക്കത്തിൽ നാമമാത്രമായുണ്ടായിരുന്ന പീലിംഗ് ഷെഡ്ഡുകൾ തൊഴിലാളിക്കും തൊഴിലുടമയ്ക്കും ഒരുപോലെ പ്രയോജനപ്രദം എന്നു മനസ്സിലായപ്പോൾ കൂടുതൽ കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരുവാൻ തുടങ്ങി.

പീലിംഗ് വ്യവസായത്തിന് ആവശ്യമായ എല്ലാ അനുകൂലസാഹചര്യങ്ങളും ഈ പഞ്ചായത്തിന്റെ എടുത്തുപറയത്തക്ക പ്രത്യേകതയാണ്. അതായത് മലിനജലം ഒഴുകിപ്പോകുന്നതിനാവശ്യമായ ഒഴുക്കുതോടുകൾ, ചെമ്മീൻ കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഐസുൽപാദന കേന്ദ്രങ്ങൾ, ശുദ്ധജലത്തിന്റെ ലഭ്യത, ഗുണനിലവാരമുള്ള ചെമ്മീൻ ഉല്പാദിപ്പിക്കാനുള്ള സൗകര്യം മുതലായവ ഈ വ്യവസായത്തെ തുണച്ചു. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെമ്മീൻ വ്യവസായത്തിന്റെ ഏകദേശ രൂപരേഖ

**പട്ടിക 1**

| വാർഡ് | കമ്പനികളുടെ എണ്ണം | തൊഴിലാളികൾ പെണ്ണ് | ആണ് | ആകെ |
|---|---|---|---|---|
| 1 | 3 | 326 | 26 | 352 |
| 2 | 5 | 700 | 45 | 745] |
| 3 | 1 | 210 | 15 | 225 |
| 4 | 2 | 385 | 28 | 413 |
| 5 | 6 | 752 | 61 | 813 |
| 6 | 3 | 515 | 48 | 563 |
| 7 | 4 | 605 | 37 | 642 |
| 8 | 5 | 810 | 69 | 879 |
| 9 | 10 | 1700 | 168 | 1868 |
| 10 | – | – | – | – |

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച സാമാന്യ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

## വ്യവസായങ്ങളും വ്യാപാരങ്ങളും സംബന്ധിച്ച വിവരങ്ങൾ

**പട്ടിക 2**

| വാർഡ് | വ്യവസായം | ഹോട്ടലുകൾ | കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| I | 8 | 6 | 19 | 44 | 77 |
| II | 7 | 5 | 5 | 24 | 41 |
| III | 3 | 5 | 5 | 23 | 36 |
| IV | 3 | 3 | 7 | 14 | 27 |
| V | 8 | 3 | 3 | 10 | 24 |
| VI | 3 | - | 4 | 8 | 15 |
| VII | 7 | 5 | 10 | 21 | 43 |
| VIII | 6 | 5 | 12 | 16 | 39 |
| IX | 14 | 4 | 13 | 34 | 65 |
| X | - | 7 | 17 | 20 | 44 |

മുകളിൽ പ്രതിപാദിച്ച വ്യവസായങ്ങൾ കൂടാതെ പഞ്ചായത്തിന്റെ വികസനത്തിന് സാരമായ സംഭാവനകൾ ചെയ്തിട്ടുള്ള മറ്റു സംരംഭങ്ങളെ പറ്റി പ്രതിപാദിക്കാം.

### (a) ഐസ്പ്ളാന്റുകൾ

പീലിംഗ് ഷെഡ്ഡുകളുടെ ആവിർഭാവത്തോടുകൂടി ഐസ് പ്ളാന്റുകളുടെ തുടക്കമായി. ഇപ്പോൾ ഈ പഞ്ചായത്തിൽ 9 ഐസ് പ്ളാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. വളരെ ലാഭകരമായി നടത്താവുന്ന ഒരു വ്യവസായമാണിത്. ശുദ്ധജലത്തിന്റെ ലഭ്യതയും മതിയായ വിപണനസാദ്ധ്യതയും ഈ വ്യവസായത്തെ വികസനത്തിലേക്കു നയിക്കുന്നു. 45 തൊഴിലാളികൾ പ്രത്യക്ഷമായി തങ്ങളുടെ ജീവനോപാധി കണ്ടെത്തുന്ന മാർഗ്ഗമാണിത്.

### (b) അടയ്ക്കാവ്യവസായം

കേരളത്തിൽ അടയ്ക്കാവ്യവസായരംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. ഇവിടെ സംസ്ക്കരിക്കുന്ന അടയ്ക്ക ലോകവിപണിയിലെത്തുന്നത് തൊട്ടടുത്ത കയറ്റുമതികേന്ദ്രമായ കൊച്ചി വഴിയാണ്. സംസ്ഥാനത്തിന്റെ മറ്റുസ്ഥലങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും അടയ്ക്ക ശേഖരിച്ച് ഇവിടെ സംസ്ക്കരിക്കപ്പെടുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ഭൂരിപക്ഷവും സ്ത്രീകളാണ്. ഉദ്ദേശം മൂവായിരത്തോളം സ്ത്രീകൾക്കും മുന്നൂറോളം പുരുഷന്മാർക്കും ഭാഗികമായി ജോലി ലഭിക്കുന്നു.

നമ്മൾ സംഭരിച്ച് സംസ്ക്കരിച്ച് വിദേശത്തു വിറ്റഴിക്കുന്ന അടയ്ക്ക അവിടെ സംസ്ക്കരിച്ച് പലതരം സുഗന്ധ വസ്തുക്കളാക്കി ഇവിടെ ഇറക്കുമതി ചെയ്യുന്നു. നമ്മൾ അതു വാങ്ങുകയും വില്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഈ പ്രവണതയ്ക്ക് പാടേ ഒരു മാറ്റം വരുത്തി ഇത്തരം സുഗന്ധവസ്തുക്കൾ ഇവിടെത്തന്നെ രൂപപ്പെടുത്താൻ കഴിഞ്ഞാൻ ആയിരങ്ങളുടെ തൊഴിലില്ലാ യ്മയ്ക്ക് പരിഹാരം കാണാം.

### (c) സീഫുഡ് ഇൻഡസ്ട്രീസ്

പഞ്ചായത്തിന്റെ മൂന്നാംവാർഡിൽ ഈ മേഖലയിലെ രണ്ടു സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നു. അമാൽഗം ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം സമുദ്രോ ല്പന്നങ്ങൾ കയറ്റുമതിയിൽ എണ്ണപ്പെട്ട ഒരു സ്വകാര്യ സ്ഥാപനമാണ്. 1990ൽ പ്രവർത്തനക്ഷമമായ ഈ വ്യവസായ സ്ഥാപനത്തിന് ഇന്ത്യയിലെ മറ്റു വ്യവസായ രംഗങ്ങളിലും ശാഖകളുണ്ട്. ഹിഗാഷിമാരു എന്ന മറ്റൊരു സ്ഥാപനം ചെമ്മീൻതീറ്റ ഉല്പാദനരംഗത്ത് അറിയപ്പെടുന്ന ഒരു സ്വകാര്യസ്ഥാപനമാണ്. ഈ രണ്ടു വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി അനേകം കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 80ഓളം തൊഴിലാളികൾക്കു മാത്രമാണ് ഈ സ്ഥാപനത്തിൽ ജോലി ലഭ്യമായിട്ടുള്ളത്.

### (d) ഓയിൽ മിൽ

1982ൽ സ്ഥാപിതമായ ഈ വ്യവസായസംരംഭം കൊപ്ര, വെളിച്ചെണ്ണ സംസ്ക്കരണ വിപണന മേഖലയിൽ പ്രവർത്തിക്കുന്നു. സ്മോൾ സ്കെയിൽ ഇൻഡസ്ട്രി വിഭാഗത്തിൽപ്പെട്ട ഈ സ്ഥാപനത്തിൽ 18 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

### (e) ഓർഗാനിക് മനുവർ

കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ മൂന്നാംവാർഡിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ഇവിടെ കൃഷിക്കാവശ്യമായ ജൈവവളങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു. കർഷകർക്ക് രാസവളങ്ങൾക്കു പകരം ഉപയോഗിക്കാവുന്ന ജൈവവളം ഉല്പാദിപ്പിക്കുന്നതിൽ ഈ കമ്പനി സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. ഇവിടെ മൂന്നു തൊഴിലാളികൾക്ക് പ്രത്യക്ഷമായും സ്ഥിരമായും തൊഴിൽ ലഭിക്കുന്നു. കൂടാതെ ഒട്ടനവധി പേർക്ക് പരോക്ഷമായി തൊഴിൽ ലഭിക്കുകയും ചെയ്യുന്നുണ്ട്.

### വ്യവസായസഹകരണ സംഘങ്ങൾ

ഈ രംഗത്ത് 9 സൊസൈറ്റികൾ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്.

1. വനിതാവ്യവസായ സഹകരണസംഘം, തുറവൂർ
2. ഖാദിവ്യവസായ സഹകരണസംഘം, തുറവൂർ
3. ഖാദി വുഡ് ഇൻഡസ്ട്രീസ്, തുറവൂർ
4. കയർ വ്യവസായ സഹകരണസംഘം, തഴുപ്പ്
5. ക്ഷീരവ്യവസായ സഹകരണസംഘം, പറയകാട്
6. കയർവ്യവസായ സഹകരണസംഘം, പറയകാട്
7. തഴപ്പായ് നെയ്ത്ത് സഹകരണസംഘം, തിരുമലഭാഗം.
8. പപ്പടനിർമ്മാണ സഹകരണസംഘം, തിരുമലഭാഗം
9. ചെമ്മീൻ പീലിംഗ് ഹരിജൻ സൊസൈറ്റി, പള്ളിത്തോട്

ഈ മേഖല പൊതുവെ പ്രവർത്തനമാന്ദ്യത്തിലാണ്. ക്ഷീരവ്യവസായം, കയർവ്യവസായം, ഖാദിവ്യവസായം എന്നിവ നാമമാത്രമാണ്. തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മോചനം ലഭിക്കുന്നതിനുംവേണ്ടി സ്തുത്യർഹമായ സേവനങ്ങൾ കാഴ്ച വയ്ക്കാൻ പര്യാപ്തമായ ഇത്തരം സഹകരണസംഘങ്ങളുടെ വളർച്ച ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്.

### (g) ബാങ്കുകൾ

പഞ്ചായത്തിൽ ഷെഡ്യൂൾഡ് ബാങ്കുകളൊന്നും നിലവിൽ പ്രവർത്തിക്കുന്നില്ല. ദേശസാൽകൃതബാങ്കുകളുടെ ശാഖകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

### (h) സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള ജനറൽ എഞ്ചിനീയറിംഗ് വർക്സ്

ഈ പഞ്ചായത്തിൽ ഒന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന ഒരു പൊതുമെഖലാ സ്ഥാപനമാണ് സിൽക്ക് ജ്യൂ (SILK-GEW)

1964-ൽ ഒരു ഇൻഡസ്ട്രിയൽ ടെക്നിക്കൽ ട്രെയിനിംഗ് സെന്ററായി രൂപകല്പന ചെയ്ത ഈ സ്ഥാപനം 1970-ൽ നിർമ്മാണം പൂർത്തിയായി. സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ABC Fabrications എന്ന കമ്പനിക്ക് ഒരു പ്രൊഡക്ഷൻ സെന്ററാ യി വാടകയ്ക്ക് നല്കുകയും ഏകദേശം രണ്ടു വർഷക്കാലം ബോട്ടിനുവേണ്ട യന്ത്രസാമഗ്രികൾ ഇവിടെ ഉല്പാദി പ്പിക്കുകയുമുണ്ടായി. 1972-ൽ തൊഴിൽപ്രശ്നംമൂലം

അടച്ചിടേണ്ടിവന്ന ഈ സ്ഥാപനം ഏകദേശം 16 വർഷക്കാലം പ്രവർത്തനരഹിതമായിരുന്നു. 1987ൽ കേരളസർക്കാർ ഈ സ്ഥാപനം സിൽക്കിനു കൈമാറുകയും ജനറൽ എഞ്ചിനീയറിംഗ് വർക്സ് എന്ന നാമധേയത്തിൽ ഈ യൂണിറ്റ് നിലവിൽ വരികയും ചെയ്തു. കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ത്വരിതപുരോഗതി കൈവരിച്ച ഈ പൊതുമേഖലാസ്ഥാപനം ഇന്ന് വികസനത്തിന്റെ പാതയിലാണ്.

Bus Body Building - ന്റെ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം ഒരു എഞ്ചിനീയറിംഗ് വ്യവസായസ്ഥാപനമായി വളരുകയും ഇന്ന് സ്റ്റീൽ ഫാബ്രിക്കേഷനിലും, മെഷിനിങ്ങിലും സംസ്ഥാനത്തിനകത്തും പുറത്തും അറിയപ്പെടുന്ന ഒരു യൂണിറ്റായി വളരുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചി ഷിപ്പ്യാർഡിന് ആവശ്യമായ സ്റ്റേജിംഗ് മെറ്റീരിയൽസ് അധികവും ഇന്ന് ഈ സ്ഥാപനമാണ് സപ്ളൈ ചെയ്യുന്നത്. സാമാന്യം ശ്രമകരമായ അലൂമിനിയം ബോക്സ് ഉൾപ്പെടെ Defence Department ആവശ്യമുളള സാധനങ്ങളും ഈ യൂണിറ്റിൽ നിർമ്മിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ പരമ്പരാഗത വ്യവസായാധിഷ്ഠിത സ്ഥാപനങ്ങൾ ഒഴിച്ചാൽ ഇന്ന് എഞ്ചിനീയറിംഗ് മേഖലയിലുളള ഏകസ്ഥാപനം ജനറൽ എഞ്ചിനീയറിംഗ് വർക്ക്സാണ്. 55ഓളം പേർക്ക് പ്രത്യക്ഷമായും ഒട്ടനവധി പേർക്ക് പരോക്ഷമായും തൊഴിൽ നല്കുന്ന ഈ സ്ഥാപനത്തിന് വർഷങ്ങളായി നിലനില്ക്കുന്ന നല്ല തൊഴിൽബന്ധങ്ങളുണ്ട്.

പരമ്പരാഗതമായ കയർമേഖലയ്ക്ക് ആവശ്യമായ പല യന്ത്രസാമഗ്രികളും ഈ സ്ഥാപനത്തിന് രൂപകല്പന ചെയ്തു നിർമ്മിക്കുവാൻ ശേഷിയുണ്ട്. കയർബോർഡുമായി ഇതിനാവശ്യമായ പ്രാരംഭ ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. വരുംകൊല്ലങ്ങളിൽ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനും പ്രത്യേകിച്ച് പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്കും ഈ സ്ഥാപനത്തിന് വൻസംഭാവനകൾ നല്കാൻ കഴിയും എന്നുളള കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു.

## വ്യവസായരംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

### 1. വൈദ്യുതിയുടെ ദൗർലഭ്യം

വ്യവസായരംഗത്തെ പ്രശ്നങ്ങളിൽ പ്രമുഖസ്ഥാനം വൈദ്യുതി ദൗർലഭ്യം തന്നെ. ഹൈ ടെൻഷൻ ഉപഭോക്താക്കളാണ് ഏറെ പരാധീനതകൾ അനുഭവിക്കുന്നത്. അനുവദനീയമായ ശേഷി പലപ്പോഴും മതിയായ പ്രവർത്തനത്തിന് പോരാതെവരും. പല പ്രസ്ഥാനങ്ങളും അമ്പതിൽ താഴെ മാത്രം സ്ഥാപിതശേഷിയിൽ ഒതുങ്ങുവാൻ നിർബന്ധിതമാകുന്നു. വോൾട്ടേജ് ക്ഷാമവും പ്രശ്നംതന്നെ. പല എച്ച്.ടി. ഉപഭോക്താക്കൾക്കും അനുവദിച്ചുകിട്ടിയ വിഹിതം കഴിഞ്ഞവർഷത്തെ പത്തുമാസത്തെ ആവറേജിന്റെ അടിസ്ഥാനത്തിലാണ്. ആവറേജ് കണക്കെടുക്കുന്ന കാലയളവിൽ പല കാരണങ്ങൾ കൊണ്ടും ഉല്പാദനക്ഷമത കൈവരിക്കുവാൻ കഴിയാതെ വന്ന സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉപഭോഗവും അതനുസരിച്ച് കുറവായിരിക്കും. അവർക്ക് അനുവദിച്ചു കിട്ടിയ വിഹിതം ഇപ്പോഴത്തെ പ്രവർത്തനത്തിന് തീരെ അപര്യാപ്തമാണ്. പുതിയ വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുളള കാലതാമസം ഇന്നത്തെ സാഹചര്യത്തിൽ സ്വാഭാവികമാണല്ലോ. ഈ പ്രശ്നത്തിന് പഞ്ചായത്തുതലത്തിൽ പരിഹാരമുണ്ടാക്കാൻ ബുദ്ധിമുട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ ഉപഭോഗത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടി ഡീസൽ ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായവും സബ്സിഡിയും നല്കുന്നതിന് പഞ്ചായത്തുതലത്തിൽ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കണം.

### 2. പരിസരമലിനീകരണം

ചെമ്മീനുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ജലമലിനീകരണത്തിനും പരിസര മലിനീകരണത്തിനും കാരണമാകുന്നു. പരിസര മലിനീകരണം ദുരീകരിക്കുന്നതിനു വേണ്ട ആസൂത്രിത സാങ്കേതികവിദ്യ ഈ രംഗത്ത് ഉണ്ടാക്കേണ്ടതാണ്. പരിസര മലിനീകരണസാധ്യതകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3. ബാങ്കിംഗ് മേഖലയുടെ അഭാവം

കേരളത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന വാണിജ്യബാങ്കുകളുടെ ഒരൊറ്റ ശാഖപോലും ഈ പഞ്ചായത്തിൽ ഇന്നില്ല. കേരളത്തിന്റെ വ്യാവസായിക വികസനത്തിന് എളിയ സംഭാവനയെങ്കിലും കാഴ്ചവയ്ക്കാൻ കഴിയുന്ന ഈ പഞ്ചായത്തിന് ബാങ്കിംഗ് സംവിധാനത്തിനായി സമീപപഞ്ചായത്തുകളെ ആശ്രയിക്കേണ്ട പരിതാപകരമായ അവസ്ഥയാണ്. ഇവിടെ ആകെക്കൂടി പറയാനുളളത്

പറയകാട് 2869നെക്കുറിച്ചു മാത്രമാണ്. ഈ പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനും ധനസഹായവും സാമ്പത്തിക ഉപദേശവും ലഭിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. വ്യവസായസംരംഭകർക്ക് ആവശ്യത്തിനുള്ള ധനസഹായം ലഭിക്കാൻ വളരെയധികം കാലതാമസം അനുഭവപ്പെടുന്നു. വിദഗ്ദ്ധോപദേശവും തദ്ദേശീയമായി ലഭ്യമല്ല.

## 4. രജിസ്ട്രേഷൻ നടപടികളുടെ കാലതാമസം

ഗ്രീൻ ചാനൽ പോലുള്ള നൂതന സൗകര്യങ്ങൾ സുലഭമായ ഈ അവസരത്തിലും വ്യവസായികസംരംഭകർക്ക് ഒട്ടേറെ പടിവാതിലുകൾ കയറിയിറങ്ങി മാസങ്ങൾ തള്ളിനീക്കേണ്ട അവസ്ഥയാണിവിടെ. താലൂക്ക് ഇൻഡസ്ട്രിയൽ സെന്ററും ബ്ലോക്ക് ലെവലിലുള്ള ഇൻഡസ്ട്രിയൽ പ്രമോഷൻ ഓഫീസും ഈ രംഗത്ത് കൂടുതൽ സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കേണ്ടിയിരിക്കുന്നു. വ്യവസായ സംരംഭകർക്ക് നടപടിക്രമങ്ങളെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം കൊടുക്കുവാൻ പഞ്ചായത്തു തലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം.

## 5. തൊഴിൽബന്ധം

പഞ്ചായത്തിൽ പൊതുവേ തൊഴിൽരംഗം ശാന്തമാണ്. തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ വ്യക്തമായ ധാരണയുടെയും പരസ്പരവിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. ഈ തൊഴിൽ ബന്ധം വ്യവസായ മേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിന് സഹായകമാകും. പരമ്പരാഗത തൊഴിൽമേഖലയിൽ ഇപ്പോഴുള്ള സേവനവേതന വ്യവസ്ഥകൾ, മറ്റു മേഖലയുമായി താരതമ്യപ്പെടുത്തി കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് തൊഴിലാളികളും തൊഴിലുടമകളും പരസ്പരധാരണയും വിശ്വാസവും മുൻനിർത്തി പ്രവർത്തിച്ചാൽ ഒരു നല്ല തൊഴിൽബന്ധം മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാകുംവിധം ഇവിടെ വാർത്തെടുക്കുവാൻ കഴിയുമെന്നുള്ളത് ഒരു സത്യമാണ്. ചെമ്മീൻ വ്യവസായരംഗത്തും അടയ്ക്കാവ്യവസായരംഗത്തും കൂലി കാലോചിതമായി പരിഷ്കരിക്കുവാൻ കഴിയണം.

## 6. അടിസ്ഥാനസൗകര്യം

വ്യവസായസ്ഥാപനങ്ങളെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന ടാർ ചെയ്ത റോഡുകൾ ഉണ്ടാകണം. തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ ലഭ്യമല്ലെന്നു പറയുന്നത് വിരോധാഭാസമായി തോന്നിയേക്കാം. പല വ്യവസായ സ്ഥാപനങ്ങൾക്കും പ്രത്യേക ട്രേഡുകളിൽ പ്രാഗൽഭ്യമുള്ള വിദഗ്ദ്ധതൊഴിലാളികളെ അന്യ ജില്ലകളിൽനിന്നുപോലും കണ്ടെത്തേണ്ട ദുഃസ്ഥിതിയാണ് ഇന്നിവിടെയുള്ളത്. ഈ പഞ്ചായത്തിന്റെ പരിധിയിൽ തൊഴിൽപരിശീലനത്തിനായി ഒരു സ്ഥാപനം പോലും നിലവിലില്ല. ഐ.ടി.ഐ., ഐ.ടി.സി. പോലുള്ള തൊഴിൽപരിശീലനസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പുതിയതായി ആരംഭിക്കേണ്ട ചെറുകിട വ്യവസായങ്ങൾ ഏതൊക്കെയാകണം എന്നുള്ളതിനെക്കുറിച്ച് ഗ്രാമസഭായോഗങ്ങളിൽനിന്നുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ചൂരൽ ഫർണിച്ചർ നിർമ്മാണയൂണിറ്റ്.
2. റബർചെരുപ്പ് നിർമ്മാണയൂണിറ്റ്.
3. ചിരട്ടക്കരിയൂണണിറ്റ്
4. ഹോളോ ഫേബ്രിക്സ് യൂണിറ്റ്
5. കറിപൗഡർ നിർമ്മാണയൂണിറ്റ്.
6. ചന്ദനത്തിരി നിർമ്മാണയൂണിറ്റ്.
7. കരകൗശല നിർമ്മാണയൂണിറ്റ്.
8. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂണിറ്റ്.
9. സഹകരണാടിസ്ഥാനത്തിൽ അടയ്ക്ക സംസ്ക്കരണ യൂണിറ്റ്.

4.4

# ഊർജ്ജം ഗതാഗതം, മാർക്കറ്റ്

**ഊർജ്ജം**

കുത്തിയതോട് പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സ് വിറകും വൈദ്യുതിയുമാണ്. വ്യവസായത്തിനും പാചകത്തിനും വെളിച്ചത്തിനും കാർഷികാവശ്യങ്ങൾക്കുമായിട്ടാണ് ഊർജ്ജത്തിന്റെ പ്രധാന പങ്കും വിനിയോഗിക്കുന്നത്. പാചകാവശ്യത്തിന് ഈ പഞ്ചായത്തിലെ 78 ശതമാനം വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. ഇവരിൽ ഒരു 10 ശതമാനം വീടുകളിൽ തെങ്ങിൽനിന്നു ലഭിക്കുന്ന വിറക് ഉപയോഗിച്ച് പാചകം ചെയ്യുന്നുണ്ട്. മൊത്തം വിറക് ആവശ്യത്തിന്റെ ഒരു പങ്കിന് തെങ്ങിനേയും പ്രദേശത്തെ മറ്റു ജൈവവസ്തുക്കളേയും ആശ്രയിച്ചിരുന്ന ജനങ്ങൾ ഇന്ന് വിലയ്ക്കുവാങ്ങുന്ന വിറകിനേയാണ് ആശ്രയിക്കുന്നത്. ചുരുക്കത്തിൽ പാചകാവശ്യത്തിന് ഉപയോഗിക്കുന്ന വിറകിന്റെ 90 ശതമാനം പുറമേനിന്ന് വിലകൊടുത്തുവാങ്ങുകയാണ് ചെയ്യുന്നത്. ഒരി കി.ഗ്രാം വിറകിന് ഇപ്പോൾ 1 രൂപ 60 പൈസയാണ് വില. പ്രതിമാസം ഒരു സാധാരണ കുടുംബത്തിൽ 30 കിലോഗ്രാം വിറക് ഉപയോഗിക്കുന്നു.

സ്വകാര്യ ഗ്യാസ് കണക്ഷൻ ഉൾപ്പെടെ ഏതാണ്ട് 10 ശതമാനം വീടുകളിൽ എൽ.പി.ജി. ഉപയോഗിക്കുന്നുണ്ട്. 7 ശതമാനം വീടുകളിൽ വൈദ്യുതി ഉപയോഗിച്ചുള്ള പാചകം നടക്കുന്നുണ്ട്. ശേഷിക്കുന്ന 5 ശതമാനം വീടുകളിൽ മണ്ണെണ്ണ ഉപയോഗിച്ച് പാചകം ചെയ്തുവരുന്നു. ഉയർന്ന സാമ്പത്തികനിലയുള്ള വീടുകളിലാണ് എൽ.പി.ജി. കാണുന്നത്. എന്നാൽ മണ്ണെണ്ണ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ മണ്ണെണ്ണ പെർമിറ്റ് ഉള്ളവർ മാത്രമാണ്. അവർ തന്നെ വിറക് ഉപയോഗിച്ച് പോരായ്മ പരിഹരിക്കുന്നതായാണ് മനസ്സിലാകുന്നത്. മണ്ണെണ്ണയുടെ ലഭ്യതക്കുറവും പുറംമാർക്കറ്റിൽ ഇതിന്റെ വിലക്കൂടുതലും (ഒരു ലിറ്ററിന് 10 രൂപ) ആയിരിക്കാം ഈ സ്രോതസ്സിലൂടെ പാചകം ചെയ്യുന്നവരുടെ എണ്ണം നാമമാത്രമാകാൻ കാരണം. ഊർജ്ജരംഗത്തെ ഏതൊരു വികസനപരിപാടിയും വിറകിന്റെ ലഭ്യതയേയും കാര്യക്ഷമമായ വിനിയോഗത്തേയും ഊന്നിയായിരിക്കണം.

പഞ്ചായത്തിലെ ആകെയുള്ള 5319 വീടുകളിലും 3 കല്ലടുപ്പ് ഉള്ളതായി കാണാം. എൽ.പി.ജി. കണക്ഷൻ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവരുടെ വീടുകളിലും വിറകുപയോഗത്തിനുള്ള 3 കല്ലടുപ്പുണ്ട്.

നിലവിലുള്ള 3 കല്ലടുപ്പുകളും സാധാരണ അടുപ്പുകളും ദക്ഷത കൂടിയ അടുപ്പുകളാക്കി മാറ്റിയാൽ വിറകിന്റെ ഉപയോഗം വലിയൊരളവിൽ കുറക്കാൻ കഴിയും.

**ഈ രംഗത്തെ പ്രശ്നങ്ങൾ**

1. ബഹുഭൂരിപക്ഷം വീടുകളിലും പാചകാവശ്യത്തിനായി വിറകാണ് ഉപയോഗിക്കുന്നത്.
2. മുൻകാലങ്ങളിൽ തെങ്ങിൽനിന്നും മറ്റു മരങ്ങളിൽനിന്നും

ലഭിച്ചിരുന്ന ജൈവവസ്തുക്കൾ ഇന്ന് അതേ തോതിൽ ലഭിക്കുന്നില്ല. അതുകൊണ്ട് പുറമേനിന്ന് വാങ്ങുന്ന വിറകിനെ ആശ്രയിക്കേണ്ടിവരുന്നു.

3. ബഹുഭൂരിപക്ഷം വീടുകളിലും പ്രാചീനമായ മൂന്ന് കല്ലടുപ്പുകളും സാധാരണ അടുപ്പുകളുമാണ് ഉപയോഗിക്കുന്നത്. ഈ അടുപ്പ് സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളാണ് ഏറ്റവും ഗുരുതരം. കൂടാതെ സാമ്പത്തികനഷ്ടവും ഊർജ്ജദുർവ്യയവും ഉണ്ടാകുന്നു.

4. വൈദ്യുതരംഗത്തെ വോൾട്ടേജ് ക്ഷാമം പല വാർഡുകളിലും ഒരു പ്രശ്നം തന്നെയാണ്.

5. ബയോഗ്യാസ് പ്ളാന്റില്ല.

### നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

| നമ്പർ | ഇനവിവരം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | ഗാർഹികം | 3191 | 60 |
| 2 | വ്യാപാരം | 480 | |
| 3 | വ്യാവസായികം | 78 | |
| 4 | കാർഷികം | 53 | |
| | ആകെ | 3802 | |

### നിലവിൽ വൈദ്യുതകണക്ഷന് അപേക്ഷ നല്കി കാത്തിരിക്കുന്നവർ

| നമ്പർ | ഇനവിവരം | എണ്ണം |
|---|---|---|
| 1 | ഓർഡിനറി | 20 |
| 2 | O T P | 7 |
| 3 | O.Y.E.C. | 30 |
| | ആകെ | 57 |

ഈ വർഷം നല്കിയ വൈദ്യുതി കണക്ഷനുകളുടെ വിവരം

| നമ്പർ | ഇനവിവരം | എണ്ണം |
|---|---|---|
| 1 | ഓർഡിനറി | 8 |
| 2 | O T P | 11 |
| 3 | O.Y.E.C. | 80 |
| | ആകെ | 99 |

### സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ മൂന്നു കല്ലടുപ്പുകളും വരുന്ന ഒരു വർഷം കൊണ്ട് മാറ്റി ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കണം.

2. വിറകാവശ്യത്തിനായി പഞ്ചായത്ത് പുറംപോക്കിനേയും മറ്റു പൊതുസ്ഥലങ്ങളേയും ഹരിതവൽക്കരിക്കണം.

3. ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കണം. (ഒറ്റയ്ക്കോ, കൂട്ടായോ.)

4. സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്ന ഇനത്തിൽ പഞ്ചായത്തിൽനിന്നും പണം നല്കുന്നുണ്ടെങ്കിലും വിളക്കുകൾ മിക്കതും കത്താറില്ല. ഇതിന് അറുതി വരുത്തുകയും ഇപ്പോൾ ഫോർ ലൈൻ ആക്കുന്ന ദേശീയപാതയുടെ ഇരുവശങ്ങളിലും പഞ്ചായത്ത് അതിർത്തിയിൽ ആധുനികവിളക്കുകൾ സ്ഥാപിക്കുകയും വേണം.

5. മണ്ണെണ്ണ പെർമിറ്റ് റേഷൻകാർഡുടമകൾക്ക് മുഴുവൻ നല്കുകയും ഇപ്പോഴുള്ളവരുടെ മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും വേണം.

### വൈദ്യുതി

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് തൈക്കാട്ടുശ്ശേരി സബ്സ്റ്റേഷനിൽനിന്നാണ്. 11 കെ.വി. ലൈൻ 10 കി.മീ. നീളത്തിൽ ഇവിടെക്കൂടെ കടന്നുപോകുന്നു. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 21 എൽ.ടി ട്രാൻസ്ഫോർമറുകൾ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും വോൾട്ടേജ് ക്ഷാമം ഒരു തീരാപ്രശ്നമായി ഇവിടെ നിലനില്ക്കുന്നു. നിലവിൽ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളിൽ ഭൂരിഭാഗവും ഐസ് പ്ളാന്റുകളുമായി ബന്ധപ്പെട്ട് നിലനില്ക്കുന്നതു കൊണ്ടുതന്നെ ഗാർഹികാവശ്യത്തിന് ലഭ്യമാകുന്ന വൈദ്യുതി വളരെ അപര്യാപ്തമാണ്.

**പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ**

| നമ്പർ. | സ്ഥാപിച്ചിരിക്കുന്ന സ്ഥലം | പ്രവർത്തന ക്ഷമത | എണ്ണം |
|---|---|---|---|
| 1 | ഐ.ടി.ഐ | 100 KVA | 1 |
| 2 | നജാത് ഐസ്പ്ളാന്റ് | 100 KVA | 1 |
| 3 | പി.കെ. റോഡ് | 100 KVA | 1 |
| 4 | നാളികാട്ട് | 100 KVA | 1 |
| 5 | തഴുപ്പ് | 100 KVA | 1 |
| 6 | കുത്തിയതോട് തെക്ക് | 160 KVA | 1 |
| 7 | ഭീമാ ഐസ്പ്ളാന്റ് | 100 KVA | 1 |
| 8 | കുത്തിയതോട് പള്ളി | 100 KVA | 1 |
| 9 | സൂറത്ത് ഐസ്പ്ളാന്റ് | 250 KVA | 1 |
| 10 | പള്ളിത്തോട് | 100 KVA | 1 |
| 11 | വാവക്കാട് | 50 KVA | 1 |
| 12 | പൂപ്പള്ളിയിൽ | 63 KVA | 1 |
| 13 | പ്രിയ ഐസ്പ്ളാന്റ് | 160 KVA | 1 |
| 14 | പൂപ്പള്ളിയിൽ | 150 KVA | 1 |
| 15 | ഫാത്തിമാ ഐസ്പ്ളാന്റ് | 100 KVA | 1 |
| 16 | സൗമ്യാ ഐസ്പ്ളാന്റ് | 100 KVA | 1 |
| 17 | വെട്ടിയകാട് | 160 KVA | 1 |
| 18 | സായ് ഐസ്പ്ളാന്റ് | 100 KVA | 1 |
| 19 | പള്ളിത്തോട് ബ്രാഞ്ച് | 100 KVA | 1 |
| 20 | അരുൺ ഐസ്പ്ളാന്റ് | 100 KVA | 1 |
| 21 | എൻ.സി.സി. കവല | 100 KVA | 1 |
| ആകെ | | | 21 |

വെളിച്ചത്തിനും ആധുനിക ഗൃഹോപകരണങ്ങളുടെ ഉപയോഗത്തിനുമാണ് വൈദ്യുതി പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ ഇവിടെയുള്ള എട്ട് ഐസ് പ്ളാന്റുകളിൽ ഐസ് ഉല്പാദിപ്പിക്കുന്നതിനും അമാൽഗം കമ്പനിയിലെ ഫുഡ്പ്രോസസ്സിംഗിനും സ്റ്റീൽ പ്ളാന്റിനും ഒരു നല്ല ശതമാനം വൈദ്യുതി ഉപയോഗം ഉണ്ട് മിക്കവാറും വീടുകളിൽ നിലവാരം കുറഞ്ഞ ബൾബുകളാണ് ഉപയോഗിച്ചിരിക്കുന്നത്. (60 വോൾട്ട് 100 വോൾട്ട്.) വൈദ്യുതീകരിച്ചിരിക്കുന്ന 3191 വീടുകൾ ഉള്ളവയിൽ ശരാശരി 5 ബൾബ് ഒരു വീടിനുണ്ട്. അങ്ങിനെ 15,955 ബൾബുകൾ ഒരുദിവസം 3 മണിക്കൂറുകൾ കത്തും. ഇത് 60 വോൾട്ടുള്ള ബൾബായിരിക്കും. ഇത്രയും ബൾബുകൾ 40 വോൾട്ട് ട്യൂബ് ആക്കിയാൽ പ്രതിദിനം 929 യൂണിറ്റ് വൈദ്യുതി ലാഭിക്കാം. വളരെയധികം വൈദ്യുതി ഊർജ്ജം കുടിച്ചു വറ്റിക്കുന്ന ഉപകരണമാണ് ഹീറ്റർ. ഇതിന്റെ ഉപയോഗം പഞ്ചായത്തിൽ പരമാവധി കുറയ്ക്കണം.

**പ്രശ്നങ്ങൾ**

1. വോൾട്ടേജ് ക്ഷാമം
2. പവർകട്ട് വൈദ്യുതതടസ്സം
3. കാര്യക്ഷമത ഇല്ലാത്ത വൈദ്യുതഉപകരണങ്ങൾ
4. 57 വീടുകളിൽ വൈദ്യുതീകരിക്കുന്നതിനായി അപേക്ഷ നല്കി കാത്തിരിക്കുന്നു.

**സാദ്ധ്യതകൾ**

പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

1. ടച്ച് ക്ലിയറൻസ് നടത്തണം (വർഷത്തിൽ രണ്ടുതവണ)
2. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം.
3. കാര്യക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കണം.
   a) പഞ്ചായത്തിൽ ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും വരുന്ന 5 വർഷംകൊണ്ട് മാറ്റി 40 വോൾട്ട് ട്യൂബുകൾ ഇലക്ട്രോണിക് ചോക്ക് സഹിതം സ്ഥാപിക്കണം.
   b) പമ്പുസെറ്റുകൾക്ക് കാര്യക്ഷമതയുള്ള വാൽവുകൾ സ്ഥാപിക്കണം.
   c) ഹീറ്റർ പോലെയുള്ള ഉപകരണങ്ങൾ നിരുത്സാഹപ്പെടുത്തണം.
   d) ടിവിയുടെ പ്രവർത്തനം റെഗുലേറ്റ് ചെയ്യണം.
   e) ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ പ്രോൽസാഹിപ്പിക്കണം.
   f) വൈകീട്ട് 6 മണിമുതൽ 10 മണിവരെ മോട്ടോർ ഹീറ്റർ, മിക്സി, ഗ്രൈന്റർ, തേപ്പുപെട്ടി മുതലായ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരിക്കുക.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുക എന്നത് വളരെ അനിവാര്യമാണ്. അതിനാവശ്യമായ നടപടികൾ ഉണ്ടായേ തീരൂ. പാരമ്പര്യേതര സ്രോതസ്സുകളുടെ സാദ്ധ്യതയും പരിശോധിക്കണം. താപനിലയങ്ങളുടെ ഒരു ശൃംഖലതന്നെ യുണ്ടാകണം. സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തണം.

### ഗതാഗതം

1929–ൽ നിർമ്മിതമായ നാഷണൽ ഹൈവേയാണ് പഞ്ചായത്തിലൂടെയുള്ള ആദ്യത്തെ റോഡ്. ഈ റോഡ് വരുന്നതിനു മുമ്പ് കാൽനടയായിട്ടായിരുന്നു സഞ്ചാരം. കാൽനടയായി ചുമന്നാണ് സാധനങ്ങൾ കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതും. ഇന്നത്തെ കുത്തിയതോട് എസ്.എൻ.ഡി.പി. ശാഖായോഗം ആഫീസിന്റെ മുന്നിലും എ.എൻ.കെ. റോഡിന്റെ തെക്കുഭാഗത്തും ഓരോ ചുമടുതാങ്ങി വീതം ഉണ്ടായിരുന്നു. അന്നത്തെ പ്രധാന ഗതാഗതമാർഗ്ഗം ജലഗതാഗതമായിരുന്നു. കുറുമ്പിൽ കായലും ദേശത്തോടുമായിരുന്നു ഗതാഗതമാർഗ്ഗം. നാഷണൽ ഹൈവേയുടെ റോഡ് നിർമ്മാണത്തിനാവശ്യമായ കല്ലും മറ്റു സാധനങ്ങളും കൊണ്ടുവന്നത് ഈ കായലുകൾ വഴിയാണ്. ഇന്നീ കായലുകൾ പലഭാഗത്തും നികർന്നും ഫാക്ടറികളിലേയും പീലിംഗ് ഷെഡ്ഡിലേയും മലിനജലംകൊണ്ട് മലിനപ്പെട്ടു കിടക്കുന്നു. 1948ൽ നിർമ്മിതമായ തുറവൂർ കുമ്പളങ്ങി റോഡാണ് പഞ്ചായത്തിലെ രണ്ടാമത്തെ റോഡ്. ഈ റോഡ് കുത്തിയതോട് പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്നു. റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. 1954ൽ നിർമ്മിതമായ പി.കെ. റോഡാണ് പഞ്ചായത്തിലെ മൂന്നാമത്തെ റോഡ്. ഈ റോഡ് നാഷണൽ ഹൈവേയിൽ തുടങ്ങി തുറവൂർ കുമ്പളങ്ങി റോഡിൽ അവസാനിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള മറ്റു റോഡുകൾ താഴെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഒരു റെയിൽവേ സ്റ്റേഷനുണ്ട്. 5, 6, 7 എന്നീ വാർഡുകളിൽ കൂടിയാണ് റെയിൽവേ ലൈൻ കടന്നുപോകുന്നത്.

പഞ്ചായത്തിലെ ഇന്നത്തെ റോഡ് ലഭ്യത സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെങ്കിലും ഇനിയും വളരെയധികം റോഡുകൾ വേണമെന്ന ആവശ്യം ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

### റോഡ് ലഭ്യത വാർഡടിസ്ഥാനത്തിൽ

പട്ടിക 1

### കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡുകളുടെ പേര് | നീളം | വീതി | ടാർ | പൂഴി |
|---|---|---|---|---|---|---|
| I | 1. | കുത്തിയതോട് പഴയപാലം മുതൽ കിഴക്കോട്ട് ശ്രീകുമാർ ഇൻഡസ്ട്രീസ് വരെയുള്ള റോഡ് | 150 M. | 2 M. | | ✓ |
| | 2. | കുത്തിയതോട് എസ്.എൻ.ഡി.പി. വളമംഗലം റോഡ് | 250 M. | 3 M. | | ✓ |
| | 3. | പാട്ടുകുളങ്ങര വളമംഗലം റോഡ്, (എൻ.എച്ച് വലിയപാടം റോഡ്) | 265 M. | 3 M. | | ✓ |
| | 4. | എൻ.എച്ച് 47 മുതൽ മേക്കോടത്തു ലക്ഷംവീടുകോളനിവരെയുള്ള റോഡ് | 255 M. | 1-90 M. | | ✓ |
| | 5. | എൻ.എച്ച് 47ൽനിന്ന് കിഴക്കോട്ട് സിൽക്കിനു വടക്കുവശത്തുകൂടി അമ്പലപ്പാട്ടുവരെയുള്ള റോഡ് | 155 M. | 2.50 M | | ✓ |
| | 6. | എൻ.എച്ച് 47 മുതൽ കണവേലിൽ വരെയുള്ള റോഡ് | 200 M. | 2.50 M. | | ✓ |
| II | 1. | പി.കെ. റോഡ് മുതൽ കുമരകത്തുവരെയുള്ള റോഡ് (പ്രിയദർശിനി റോഡ്) | 300 M. | 2.75 M. | ✓ | |
| | 2. | കുമരകത്തുമുതൽ നാളികാട്ടുക്ഷേത്രം വരെയുള്ള റോഡ് | 200 M. | 2.50 M. | | ✓ |
| | 3. | നാളികാട്ടുക്ഷേത്രം മുതൽ എൻ.എച്ച് 47 വരെയുള്ള റോഡ് | 300 M. | 3 M. | | ✓ |
| | 4. | നാളികാട്ടുക്ഷേത്രം മുതൽ വേന്തനേഴം വരെയുള്ള റോഡ് | 500 M. | 2.75 M. | | ✓ |
| | 5. | വേന്തനേഴം മുതൽ സബ്ട്രഷറി വരെ (കുത്തിയതോട് പഴയപാലം വരെ) | 400 M. | 2 M. | | ✓ |
| | 6. | എൻ.എച്ച് 47 മുതൽ കുമരകത്തുവരെയുള്ള റോഡ് | 115 M. | 3 M. | | ✓ |
| | 7. | സബ്ട്രഷറി മുതൽ കുത്തിയതോട് കമ്പോളം വരെയുള്ള റോഡ് | 45 M. | 2.75 M. | | ✓ |
| III | 1. | എ.എൻ.കെ. റോഡിൽനിന്ന് അമാൽഗം കമ്പനിവഴി പി.കെ. റോഡിൽ എത്തുന്ന റോഡ് | 600 M. | 2.80 M. | ✓ | |
| | 2. | അമാൽഗം മുതൽ കുണ്ടംപോഴി കോളനിവരെയുള്ള റോഡ് | 67 M. | 2.70 M. | | ✓ |
| | 3. | പി.കെ. റോഡുമുതൽ തെരുവിൽമഠം വരെയുള്ള റോഡ് | 187 M. | 3 M. | | ✓ |

| | | | | | | |
|---|---|---|---|---|---|---|
| IV | 1 | എൻ.എച്ച് 47 മുതൽ വലിയപറമ്പ് വരെയുള്ള റോഡ് (എ.എൻ.കെ. റോഡ്) | 482 M. | 3.50 M. | ✓ | |
| | 2. | ദേശത്തോട് പാലം മുതൽ വലിയപറമ്പ് വരെ (എ.എൻ.കെ. റോഡ്) | 100 M. | 3 M. | | ✓ |
| | 3. | തുറവൂർ ക്ഷേത്രം മുതൽ തറയിന്മേൽ പുരയിടം വരെയുള്ള റോഡ് | 460 M. | 2.50 M. | | ✓ |
| | 4. | എ.എൻ.കെ. റോഡുമുതൽ ചാരപറമ്പ് കോളനിവരെ | 390 M. | 2.75 M. | | ✓ |
| V | 1. | തഴുപ്പുകവല മുതൽ തഴുപ്പു കടത്തുകടവുവരെയുള്ള റോഡ് (ഡോ. അംബേദ്കർ റോഡ്) | 1191 M. | 3 M. | ✓ | |
| | 2. | ദേശത്തോടു പാലം മുതൽ റയിൽവേസ്റ്റേഷൻവരെ | 194 M. | 3 M. | | ✓ |
| | 3. | തഴുപ്പു കവലമുതൽ തെക്കോട്ടു മരിയപുരംപള്ളിവരെ | 570 M. | 3 M. | | ✓ |
| | 4. | റയിൽവേ ക്രോസിംഗ് മുതൽ ആഞ്ഞിലിത്തറ പുരയിടം വരെ (അമ്പലപ്പാട്ടുറോഡ്) | 338 M. | 3 M. | | ✓ |
| | 5. | റയിൽവേലൈനിനു പടിഞ്ഞാറുവശം റയിൽവേക്രോസുമുതൽ ചിറയിൻ പുരയിടം വരെയുള്ള റോഡ് | 150 M. | 2 M. | | ✓ |
| | 6. | നീരാഴിത്തറ മുതൽ റയിൽവേലൈനിനു പടിഞ്ഞാറുവശം അമ്പാടിവരെയുള്ള റോഡ് | 200 M. | 2 M. | | ✓ |
| VI | 1. | തുറവൂർ റയിൽവേ സ്റ്റേഷൻ മുതൽ ചൊക്കുംതറവരെ. | 463 M. | 3 M. | | ✓ |
| VII | 1 | തുറവൂർ കുമ്പളങ്ങി റോഡിൽനിന്ന് കളരിക്കൽ പാലംവരെ (ദേശത്തോടു പാലത്തിനു പടിഞ്ഞാറുവശം) | 160 M. | 2.50 M. | | ✓ |
| | 2. | തുറവൂർ കുമ്പളങ്ങി റോഡിൽ നിന്ന് (എസ്.എസ്. കലാമന്ദിറിന്റെ തെക്കുഭാഗത്ത്) വലിയപറമ്പ് പുരയിടം വരെയുള്ള റോഡ് | 120 M. | 2.75 M. | | ✓ |
| | 3. | ടി.ഡി.എൽ.പി. സ്ക്കൂൾ മുതൽ കരേത്തോടുവരെ | 210 M. | 2.75 M. | | ✓ |
| VIII | 1. | കണ്ണാട്ടുകവലമുതൽ മംഗലപുരം പാലംവരെയുള്ള റോഡ് | 423 M. | 2.75 M. | ✓ | |
| | 2. | ചൊങ്ങംതറ മുതൽ കാനാപറമ്പ് കോളനിവരെയുള്ള റോഡ് | 55 M. | 3 M. | | ✓ |
| | 3. | പി.കെ. റോഡുമുതൽ വടയ്ക്കേതലയ്ക്കൽ പുരയിടം വരെയുള്ള റോഡ് | 210 M. | 2.70 M. | | ✓ |
| IX | 1. | കുമ്പളങ്ങി റോഡിൽനിന്ന് (ടെനിമന്ദിരം പുരുഷന്റെ ഐസ്പ്ളാന്റിനു തെക്കുവശത്തുകൂടി) ചങ്ങരംതോടുവരെയുള്ള റോഡ് | 142 M. | 2.65 M. | | ✓ |
| | 2. | കണ്ണാട്ടുകവലമുതൽ ചിരട്ടപ്പാലം വരെയുള്ള റോഡ് | 122 M. | 2.50 M. | | ✓ |
| | 3. | നാലുകുളങ്ങര വാട്ടർടാങ്കുമുതൽ കരേത്തോടുവരെയുള്ള റോഡ് | 245 M. | 3.50 M. | | ✓ |
| | 4. | പൊൻപുറം പള്ളിമുതൽ പടിഞ്ഞാട്ടു കരേത്തോടുവരെയുള്ള റോഡ് | 94 M. | 4 M. | | ✓ |
| | 5. | ചാവടി ജംഗ്ഷനിലെ കുമ്പളങ്ങി-പള്ളിത്തോട് ലിങ്ക്റോഡ് | 50 M. | 4 M. | | ✓ |
| jX | 1. | പള്ളിത്തോട് ഹെൽത്ത് സെന്റർ മുതൽ ചിറക്കടവ് വരെയുള്ള റോഡ് (ഒന്നാംഭാഗം) | 123 M. | 3 M. | | ✓ |
| | | Total | 10.881 K.M. | | | |

| വാർഡ് | ആകെ നീളം | ടാർ ചെയ്തു |
|---|---|---|
| I | 1275 M | |
| II | 2260 M | 300 M ടാർ ചെയ്തു |
| III | 854 M | 600 M ,, |
| IV | 1432 M | 482 M ,, |
| V | 2643 M | 1191 M ,, |
| VI | 463 M | -- |
| VII | 490 M | -- |
| VIII | 688 M | 423 M ,, |
| IX | 653 M | -- |
| X | 123 M | -- |
| | 10.881 KM | 2.996 KM |

ഒന്നാം പട്ടികയിൽ റോഡുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ലഭ്യമായ റോഡ് നീളത്തിന്റെ ക്രോഡീകൃതചിത്രമാണ് പട്ടിക രണ്ട്. ആകെ 10.881 കി. മീറ്റർ പഞ്ചായത്ത് റോഡുണ്ട്. എൻ.എച്ച്. 47 പഞ്ചായത്തിൽ കൂടി കടന്ന് പോകുന്നു. നിലവിലുള്ള റോഡുകൾ മിക്കതും റിപ്പയറിംഗ് ആവശ്യമുള്ളവയാണ്. ടാറിംഗ് നിർദ്ദേശം നിലവിലുള്ള റോഡുകളുടെ വിവരം ഒന്നാം പട്ടികയിൽ നിന്നും ലഭ്യമാണ്. നിലവിലുള്ള ബഹുഭൂരിപക്ഷം റോഡുകളും റിപ്പയർ ആവശ്യമുള്ള റോഡുകളാണ്. പലതും ഗതാഗത യോഗ്യമല്ലാത്തതിനാൽ വ്യവസായം, മത്സ്യവിപണനം, കയർ എന്നീ മേഖലകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് ഗ്രാമസഭാചർച്ചകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗ്രാമസഭാ നിർദ്ദേശം ചുവടെ ചേർക്കുന്നു.

## റിപ്പയറിംഗ് നിർദ്ദേശം പട്ടിക 3

| നമ്പർ | റോഡിന്റെ പേര് | വിശദാംശങ്ങൾ |
|---|---|---|
| 1. | മുകപ്പുറോഡുപാലം | കോൺക്രീറ്റു ചെയ്യുക |
| 2. | കോവിലകത്തു റോഡ് | പൂർത്തീകരിക്കുക |
| 3. | ഈശ്വരാ പ്രസ്സ് റോഡ് | പൂർത്തീകരിക്കുക |
| 1. | കുറുമ്പിൽ നാളികാടു എസ്.എൻ.ഡി.പി. | ടാർ ചെയ്യുക |
| 1. | നായില്ലത്തുപാലം | കോൺക്രീറ്റു ചെയ്യുക |
| 1 | തഴുപ്പ് റെയിൽവേസ്റ്റേഷൻ | അറ്റകുറ്റപ്പണികൾ തീർക്കുക |
| 2. | തഴുപ്പ് - കുന്നേൽ റോഡ് | പണിതീർക്കുക |
| 3. | തഴുപ്പ് ഫെറി | വികസിപ്പിക്കുക |
| 1 | കാനാപ്പറമ്പ് റോഡ് | പൂർത്തീകരിക്കുക |
| 2. | ചാവടി റെയിൽവേസ്റ്റേഷൻ | പൂർത്തീകരിക്കുക |
| 1. | കാരത്തോട് റോഡ് | ടാർ ചെയ്യുക |
| 2. | ചെറയിൽ റോഡ് | പൂർത്തീകരിക്കുക |
| 3. | പുത്തൻകാവ് റോഡ് | അറ്റകുറ്റപ്പണി തീർക്കുക |
| 1. | കാരത്തോട് | ആഴം കൂട്ടണം |
| 2. | തുറവൂർ കുമ്പളങ്ങി | നടപ്പാത |
| 1. | കാട്ടക്കൽ റോഡ് | പൂർത്തീകരിക്കുക |

## പുതിയ റോഡ് വഴി നിർദ്ദേശം

| വാർഡ് നമ്പർ | നമ്പർ | റോഡിന്റെ പേര് | വിശദാംശങ്ങൾ |
|---|---|---|---|
| I | 1. | തേവലക്കാട്ട്–വലിയപാടം | സായി ഇൻഡസ്ട്രീസിന് വടക്കുവശം കിഴക്കോട്ടുകിടക്കുന്ന പൊതുവഴി |
| | 2. | കുന്നേൽ റോഡ് | കുന്നേൽ ഹരിജൻ കോളനിയിലേക്കുള്ള പൊതുവഴി |
| | 3. | തൈക്കാട്ടുശ്ശേരി ഫെറി റോഡ് | സിൽക്കിൽനിന്നും കിഴക്കോട്ടുള്ള റോഡിന്റെ ബാക്കിഭാഗം |
| | 4. | അമ്പാട്ടുകലുങ്ക്–വലിയപാടം | പെട്രോൾപമ്പിന് കിഴക്കോട്ടുള്ള റോഡിന്റെ ബാക്കിഭാഗം |
| | 5. | ഈശ്വരപ്രസ്സ് റോഡ് | ഈശ്വരപ്രസ്സിന് സമീപം തുടങ്ങി മുകപ്പിൽ അവസാനിക്കുന്ന റോഡ് |
| | 6. | തോണിത്തോട് പാലം | തോണിത്തോടിനു കുറുകെ ഒരു കോൺക്രീറ്റുപാലം |
| II | 1. | പാട്ടുകുളങ്ങര ലക്ഷംവീട് | പാട്ടുകുളങ്ങര ലക്ഷംവീടുവശത്തേക്കുള്ള പൊതുവഴി |
| | 2. | കുറുമ്പിൽറോഡ് | കുറുമ്പിൽ പാലത്തിനു കിഴക്കുമുതൽ വടക്കോട്ട് |
| | 3. | മാത്താപറമ്പ് റോഡ് | കെ.പി. കവലയിൽനിന്നും പടിഞ്ഞാറോട്ടുമാറി വടക്കോട്ടു കിടക്കുന്നവഴി. |
| | 4. | മുല്ലപ്പള്ളി | മുല്ലപ്പള്ളി പുരയിടത്തിന്റെ വടക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ട് |
| III | 1. | ഗുരുമന്ദിരം–അമാൽഗം റോഡ് | കുറുമ്പിൽപാലത്തിനു കിഴക്കുനിന്ന് തെക്കോട്ട് അമാൽഗം കമ്പനിക്ക് സമീപംവരെ. |
| | 2. | അമാൽഗം എൻ.എച്ച്. 47 | അമാൽഗംകമ്പനിയുടെ വടക്കുവശത്തുനിന്നും എൻ.എച്ച്. 47 വരെ |
| | 3. | കെ.പി.റോഡ്–എ.എൻ.കെ. റോഡ് | കെ.പി. റോഡിൽനിന്നും തുടങ്ങി തെക്കോട്ടു വച്ചിരിക്കുന്ന റോഡ് എ.എൻ.കെ.യുമായി ബന്ധിപ്പിക്കുക |

| | | | |
|---|---|---|---|
| | 4. | കെ.പി.റോഡ്–എ.എൻ.കെ. റോഡ് | കെ.പി. ജംഗ്ഷനു പടിഞ്ഞാറ് സലഫി മന്ദിരം വഴി എ.എൻ.കെ. റോഡ് |
| | 5. | ലക്ഷംവീട്–എ.എൻ.കെ. റോഡ് | ലക്ഷംവീട്ടിൽനിന്നും പടിഞ്ഞാറു പുത്തൻപുരയ്ക്കൽ കൂടി തെക്കോട്ട് എ.എൻ.കെ. റോഡ് വരെ. |
| IV | 1. | ഖാദിബോർഡ്–റെയിൽവേ | ഖാദിബോർഡിന്റെ അടുത്തുകൂടി പോകുന്ന റോഡ് ചാരുപറമ്പ് പുരയിടം വഴി റെയിൽവേസ്റ്റേഷനുമായി ബന്ധിപ്പിക്കുക |
| | 2. | തുറവൂർ റോഡ്–ഖാദി റോഡ് | തുറവൂർ ക്ഷേത്രത്തിനു വടക്കുവശത്തുകൂടി പോകുന്ന റോഡ് വീതി കൂട്ടി ഖാദിറോഡുമായി ബന്ധിപ്പിക്കുക. |
| | 3. | ടി.ഡി.റോഡ്–ചെമ്പകാ ബിൽഡിംഗ് | ടി.ഡി. റോഡിൽതുടങ്ങി ചെമ്പകാ ബിൽഡിംഗിനു സമീപംകൂടി ഖാദി റോഡുമായി ബന്ധപ്പിക്കുക. |
| | 4. | നായില്ലത്ത് കോളനി–ഖാദിറോഡ് | നായില്ലത്ത് കോളനി, കരിപ്പായി, പോത്രാട് എന്നീ പുരയിടങ്ങൾ വഴി ഖാദിറോഡുമായി ചേർക്കുക. |
| | 5. | നായില്ലത്ത് കോളനി–റെയിൽവേസ്റ്റേഷൻ | നായില്ലത്ത് കോളനിയിൽ നിന്നും റെയിൽവേ സ്റ്റേഷനിലേക്ക് |
| | 6. | ആശുപത്രി–തുറവൂർ വടക്ക് | എൻ.എച്ച് ൽനിന്നും തുറവൂർ ആശുപത്രിയുടെ വടക്കുവശത്തുകൂടി ഒരു റോഡ് |
| | 7. | എസ്.ഡി. കോളേജ് റോഡ് | എസ്.ഡി. കോളെജിന്റെ തെക്ക്വശത്തുകൂടി പടിഞ്ഞാറോട്ട് ഒരു റോഡ് |
| | 8. | പഴുക്കാട്ട്–എൻ.എച്ച്. റോഡ് | എൻ.എച്ചിൽനിന്നും പഴുക്കാട്ട് അമ്പലത്തിനു സമീപംവഴി നായില്ലത്തുറോഡുമായി ചേർക്കുക. |
| | 9. | ദേശതോട്–ഒട്ടാരം | ദേശതോടുപാലത്തിന്റെ കിഴക്കുനിന്നും ഒട്ടാരത്തിലേക്ക് ഒരുറോഡ് കിഴക്കോട്ട് |
| | 10. | കാക്കരേഴത്തു പാലം | കാക്കരേഴത്തു വടക്കുവശം തോട്ടിൽ പാലം നിർമ്മിക്കുക |
| V | 1. | കായൽത്തീരം–തഴുപ്പ് | കായൽത്തീരത്ത് തഴുപ്പ് റോഡിലേക്ക് ഫുഡ്പാത്ത് നിർമ്മിക്കുക. |
| VI | 1. | കാനാപ്പറമ്പ്–ചാവടി | കാനാപ്പറമ്പിനെ ചാവടിയുമായി ബന്ധിപ്പിക്കുക |
| | 2. | ടി.ഡി. റോഡ് –എ.എൻ.കെ. റോഡ് | റെയിൽവേ ലൈനിനു കിഴക്കുവശം ടി.ഡി.റോഡും എൻ.സി.സി. റോഡുമായി ബന്ധിപ്പിക്കുക |
| | 3. | മൂലപ്പാൻ തുരുത്ത്–തുറവൂർ കുമ്പളങ്ങി | മൂലപ്പാൻ തുരുത്തിൽനിന്നും കുമ്പളങ്ങി റോഡുമായി ബന്ധിപ്പിക്കുക |
| | 4. | റെയിൽവേസ്റ്റേഷൻ–ചാവടി റോഡ് | റെയിൽവേ സ്റ്റേഷൻ റോഡിൽനിന്നും കൊല്ലശ്ശേരി പ്രദേശവുമായി ബന്ധിപ്പിച്ച് ചാവടിയിലേക്ക് |
| | 5. | കൈതക്കാടുപാലം | എട്ടാംവാർഡും ആറാംവാർഡുമായി ബന്ധിപ്പിക്കുന്ന പാലം |
| VII | 1. | കാരത്തോടുപാലം | |
| | 2. | ടിഡി. ജംഗ്ഷൻ–തോട്ടകര | ടി.ഡി. ജംഗ്ഷനിൽനിന്നും തോട്ടങ്കരവരെ റോഡ് എത്തിക്കുക |
| | 3. | കാരത്തോട് റോഡ് | കാരത്തോട് ദേശീയതോട് സമാന്തരറോഡ് |
| | 4. | ടി.ഡി. റെയിൽവേസ്റ്റേഷൻ | |
| | 5. | ആർത്തി കമ്പോളം–കാരത്തോട് | |
| VIII | 1. | എ.കെ.ജി. റോഡ് | എ.കെ.ജി ജംഗ്ഷനിൽനിന്ന് കിഴക്കോട്ട് ഇരുമ്പൻചിറ വഴി |
| | 2. | കുമ്പളങ്ങി റോഡ്–ചങ്ങരംതോട് | എട്ടാംവാർഡിൽ റെയിൽവേട്രാക്കിന്റെ ഭാഗത്തുനിന്ന് ഒരു റോഡ് ആരംഭിച്ച് കാനാപ്പറമ്പ്വഴി ചങ്ങരംവരെ. |
| IX | 1. | പൊൻപുറം റോഡ്–കണ്ണാട്ട് റോഡ് | പൊൻപുറം റോഡ് കണ്ണാട്ട് റോഡുമായി ബന്ധിപ്പിക്കുക |
| | 2. | പൊൻപുറം–കാരത്തോട് | |
| | 3. | പൊഴിച്ചിററോഡ്–ചങ്ങരംതോട് | പൊഴിച്ചിററോഡിൽനിന്ന് ചങ്ങരംതോടിന് പടിഞ്ഞാറുഭാഗത്തേക്ക്. |
| | 4. | കണ്ണാട്ടു ജംഗ്ഷൻ–പൊഴിച്ചിറ | കണ്ണാട്ടുകവലയിൽനിന്ന് പൊഴിച്ചിറവരെ |
| | 5. | നാലുകുളങ്ങരറോഡ്–കാരത്തോട് | നാലുകുളങ്ങരയിൽനിന്നുള്ള റോഡ് കാരത്തോട് വരെയെത്തിക്കുക. |
| | 6. | സ്ലാബ്പാലം | പൊഴിച്ചിറ അങ്കനവാടിയിലേക്കുള്ള വഴിയിലെ തോടിൽ |
| | 7. | ഫാത്തിമ ഐസ് പ്ളാന്റ്–കാരത്തോട് | ഈ പ്ളാന്റിന്റെ തെക്കുവശത്തുള്ള നടപ്പാത വീതികൂട്ടി കാരത്തോട്ടിലേക്ക് |
| X | 1. | ആശുപത്രി റോഡ് | ആശുപത്രിയുടെ കിഴക്കുഭാഗത്തുനിന്നും വടക്കോട്ടുള്ള റോഡ് |

റോഡുകളുടെ നിർമ്മാണത്തിനായി സന്നദ്ധ പ്രവർത്തനം എല്ലാ വാർഡുകളിലും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കുറെ കാലമായി പഞ്ചായത്ത് പുതുതായി നിർമ്മിക്കുന്ന പൂഴിറോഡുകൾ എല്ലാം തന്നെ ജനപങ്കാളിത്തത്തോടെയാണ് നിർമ്മിച്ചു വരുന്നത്. ഏറ്റവും അത്യാവശ്യം വേണ്ട റോഡുകൾ തിരിച്ചറിഞ്ഞാൽ അവ ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്യണം.

തുറവൂർ റെയിൽവേ സ്റ്റേഷനിൽ എക്സ്പ്രസ്സ് ട്രെയിനുകൾ ഉൽപ്പെടെ എല്ലാ ട്രെയിനുകളും നിർത്തണമെന്നാവശ്യം ഗ്രാമസഭകൾ ഒരു പ്രധാന ആവശ്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ട്രെയിൻ നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പി.കെ. റോഡുവഴി ഉണ്ടായിരുന്ന ബസ് സർവ്വീസ് പുനരാരംഭിക്കുക.

## മാർക്കറ്റ്

പഞ്ചായത്തിൽ ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്ന ഏക മാർക്കറ്റാണ് ചാവടിമാർക്കറ്റ്. മൂന്നാം വാർഡിൽ ഷാപ്പു പൊള്ള പുരയിടത്തിൽ പ്രവർത്തിച്ചിരുന്ന മാർക്കറ്റ് ഇപ്പോൾ നിലവിലില്ല. പഞ്ചായത്തിലുള്ള ജനങ്ങളുടെ ദൈനംദിനാവശ്യങ്ങൾക്ക് ഉതകുന്ന ഏകമാർക്കറ്റ് എന്ന നിലയിൽ ചാവടി മാർക്കറ്റ് പ്രത്യേക പരിഗണന അർഹിക്കുന്ന ഒന്നാണ്.

### പ്രശ്നങ്ങൾ

1. മാർക്കറ്റിനകത്തുള്ള ശുചീകരണപ്രവർത്തനങ്ങൾ ശോചനീയമാണ്.
2. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പര്യാപ്തമായ തരത്തിലുള്ള മാർക്കറ്റുകളില്ല.
3. മാർക്കറ്റിൽ മലമൂത്രവിസർജ്ജനത്തിന് സൗകര്യങ്ങളില്ല.
4. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ പര്യാപ്തമായ തരത്തിൽ സംവിധാനങ്ങളില്ല.

### സാദ്ധ്യതകൾ

1. മാർക്കറ്റിനുള്ളിലെ മാലിന്യങ്ങൾ നീക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
2. മാർക്കറ്റിനുള്ളിലെ മലിനജലവും മാലിന്യങ്ങളും കരേത്തോടിലേക്ക് ഒഴുക്കിവിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
3. മാർക്കറ്റിനുള്ളിൽ ശുദ്ധജലം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. രാത്രികാലങ്ങളിൽ വെളിച്ചം ലഭിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുക.
5. മാർക്കറ്റിനുള്ളിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
6. മൂന്നാംവാർഡിൽ നിലനിന്നിരുന്ന ഷാപ്പുപൊള്ളപുരയിടത്തിലെ മാർക്കറ്റ് പുനഃസ്ഥാപിക്കുക. കൂടുതൽ സ്ഥലങ്ങളിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുക.

4.5

# വിദ്യാഭ്യാസം സംസ്ക്കാരം

കുത്തിയതോട് ഗ്രാമത്തിന്റെ വിദ്യാഭാസ ചരിത്രത്തിന് ഒരു നൂറ്റാണ്ടോളം പഴക്കമുണ്ട്. സാമൂഹ്യബോധം വളർത്തി സംസ്ക്കാരസമ്പന്നരായ ജനങ്ങളെ സൃഷ്ടിക്കുന്നതിന് മുഖ്യപങ്കു വഹിക്കുന്ന അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ആശാൻ കളരി | അംഗൻ വാടി | പ്രീ പ്രൈമറി സ്ക്കൂൾ | ലോവർ പ്രൈമറി സ്ക്കൂൾ | ഹൈസ്ക്കൂൾ/ ഹയർ സെക്കണ്ടറി | ടി.ടി.ഐ. |
|---|---|---|---|---|---|
| 9 | 21 | 2 | 2 | 2 | 1 |

പഞ്ചായത്തിലെ ജനസംഖ്യയിൽ 5 ശതമാനം ഒഴികെ ബാക്കി എല്ലാവരും നാമമാത്രമായ തോതിലെങ്കിലും വിദ്യാഭ്യാസം ചെയ്തവരാണ്.

തുറവൂർ വെസ്റ്റ് യു.പി. സ്ക്കൂൾ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്ക്കൂളാണ്. പ്രഗൽഭമതികളായ അനേകം വ്യക്തികളുടെ വളർച്ചയിൽ ഈ സ്ഥാപനം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

### പഞ്ചായത്തിലെ സ്ക്കൂളുകൾ

### 1. T.D.H.S.S.

ആലപ്പുഴ അനന്തനാരായണപുരം തുറവൂർ തിരുമല ദേവസ്വം മാനേജുമെന്റിന്റെ മേൽനോട്ടത്തിൽ 1926ൽ ആരംഭിച്ച തിരുമല ദേവസ്വം ഇംഗ്ലീഷ് ഹൈസ്ക്കൂളാണ് പിന്നീട് ടി.ഡി.എച്ച്.എസ്.എസ്. ആയി പരിവർത്തനം ചെയ്യപ്പെട്ടത്. അഞ്ച് ഏക്കർ സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. തുറവൂർ ഉപജില്ലയിലെ ഏറ്റവും നല്ല സ്പോർട്ട്സ് ഗ്രൗണ്ട് ഈ സ്ക്കൂളിലാണുള്ളത്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ നല്ല നിലവാരം പുലർത്തുന്ന ഒരു വിദ്യാലയമാണിത്. ശ്രീമതി കെ.ആർ. ഗൗരിയമ്മ, ബിഷപ്പ് ഡോ. പീറ്റർ എം. ചേനപ്പറമ്പിൽ തുടങ്ങിയവർ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. ഹൈസ്ക്കൂൾ വിഭാഗത്തിൽ 1164 കുട്ടികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 118 വിദ്യാർത്ഥികളും പഠിക്കുന്ന ഈ വിദ്യാലയത്തിൽ 53 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു.

### 1. T.D.T.T.I

തിരുമല ദേവസ്വം മാനേജുമെന്റിന്റെ മേൽനോട്ടത്തിൽ 1966ൽ ആരംഭിച്ച ഈ വിദ്യാലയം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന നിരവധി അദ്ധ്യാപകർക്ക് പരിശീലനം നല്കിയ ഒരു സ്ഥാപനമാണ്. വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളുമുള്ള ഈ വിദ്യാലയത്തിൽ യു.പി. വിഭാഗത്തിൽ 784 വിദ്യാർത്ഥികൾ പഠിക്കുന്നു. ടീച്ചേഴ്സ് ട്രെയിനിംഗിന് 40 സീറ്റുകളുള്ള ഈ വിദ്യാലയത്തിൽ ആകെ 31 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. ഇവിടെ പി.ടി.എ. വളരെ ഭംഗിയായി പ്രവർത്തിച്ചുവരുന്നു.

### സെന്റ് സെബാസ്റ്റ്യൻ ഹൈസ്ക്കൂൾ പള്ളിത്തോട്

ആലപ്പുഴ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ കീഴിൽ 1951-ൽ യു.പി. സ്ക്കൂളായി ആരംഭിച്ച ഈ വിദ്യാലയം 1964-ൽ എച്ച്.എസ്. ആയി ഉയർത്തപ്പെട്ടു. അറബിക്കടലിന്റെ തീരത്തുള്ള ഈ വിദ്യാലയത്തിൽ ബഹുഭൂരിപക്ഷവും മൽസ്യത്തൊഴിലാളികളുടെ കുട്ടികളാണ് പഠിക്കുന്നത്. യു.പി. വിഭാഗത്തിൽ 578 വിദ്യാർത്ഥികളും എച്ച്.എസ്. വിഭാഗത്തിൽ 441 വിദ്യാർത്ഥികളും പഠിക്കുന്നഈ വിദ്യാലയത്തിൽ ആകെ 33 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. നല്ല വിസ്താരമുള്ള കളിസ്ഥലമുണ്ട്. പക്ഷേ ആവശ്യത്തിന് ബഞ്ചും ഡസ്ക്കും ഇല്ല. വിവിധ വിഭാഗങ്ങളിലായി 860

വിദ്യാർത്ഥികൾ സർക്കാർ ആനുകൂല്യം വാങ്ങുന്നവരാണ്. ഇതിൽ 698 വിദ്യാർത്ഥികൾ മൽസ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ആനുകൂല്യം വാങ്ങുന്നവരാണ്.

### തുറവൂർ വെസ്റ്റ് യു.പി. സ്ക്കൂൾ

കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ഈ വിദ്യാലയം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ സ്ഥാപിതമായതാണ്. രാജവാഴ്ച കാലത്താണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. ദേശീയപാതയുടെ തീരത്ത് തുറവൂർ കവലയ്ക്കു സമീപം സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിന് 92 സെന്റ് സ്ഥലമാണ് ഉള്ളത്. പാഠ്യപാഠ്യേതരവിഷയങ്ങളിൽ മികവു പുലർത്തുന്ന ഈ വിദ്യാലയം മറ്റു വിദ്യാലയങ്ങൾക്ക് പല കാര്യങ്ങളിലും ഒരു മാതൃകയാണ്. തുറവൂർ സബ്ജില്ലയിലെ ഏറ്റവും നല്ല യു.പി. സ്ക്കൂളിനുള്ള ബഹുമതി തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിൽ മാതൃസംഗമം, പി.ടി.എ. തുടങ്ങിയവ വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. എൽ.പി. വിഭാഗത്തിൽ 264ഉം യു.പി. വിഭാഗത്തിൽ 233 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 17 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. വേണ്ടത്ര മുറികളും ഫർണിച്ചറുകളും മറ്റു പഠനോപകരണങ്ങളും ഇനിയും ഈ വിദ്യാലയത്തിന് സ്വന്തമാകേണ്ടതുണ്ട്.

### ഗവ. യു.പി. സ്ക്കൂൾ, പറയകാട്

നിയമസഭാംഗമായിരുന്ന ശ്രീ. പി.കെ. രാമന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയുടെ പ്രവർത്തനഫലമായി 1950 ജൂണിൽ ഈ വിദ്യാലയം ആരംഭിച്ചു. 1991ൽ യു.പി. സ്ക്കൂളായി ഉയർത്തപ്പെട്ടുവെങ്കിലും സ്ഥലപരിമിതിമൂലം ഏഴാംക്ലാസ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. വേണ്ടത്ര സ്ഥലവും കെട്ടിടങ്ങളും ഇല്ലാത്തതിനാൽ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ഇപ്പോഴും ഇവിടെ അദ്ധ്യയനം നടന്നുവരുന്നത്. പഠനോപകരണങ്ങൾ ഫർണിച്ചറുകൾ മുതലായവ ഇനിയും ആവശ്യമുണ്ട്. ആകെ 50 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഒരു വിദ്യാലയത്തിന് ആവശ്യമായ കളിസ്ഥലം ഇവിടെ ഇല്ല. ആകെ 583 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 14 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. ഈ സ്ക്കൂളിന്റെ വിദ്യാഭാസനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഷിഫ്റ്റ് സമ്പ്രദായം മാറ്റലും പഠനോപകരണങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കലും അത്യന്താപേക്ഷിതമാണ്.

### 6. ഗവ. ടി.ഡി.എൽ.പി.എസ്.

തിരുമല ദേവസ്വം അധീനതിയിലുള്ള വലിയകുളം എന്നറിയപ്പെടുന്ന കെട്ടിടത്തിലാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. അതിനുശേഷമാണ് തിരുമല ദേവസ്വം ക്ഷേത്രത്തിനു പടിഞ്ഞാറുഭാഗത്ത് ഇന്നു കാണുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടത്. തിരുമല ഭാഗത്ത് ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൂന്നു വിദ്യാലയങ്ങളിൽ ആദ്യം സ്ഥാപിക്കപ്പെട്ടതും ഈ വിദ്യാലയമാണ്. ഈ പ്രദേശത്തുള്ള സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി പേർ വിദ്യാഭ്യാസം ആരംഭിച്ചത് ഈ വിദ്യാലയത്തിലാണ്. 352 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 12 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. വളരെ പഴക്കമുള്ള ഒരു വിദ്യാലയമാണെങ്കിലും ആകെ 20 സെന്റ് സ്ഥലം മാത്രമാണ് സ്വന്തമായി ഉള്ളത്. ഇപ്പോഴുള്ള ചുറ്റുമതിലും ജീർണ്ണാവസ്ഥയിലാണ്. ആവശ്യമായ പഠനോപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കിയാൽ വിദ്യാലയത്തിന്റെ പ്രവർത്തനം കൂടുതൽ സുഗമമാക്കാവുന്നതാണ്.

### സെന്റ് തോമസ് എൽ.പി.എസ്. പള്ളിത്തോട്

420 വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിലെ സ്വകാര്യ പ്രൈമറി വിദ്യാലയമാണിത്. 8 അദ്ധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ആലപ്പുഴ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിന്റെ കീഴിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്. ആവശ്യത്തിന് കെട്ടിടങ്ങളും സൗകരക്യങ്ങളും ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.

**പഞ്ചായത്തിലെ സ്ക്കൂളുകളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും.**

| | സ്ക്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1. | ടി.ഡി.എച്ച്.എസ്.എസ്. | 1282 | 53 |
| 2. | ടി.ഡി.ടി.ടി.ഐ | 784 | 31 |
| 3. | സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. പള്ളിത്തോട് | 1019 | 33 |
| 4. | തുറവൂർ വെസ്റ്റ് യു.പി. സ്ക്കൂൾ | 497 | 17 |
| 5. | ഗവ. യു.പി. സ്ക്കൂൾ, പറയകാട് | 583 | 14 |
| 6. | ടി.ഡി. എൽ.പി.എസ്. | 352 | 12 |
| 7. | സെന്റ് തോമസ് എൽ.പി.എസ്. പള്ളിത്തോട് | 420 | 8 |
| | ആകെ | 4937 | 168 |

# സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| ക്രമ നം. | സ്ക്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ | | | മുറികളുടെ എണ്ണം | | | കൂടുതൽ ആവശ്യമുള്ള മുറികളുടെ എണ്ണം | നിലവിലുള്ള മൂത്രപ്പുരകൾ | ഇനി ആവശ്യമുള്ള മൂത്രപ്പുരകൾ | കക്കൂസിന്റെ എണ്ണം | വൈദ്യുതി | പാചക മുറി | സ്റ്റാഫ് റൂം | കുടിവെള്ള സംവിധാനം | ആവശ്യമുള്ള ഫർണിച്ചർ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താല്ക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താല്ക്കാലികം | | | | | | | | | ബെഞ്ച് | ഡെസ്ക്ക് | മേശ | കസേര |
| 1. | ടി.ഡി.എച്ച്. എസ്.എസ്. | 30 | 7 | – | – | 40 | – | – | 2 | 4 | – | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് പൈപ്പ് | 20 | 20 | 10 | 10 |
| 2. | ടി.ഡി.ടി.ടി.ഐ | 19 | 3 | – | – | 28 | – | – | 1 | 2 | – | 5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് പൈപ്പ് | 30 | 30 | 6 | 20 |
| 3. | സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. പള്ളിത്തോട് | 23 | 3 | 2 | – | 30 | – | – | – | 2 | 2 | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് കിണർ | 20 | 20 | 4 | 15 |
| 4. | തുറവൂർ വെസ്റ്റ് യു.പി. സ്ക്കൂൾ | 14 | 4 | 2 | – | 9 | 5 | – | 3 | 2 | 2 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് പൈപ്പ് | 25 | 42 | 4 | 15 |
| 5. | ഗവ.യു.പി.സ്ക്കൂൾ, പറയകാട് | 16 | 1 | 2 | – | 3 | 9 | – | 3 | 2 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് പൈപ്പ് | 30 | 20 | 4 | 4 |
| 6. | ടി.ഡി. എൽ.പി.എസ്. | 10 | 3 | – | – | 2 | – | – | ക്ലാസ് മുറികൾ തിരിക്കണം | 2 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് കിണർ | 15 | – | 5 | 5 |
| 7. | സെന്റ് തോമസ്, എൽ.പി. സ്ക്കൂൾ, പള്ളിത്തോട് | 12 | 1 | – | – | 8 | – | – | 1 | ഇല്ല | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 15 | – | – | 2 |

**പ്രശ്നങ്ങൾ**

1. അംഗൻവാടികളിൽ കുട്ടികൾ എത്തുന്നില്ല
2. വിദ്യാഭ്യാസരംഗത്ത് പ്രതീക്ഷയ്ക്കൊത്ത നിലവാരം ഉയരുന്നില്ല.
3. അംഗനവാടികളിലും കളരികളിലും അടിസ്ഥാന സൗകര്യങ്ങളില്ല
4. വിദ്യാലയങ്ങളിൽനിന്നും പഠനം പൂർത്തിയാക്കാതെ നിർത്തിപ്പോകുന്ന കുട്ടികളും ഉണ്ട്
5. ഓരോ ക്ലാസുകളിലുമുള്ള കുട്ടികളുടെ എണ്ണം കൂടുതലാണ്,
6. ഉന്നത വിദ്യാഭ്യാസസൗകര്യങ്ങളില്ല
7. പറയകാട് ഗവ. യു.പി. സ്ക്കൂളിൽ നിലനില്ക്കുന്ന ഷിഫ്റ്റ് സമ്പ്രദായം വിദ്യാഭ്യാസനിലവാരത്തിന് ഗുണകരമല്ല.
8. അടിസ്ഥാന സൗകര്യങ്ങൾ ഫർണിച്ചർ, കുടിവെള്ളം ഉൾപ്പെടെ പല വിദ്യാലയങ്ങളിലും ഇല്ല.

സാദ്ധ്യതകൾ

1. രക്ഷകർത്താക്കളെ ബോധവല്ക്കരിച്ച് കുട്ടികളെ അംഗനവാടികളിലെത്തിക്കണം.
2. അംഗനവാടികളിൽ നിന്നുമുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ഒന്നാംക്ലാസിൽ പ്രവേശനം നല്കുന്നത്.
3. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നല്കണം. അദ്ധ്യാപകർ കൂടുതൽ അർപ്പണബോധത്തോടെ പ്രവർത്തിക്കണം.
4. സർക്കാർ അർദ്ധസർക്കാർ സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെ അംഗനവാടികളിലും കളരികളിലും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഉച്ചഭക്ഷണം ഏർപ്പെടുത്തുക.
5. വിദ്യാലയങ്ങളിൽനിന്നും പഠനം നിർത്തിപോകുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വീണ്ടും വിദ്യാലയങ്ങളിൽ എത്തിക്കുവാനുള്ള നടപടികൾ പി.ടി.എ.യുടെ നേതൃത്വത്തിൽ നടത്തണം.
6. നിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണം
7. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും കോളേജും പഞ്ചായത്തിൽ സ്ഥാപിക്കണം.
8. പറയകാട് ഗവ. യു.പി. സ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം. ഏഴാംക്ലാസ് ആരംഭിക്കുന്നതിന് സ്ഥല സൗകര്യം സംബന്ധിച്ച നിബന്ധനകളിൽനിന്നും പറയകാട് ഗവ. യു.പി. സ്ക്കൂളിനെ സ്ഥിരമായി ഒഴിവാക്കുക
9. കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ പി.ടി.എ.സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സ്ക്കൂളുകളിൽ ഉണ്ടാക്കണം.

**പൊതുനിർദ്ദേശങ്ങൾ**

1. എല്ലാ വിദ്യാലയങ്ങളിലും പ്രീപ്രൈമറി ആരംഭിക്കണം.
2. സാക്ഷരത തുടർവിദ്യാഭ്യാസപരിപാടി കാര്യക്ഷമമായി നടപ്പിലാക്കണം. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കണം.
3. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ നിർത്തലാക്കണം.
4. സ്ക്കൂൾ കോംപ്ളക്സുകളുടെ പ്രവർത്തനം പുനഃരാരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം.
5. പഠനോപകരണങ്ങൾ പഠനസഹായികൾ എന്നിവ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും ലഭ്യമാകത്തക്ക തരത്തിൽ പൊതുസംവിധാനം ഉണ്ടാക്കണം.
6. പരീക്ഷാ സമ്പ്രദായത്തിൽ മൗലീകമായ മാറ്റം വരുത്തുക. പഞ്ചായത്തുതലത്തിൽ പരീക്ഷ നടത്തുന്നതിന് അക്കാദമിക് ഗ്രൂപ്പുകൾ സ്ഥാപിക്കുക.
7. എസ്.എസ്.എൽ,.സി ക്ലാസുകളിൽ ക്ലാസ്റൂം പി.ടി.എ. ഏർപ്പെടുത്തുക.
8. വിദ്യാഭ്യാസത്തിൽ മൂല്യങ്ങൾക്കുള്ള സ്ഥാനം പുനഃസ്ഥാപിക്കണം.
9. വിദ്യാഭ്യാസത്തിൽ കലാപരമായ അംശത്തിന് പ്രാധാന്യം നല്കണം.
10. കായികവിദ്യാഭ്യാസം പ്രൈമറി തലത്തിൽനിന്നുതന്നെ ആരംഭിക്കണം.
11. നേഴ്സറി പ്രൈമറി തലങ്ങളിൽനിന്നും ഇംഗ്ലീഷ് ഒഴിവാക്കണം.
12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കണം. എസ്.എസ്.എൽ.സി. കഴിഞ്ഞുവരുന്ന കുട്ടികൾ എന്തെങ്കിലും തൊഴിൽ ചെയ്യാൻ പ്രാപ്തരായിരിക്കണം.

13. ഒന്നാംക്ലാസിൽ ചേരുന്നതിനുള്ള പ്രായപരിധി 6 വയസ്സാക്കണം.

14. ബോധനമാധ്യമം മലയാളമാക്കണം.

15. സിലബസ്സ് ഏകീകരിക്കണം.

16. ഓർമ്മശക്തിക്ക് പ്രാധാന്യം നല്കുന്ന ഇന്നത്തെ രീതി മാറ്റണം.

17. അനുഭവത്തിലൂടെ പ്രയോഗിച്ച് പഠിക്കുന്ന രീതി നടപ്പിലാക്കണം.

### സംസ്ക്കാരം

കൃഷിയും കൂലിപ്പണിയുമായി കഴിയുന്ന കുത്തിയതോട്ടിലെ ജനങ്ങൾ സാംസ്ക്കാരികമായി ഉന്നതനിലവാരം പുലർത്തുന്നവരാണ്. കലാസാംസ്ക്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയെല്ലാം പ്രവർത്തനഫലമായി സഹൃദയരും സാമൂഹ്യവീക്ഷണമുള്ളവരുമാണ് ഇവിടത്തെ ജനങ്ങൾ. വിവിധ മതസ്ഥരും അവരുടെ ആരാധനാലയങ്ങളും ധാരാളമുള്ള ഈ പ്രദേശത്ത് ജാതിചിന്തയുടെ അടിസ്ഥാനത്തിൽ കാര്യമായ കലഹങ്ങളൊന്നും ഉണ്ടായിട്ടില്ല. ഹിന്ദുക്കളും മുസ്ലീംങ്ങളും ക്രിസ്ത്യാനികളും ഇടകലർന്ന് സൗഹൃദത്തോടും ഐക്യത്തോടും കൂടി കഴിയുന്നു.

### ഗ്രന്ഥശാലകൾ

സാംസ്ക്കാരിക വളർച്ചയിൽ നിർണ്ണായക പങ്കു വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണല്ലോ ഗ്രന്ഥശാലകൾ. നമ്മുടെ പഞ്ചായത്തിൽ രണ്ട് ഗ്രന്ഥശാലകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1. മഹാത്മജി മെമ്മോറിയൽ പബ്ലിക്ക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം.
2. എസ്.എൻ.പി.എസ്. പബ്ലിക്ക് ലൈബ്രറി, പറയകാട്

### കലാസാംസ്ക്കാരിക കായിക സംഘടനകൾ

നമ്മുടെ പഞ്ചായത്തിൽ നിരവധി കലാസംഘടനകളും കായിക സംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. പലതിന്റെയും പ്രവർത്തനം വാർഷികാഘോഷങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ രണ്ട് ഗ്രന്ഥശാലകൾ മാത്രമാണ് പ്രവർത്തിക്കുന്നത്.
2. പ്രവർത്തിക്കുന്ന റീഡിംഗ് റൂമുകൾ ഇല്ല.
3. കായിക പരിശീലനത്തിന് സൗകര്യങ്ങൾ ഇല്ല.
4. പ്രാചീന കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.

### സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും പൊതുജന പങ്കാളിത്തത്തോടെ സ്ഥാപിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും വേണം.
2. കലാസാംസ്ക്കാരിക സംഘടനകളും കായിക സംഘടനകളും ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യണം.
3. നാടൻകലകൾ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഉണ്ടാകണം.
4. പൊതുവായ കളിസ്ഥലം സ്ഥാപിക്കണം.
5. വിവിധ സാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതലസമിതി രൂപീകരിക്കുക.

ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. പി. ഗംഗാധരന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച പറയകാട് S.N.P.S. പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം എന്ന സ്ഥാപനം ദശാബ്ദങ്ങളായി ശ്രീ. എസ്. ചിദംബരന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

മികച്ച പുസ്തകങ്ങളുടെ വൻശേഖരവും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണവും കൊണ്ട് സമൃദ്ധമായ ഈ വിജ്ഞാനകേന്ദ്രം ഈ പഞ്ചായത്തിലെ സാംസ്ക്കാരിക നവോത്ഥാനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു.

4.6

# കുടിവെള്ളം ആരോഗ്യം

പൊതുജനാരോഗ്യത്തിനടിസ്ഥാനം പ്രധാനമായും കുടിവെള്ളവും ശുചിത്വവുമാണ്. ആശുപത്രിയും ഡോക്ടറുമെല്ലാം രണ്ടാംസ്ഥാനത്താണ്. പഞ്ചായത്തിലെ ജനങ്ങൾക്കാകെ ശുദ്ധജലം ലഭ്യമാക്കുവാനും ശുചിത്വ പൂർണ്ണമായ അന്തരീക്ഷത്തിൽ ജീവിക്കാനുമുള്ള സാഹചര്യം ഉണ്ടായാൽ പൊതുജനാരോഗ്യരംഗത്ത് വലിയ മുന്നേറ്റം നടത്തുവാൻ നമുക്കു കഴിയും. പഞ്ചായത്തിലെ കുടിവെള്ള ലഭ്യത സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു

| സാനിറ്ററി വെൽ | സാധാരണ കിണർ | കുളം | പൈപ്പ് | പൊതു വിതരണം |
|---|---|---|---|---|
| 60 | 1202 | 250 | 712 | 38 |

### പഞ്ചായത്തിലെ മറ്റു ജലസ്രോതസ്സുകൾ

| | | |
|---|---|---|
| 1. പൊതുകുളങ്ങൾ | 6 | 1. നാലുകുളങ്ങര<br>2. പാട്ടുകുളങ്ങര<br>3. എസ്.എൻ.ഡി.പി.<br>4. ടി.ഡി. |
| 2. തോടുകൾ | 4 | 1. ദേശത്തോട്<br>2. കരേത്തോട്<br>3. ചങ്ങരംതോട്<br>4. അറക്കേത്തോട് |
| 3. കായൽ | 1 | 1. തഴുപ്പുകായൽ |

### പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ളം സംബന്ധിച്ച പ്രശ്നങ്ങൾ

1. കേരള വാട്ടർ അതോറിറ്റി വക നാലുകുളങ്ങരയിലുള്ള വാട്ടർ ടാങ്കിൽനിന്നും വിതരണം ചെയ്യുന്ന ജലം ഉപ്പുരസമുള്ളതാണ്, 38 പൈപ്പുകളിൽ ബഹുഭൂരി പക്ഷവും വെള്ളം ചീറ്റുന്ന നിലയിലുള്ളതും പ്രവർത്തിക്കാത്ത നിലയിലുള്ളതുമാണ്.
2. പൊതുക്കിണറുകളിലെ ജലം ഉപയോഗശൂന്യമാണ്.
3. മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കടലോര പ്രദേശങ്ങളിലുള്ള കിണറുകൾ, കുഴൽക്കിണറുകൾ എന്നിവയിലെ ജലം ഉപയോഗശൂന്യമാണ്.
4. കോളനികളിൽ പരിമിതമായ സ്ഥലത്ത് ഒതുങ്ങി നില്ക്കുന്ന വീടുകളിൽ കിണറും കക്കൂസും തൊട്ടടുത്ത് സ്ഥാപിച്ചിരിക്കുന്നതുമൂലം കിണറുജലം ഉപയോഗ ശൂന്യമായിത്തീരുന്നു.
5. പഞ്ചായത്തിൽ ശുദ്ധജലസ്രോതസ്സുകൾ ഇല്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. നാലുകുളങ്ങരയിലുള്ള വാട്ടർ അതോറിറ്റിവക ടാങ്കിൽ നിന്നും വിതരണം ചെയ്യുന്ന ജലം ഉപയോഗയോഗ്യ മാക്കണം.
2. ഉപയോഗശൂന്യമായ ടാപ്പുകൾ മാറ്റി സ്ഥാപിക്കണം.

3. പൊതുക്കിണറുകൾ കാലാകാലങ്ങളിൽ ശുദ്ധീകരിക്കണം.
3. പൊതുക്കുളങ്ങൾ റിട്ടെയിനിംഗ് വാൾ കെട്ടി സംരക്ഷിക്കണം.
4. ഒന്നാംവാർഡിലെ കൃഷിഭവനോടനുബന്ധിച്ചുള്ള പഞ്ചായത്തുവക സ്ഥലത്ത് ഓവർഹെഡ് ടാങ്ക് നിർമ്മിക്കുക.
5. നാലാംവാർഡിൽ പഞ്ചായത്തുവക ഷാപ്പുപൊളള പുരയിടത്തിൽ ഓവർഹെഡ് ടാങ്ക് നിർമ്മിക്കുക.
6. പത്താംവാർഡിലും അഞ്ചാംവാർഡിലും വാട്ടർ റിസർവോയറുകൾ സ്ഥാപിച്ച് ടാപ്പുകളിൽനിന്നും വെള്ളം ശേഖരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
7. മൂവാറ്റുപുഴ ആറിൽനിന്നുമുള്ള വാട്ടർ സപ്ലൈസ് സ്ക്കീം പഞ്ചായത്തിൽ നടപ്പിലാക്കുക.

### ശുചിത്വം

1. **കക്കൂസ്** :- കായലുകൾ മലവിസർജ്ജനത്തിന് ഉപയോഗിക്കുന്ന വീടുകളുണ്ട്. തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നവരുണ്ട്. ഈ രീതി ഏറ്റവും കൂടുതലുള്ളത് കടലോരപ്രദേശത്താണ്. ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ചതും അല്ലാത്തതുമായ സാധാരണ കക്കൂസുകൾ പലതും ഉപ്പുരസമുള്ള ഓരുവെള്ളം മൂലം തകർന്ന അവസ്ഥയിലാണ്. ടാങ്കുകളും മറ്റും പൊട്ടി ഒലിച്ച് ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ കക്കൂസുകളുടെ ഒരു സ്ഥിതിവിവരക്കണക്ക് താഴെ കൊടുക്കുന്നു.

ആകെ വീടുകൾ 5319

| സെപ്റ്റിടാങ്ക് | ഇ.എസ്.പി. | മറ്റുള്ളവ | കക്കൂസില്ലാത്തവ |
|---|---|---|---|
| 780 | 2040 | 727 | 1772 |

### കക്കൂസ് നിർമ്മാണത്തിലനുഭവപ്പെടുന്ന പ്രയാസങ്ങളും പരിഹാരനിർദ്ദേശങ്ങളും

| പ്രശ്നങ്ങൾ | പരിഹാരം |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി സെപ്റ്റിടാങ്കുകൾ നിർമ്മിച്ചുകൊടുക്കുക |
| 2. കോളനികളിലും മറ്റും ജനവാസം മൂലം സ്ഥലപരിമിതി | വ്യക്തിപരമായും പൊതുവായും സെപ്റ്റിടാങ്കുകൾ നിർമ്മിക്കുക. |
| 3. ആവശ്യം ബോധ്യപ്പെടായ്ക | വിവിധതലങ്ങളിലുള്ള ബോധവല്ക്കരണപരിപാടികൾ നടപ്പിലാക്കുക |

2. **ശുചിത്വത്തിനും ആരോഗ്യത്തിനും തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ**

a) പഞ്ചായത്തിലെ വിവധ വാർഡുകളിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡ്ഡുകളിൽനിന്ന് ഒഴുകുന്ന മലിനജലവും വെയ്സ്റ്റും പരിസരജലമലിനീകരണത്തിന് കാരണമാകുന്നു.

b) ചാവടി മാർക്കറ്റിൽനിന്നുമുള്ള മലിനജലം അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു.

c) ചാവടി മാർക്കറ്റിനോടനുബന്ധിച്ചുള്ള ഇറച്ചിവെട്ടു കേന്ദ്രം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

d) വിവിധസ്ഥലങ്ങളിൽ മഴക്കാലത്തും മറ്റും വെള്ളം കെട്ടിക്കിടക്കുന്നതു മൂലം കൊതുകുശല്യം വർദ്ധിക്കുന്നു.

4. കോളനികളിൽനിന്നുമുള്ള മാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.,
5. വൻകിട വ്യവസായസ്ഥാപനങ്ങളിൽനിന്നുള്ള മലിനീകരണം ശുചിത്വത്തിന് തടസ്സം സൃഷ്ടിക്കുന്നു.

### പരിഹാരനിർദ്ദേശങ്ങൾ

1. ട്രീറ്റ്മെന്റ് പ്ളാന്റുകൾ എല്ലാ പീലിംഗ് ഷെഡ്ഡുകൾക്കും ബാധകമാക്കുക.
2. പീലിംഗ് ഷെഡ്ഡുകളിൽനിന്നുമുള്ള വേസ്റ്റ് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
3. ചാവടി മാർക്കറ്റിൽ നിന്നുമുള്ള മലിനജലം കരേത്തോടിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
4. ചാവടി മാർക്കറ്റിലുള്ള ഇറച്ചിവെട്ടുകേന്ദ്രം വിജനമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റുക
5. പഞ്ചായത്തിലെ തോടുകളുടെ ആഴം വർദ്ധിപ്പിച്ച് മലിനജലം കെട്ടിനില്ക്കുന്നത് തടയുക.

6. മഴവെള്ളം അപ്പപ്പോൾ ഒഴുകിപ്പോകുന്നതിന് റോഡുകളുടെ സമീപം കാണകെട്ടുക.
7. ചപ്പുചവറുകളും മാലിന്യങ്ങളും ചീഞ്ഞളിഞ്ഞ് പരിസരമലിനീകരണം തടയുന്നതിന് കമ്പോസ്റ്റുകുഴി ഉണ്ടാക്കി കമ്പോസ്റ്റുനിർമ്മാണം നടത്താവുന്നതാണ്,
8. കോളനികളിൽനിന്നും മലിനജലം തോടുകളിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള ഓടകൾ നിർമ്മിക്കുക.
9. കോളനികളിലെ താഴ്ന്ന പ്രദേശങ്ങൾ മണ്ണിട്ടു നികർത്തുക
10. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള പരിസര മലിനീകരണം തടയുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
11. റെയിൽവേ ട്രാക്കിന്റെ അരികിൽ വെള്ളം കെട്ടിനില്ക്കുന്നത് തടയുന്നതിന് പുല്ലുവേലി മുട്ടുവരെ കാണ നിർമ്മിക്കുക.

### പൊതുജനാരോഗ്യം

പഞ്ചായത്തിലെ ജനങ്ങളുടെ പൊതുആരോഗ്യസ്ഥിതി അളക്കുന്നതിനുള്ള കണക്കുകൾ പി.എച്ച്.സി.യിലോ മറ്റു സ്ഥാപനങ്ങളിലൊ ലഭ്യമല്ല.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| | സ്ഥാപനങ്ങൾ | ഇനം |
|---|---|---|
| 1. | തുറവൂർ ഗവ. ആശുപത്രി | C.H.C |
| 2. | പള്ളിത്തോട് പ്രൈമറി ഹെൽത്ത് സെന്റർ | P.H.C. |
| 3. | സബ്സെന്റർ, പറയകാട് | F.W.C. |

പഞ്ചായത്തിലെ സർക്കാർ ആശുപത്രികളിലും സ്വകാര്യസ്ഥാപനമായ കണ്ണാട്ടു ഡിസ്പെൻസറിയിലുമായി 1995-96-ൽ റിപ്പോർട്ടു ചെയ്ത പകർച്ചവ്യാധികളുടെ കണക്ക് താഴെ കൊടുക്കുന്നു. പകർച്ചവ്യാധികളിൽ ബഹുഭൂരിപക്ഷവും ജലജന്യരോഗങ്ങളാണ്,

| | ആശുപത്രി | പകർച്ചവ്യാധികൾ |
|---|---|---|
| 1. | തുറവൂർ സി.എച്ച്.സി. | 2216 |
| 2. | പള്ളിത്തോട് പി.എച്ച്.സി. | 1218 |
| 3. | കണ്ണാട്ടു ഡിസ്പെൻസറി | 7515 |

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കിടത്തിചികിൽസിക്കാവുന്ന ആശുപത്രി തുറവൂർ സി.എച്ച്.സി. മാത്രമാണ്.
2. ഹോമിയോ ആയുർവേദ ആശുപത്രികൾ ഇല്ല.

### നിർദ്ദേശങ്ങൾ

തുറവൂർ സി.എച്ച്.സി.യിൽ താഴെപറയുന്ന സൗകര്യങ്ങൾ സൃഷ്ടിക്കണം,

a) 24 മണിക്കൂറും പ്രവർത്തിക്കുന്ന ആക്സിഡന്റ് യൂണിറ്റ് സ്ഥാപിക്കുക
b) എക്സ്റേ, ഇ.സി.ജി. മുതലായവ സ്ഥാപിക്കുക.
c) നിലവിലുള്ള ഓപ്പറേഷൻ തീയറ്റർ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം.
d) ഡോക്ടർമാർക്ക് താമസിക്കുന്നതിനുള്ള സൗകര്യം ആശുപത്രിയോടനുബന്ധിച്ച് ഉണ്ടാവണം.
e) സ്ഥിരമായി ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക

2. പള്ളിത്തോട് പി.എച്ച്.സി.യിൽ രോഗികളെ കിടത്തിചികിൽസിക്കുന്നതിനുള്ള സൗകര്യം സൃഷ്ടിക്കുക.
3. പഞ്ചായത്തിൽ ഹോമിയോ ആശുപത്രിയും ആയുർവേദാശുപത്രിയും സ്ഥാപിക്കുക

### പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള ശ്മശാനം കോമ്പൗണ്ട് വാൾകെട്ടി സംരക്ഷിക്കുകയും ഇലക്ട്രിക് ശ്മശാനം ആക്കുകയും ചെയ്യുക.
2. മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കുക
3. പുകവലി, പാൻമസാല, മദ്യപാനം, കഞ്ചാവ് തുടങ്ങിയവയ്ക്കെതിരെ പ്രചരണ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുക.
4. കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗപരിശീലനകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക.
5. വൃദ്ധജനങ്ങൾക്ക് ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുക
6. ഹെൽത്ത് കാർഡ് പരിപാടി ആരോഗ്യ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ നടപ്പിലാക്കുക.
7. പകർച്ചവ്യാധികൾ തടയുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങൾ ഉണ്ടാകണം.

4.7

# സാമൂഹ്യക്ഷേമം പാർപ്പിടം

**സാമൂഹ്യക്ഷേമം**

ജനക്ഷേമത്തിനുവേണ്ടിയാണ് എല്ലാ പദ്ധതികളും സർക്കാർ നടപ്പിൽവരുത്തുന്നത്. ഭക്ഷണം പാർപ്പിടം വിദ്യാഭ്യാസം എന്നീ കാര്യങ്ങൾക്കാണ് ഇന്ന് പല പദ്ധതികളിലും നാം മുൻതൂക്കം നല്കുന്നത്. എന്നാൽ ഏറെ ശ്രദ്ധേയം ജനപങ്കാളിത്തവുമുണ്ടാകേണ്ട ഒരു മേഖലയാണ് സാമൂഹ്യക്ഷേമം. കേന്ദ്രസംസ്ഥാനസർക്കാരുകളുടേതായി പല പദ്ധതികളും സാമൂഹ്യക്ഷേമത്തിനായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. ഇത് ശരിയായ വിധം പ്രയോജനപ്പെടുന്നുണ്ടോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റുകളെക്കുറിച്ചും അവയുടെ പ്രവർത്തനത്തെക്കുറിച്ചുമുള്ള അറിവില്ലായ്മ ഒരു പോരായ്മ തന്നെയാണ്. ജനങ്ങളുടെ പൊതുവായ നന്മയ്ക്കും പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്കക്കാരുടെയും ക്ഷേമത്തിനായി കാലാകാലങ്ങളിൽ പല ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ ശരിയായ ഗുണഭോക്താക്കൾക്ക് പ്രയോജനം കിട്ടുന്നില്ല. പലപ്പോഴും അതിനുള്ള തുക അനുവദിച്ചുവരുമ്പോൾ പദ്ധതിയുടെ കാലം കഴിഞ്ഞിരിക്കും. അങ്ങനെ ആർക്കും പ്രയോജനപ്പെടാത്ത രീതിയിൽ ആ തുക നഷ്ടമാകുന്നത് സാധാരണമാണ്. ചില കാര്യങ്ങൾ ഗുണഭോക്താക്കൾക്ക് കിട്ടണമെങ്കിൽ അതിൽ എത്തിപ്പിടിക്കാനുള്ള നിയമക്കുരുക്കുകളുമുണ്ട്. പദ്ധതി പ്രയോജനം ലഭിക്കുന്നതിന് യഥാസമയം ഗുണഭോക്താക്കളെ വിവരം അറിയിക്കണം. കേവലം സാങ്കേതികകാര്യങ്ങളിൽ കുടുങ്ങിക്കിടന്ന് ആർക്കും ആനുകൂല്യം ലഭിക്കാതെ വരുവാൻ ഇടയാക്കരുത്.

ഈ പഞ്ചായത്തിൽ ചെമ്മീൻ വ്യവസായവുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾ ആ മേഖലകളിൽ പണിയെടുക്കുന്നുണ്ട്. കയർ, കർഷക മൽസ്യത്തൊഴിലുകളിൽ ഏർപ്പെട്ട് ജീവിക്കുന്നവരുമുണ്ട്. കെട്ടിടനിർമ്മാണത്തൊഴിലാളികളും ഉണ്ട്. മറ്റു ഏതു രംഗത്തേക്കാളും ശ്രദ്ധയും സംരക്ഷണവും നല്കേണ്ടത് മൽസ്യരംഗത്തെ തൊഴിലാളികൾക്കാണ്. എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തുകയും അർഹരായ മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ പങ്കാളികളാക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ക്ഷേമനിധിയെക്കുറിച്ചും അതിൽ ചേരുന്നതിലൂടെ തൊഴിലാളികൾക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും അവരെ ബോധവൽക്കരിക്കുകയും വേണം. കയറ്റുമതിയുടെ ഒരു ശതമാനം ക്ഷേമനിധിയിൽ അടക്കണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമം നടപ്പിൽവരുത്തുമ്പോൾ ചെമ്മീൻ വ്യവസായ മേഖലയിൽ പണിയെടുക്കുന്ന പീലിംഗ് തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി ക്ഷേമനിധി രൂപവൽക്കരിച്ച പഞ്ചായത്തിൽ താമസിക്കുന്ന നിരവധി തൊഴിലാളികൾക്ക് പ്രത്യേകിച്ച് വനിതകൾക്ക് ഒരു ആശ്വാസമായിരിക്കും.

ഗിരിജൻ വിഭാഗത്തിൽപെടുന്ന 18 കുടുംബങ്ങൾ താമസിക്കുന്ന മൂന്നാംവാർഡിലെ കുന്നുംപുറംകോളനി ഇനിയുമേറെ ശ്രദ്ധിക്കപ്പെടേണ്ടിയിരിക്കുന്നു. അവരുടെ വീടുകളിൽ വൈദ്യുതി ശുദ്ധജലം എന്നിവ എത്തിക്കുവാൻ പഞ്ചായത്ത് ഭരണസമിതിക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭൂരിഭാഗവും കുടിലുകളാണ്. ഗിരിജനക്ഷേമവകുപ്പിന്റെ ആനുകൂല്യം ഇവിടെ ശരിയായി എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പുതുതായി അർഹതയുള്ള ആളുകളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഐ.ആർ.ഡി.പി. പദ്ധതി കുറച്ചെങ്കിലും ഉപകരിക്കും എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ പലരും ആനുകൂല്യം കൈപ്പറ്റിയിട്ട് അത് ശരിയായി പ്രയോജനപ്പെടുത്തിക്കാണുന്നില്ല. എന്തുകൊണ്ട് ഇത്തരത്തിൽ സംഭവിക്കുന്നു എന്ന് പരിശോധിക്കുകയും മേലിൽ ഇത്തരം പാളിച്ചകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

സാധാരണക്കാരായ ആളുകൾക്ക് സാമ്പത്തികസഹായം ചെയ്യുന്നത് സഹകരണബാങ്കുകളും സംഘങ്ങളും ആണ്. നിയമത്തിന്റെ നൂലാമാലകളിൽ പലപ്പോഴും വായ്പയ്ക്കുള്ള അപേക്ഷകൾ കുരുങ്ങിക്കിടക്കാറുണ്ട്. ദേശസാൽകൃത ബാങ്കുകളുടെ പ്രവർത്തനം തീരെ മനുഷ്യത്വരഹിതമായ രീതിയിലാണ്. സ്വന്തമായി ഒരു തൊഴിലോ ബിസിനസ്സോ തുടങ്ങുന്നതിനുവേണ്ടി സാമ്പത്തികസഹായത്തിനായെത്തുന്ന ജനങ്ങൾക്ക് കഴിയാവുന്നത്ര വേഗത്തിൽ കഴിയാവുന്നത്ര സഹായം ചെയ്യുവാൻ ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും ശ്രദ്ധിക്കണം.

D.W.C.R.A. പ്രകാരമുള്ള യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവർക്ക് ശരിയായ ഒരു മാർഗ്ഗനിർദ്ദേശം ലഭിക്കാത്തത് യൂണിറ്റുകളുടെ നല്ല പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. വനിതകൾക്ക് എന്തെല്ലാം വ്യവസായങ്ങൾ തുടങ്ങാൻ കഴിയുമെന്ന് അത് എങ്ങനെയെല്ലാം പ്രവർത്തിപ്പിച്ച് വിജയിപ്പിക്കാൻ കഴിയുമെന്നതും അതിലെ അംഗങ്ങളെ പറഞ്ഞു മനസ്സിലാക്കി കൊടുത്താൽ ടി. യൂണിറ്റുകളുടെ പ്രവർത്തനം സജീവവും പ്രയോജനകരവുമാക്കാവുന്നതാണ്.

ട്രൈസം പദ്ധതിപ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് പല മേഖലകളിലും തൊഴിൽപരിശീലനം ലഭിക്കുന്നുണ്ട്. പരിശീനലകാലത്തിനുശേഷം പലരും തങ്ങൾ പഠിച്ച രംഗത്തുനിന്നും പിൻമാറുന്നതായി കാണുന്നു. തൊഴിൽപരിശീലനം തേടിയവരെ ഉൾപ്പെടുത്തി അവർക്കറിയാവുന്ന തൊഴിലുകൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതായാൽ ട്രൈസം പദ്ധതി വളരെ പ്രയോജനകരമാക്കാൻ കഴിയും.

സി.ആർ.എസ്.പി. കക്കൂസുകൾ നമുക്ക് പഞ്ചായത്തിൽ നല്കാൻ കഴിഞ്ഞത് ഒരു നല്ല കാര്യം തന്നെയാണ്. എന്നാൽ സി.ആർ.എസ്.പി. രീതിയിലുള്ള കക്കൂസുകൾ ഇനിയും നാം നല്കേണ്ടതുണ്ട്. അതിനായി പുതിയ ഏജൻസികളെ കണ്ടെത്തി പ്രവർത്തനം ആരംഭിക്കേണ്ടത് ആരോഗ്യപരവും സാംസ്ക്കാരികവുമായ ആവശ്യങ്ങൾക്ക് ഉപകരിക്കും.

അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സ്വന്തമായി കെട്ടിടമില്ലാത്തവയും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവയും വൈദ്യുതകണക്ഷൻ ഇല്ലാത്തവയുമായ സെന്ററുകൾ കണ്ടെത്തി അവ പരിഹരിക്കുകയും അവിടെയെത്തുന്ന കുട്ടികളുടെ ആരോഗ്യസംരക്ഷണം പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

വിവിധയിനം പെൻഷനുകൾ ഇന്ന് നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നാൽ യഥാസമയം അവ അർഹരായവർക്ക് കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. പലപ്പോഴും പെൻഷൻ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കണം. വിധവാപെൻഷൻ, വാർദ്ധക്യകാലപെൻഷൻ, കർഷകതൊഴിലാളിപെൻഷൻ എന്നിവ ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. അത് ഗുണഭോക്താക്കൾക്ക് സൗകര്യപ്രദമാണ്. എന്നാൽ ടി. ജോലി ചെയ്തതീർക്കുന്നതിന് ആവശ്യമായ ഓഫീസ് ജീവനക്കാരെ പഞ്ചായത്തിൽ നിയമിക്കാൻ സർക്കാർ ശ്രദ്ധിക്കണം.

മഹിളാസമാജങ്ങൾ പഞ്ചായത്തിൽ കൂടുതലായി ഉണ്ടാവുകയും അവയ്ക്ക്നല്ല പ്രവർത്തനങ്ങൾ ഉണ്ടാകുകയും വേണം. മദ്യപാനത്തിനെതിരെയും അതിന്റെ ഉപയോഗം കുറയ്ക്കുന്നതിനായും സമൂഹത്തിൽ നിലനില്ക്കുന്ന അനാചാരങ്ങൾക്കെതിരെ പ്രചരണം നടത്തുവാനും ജനങ്ങളെ ബോധവൽക്കരിക്കാനും ഇതിലൂടെ നമുക്കു കഴിയും.

സ്ത്രീകൾക്കും മറ്റുമായി ചെറിയചെറിയ വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുകയും സഹകരണാടിസ്ഥാനത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും നമുക്ക് കഴിയണം. കോഴിവളർത്തൽ ആടുവളർത്തൽ

എന്നിവ വിജയകരമായി നമുക്ക് നടപ്പിലാക്കാൻ കഴിയും. നല്ലയിനം പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുകയും ആവശ്യമായ വളം സബ്സിഡിനിരക്കിൽ കൊടുക്കുകയും ചെയ്താൽ പച്ചക്കറിയുടെ കാര്യത്തിൽ പഞ്ചായത്തിന് സ്വയംപര്യാപ്തതയിൽ എത്തുവാനും അതിലൂടെ ആളുകൾക്ക് ചെറിയവരുമാനം കണ്ടെത്തുവാനം കഴിയും.

സാമൂഹ്യക്ഷേമത്തെ മുൻനിർത്തി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്രദമാകുംവിധം ആയുർവേദ ഹോമിയോ ആശുപത്രികളുടെ പ്രവർത്തനം ആരംഭിക്കണം. ജപ്പാൻജ്വരം ഡങ്കിപ്പനി പോലുള്ള പകർച്ചവ്യാധികൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത് മറ്റു പഞ്ചായത്തുകൾക്കും മാതൃകാപരമായിരുന്നു. അത്തരത്തിലുള്ള പ്രവർത്തനം പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിലും ഉണ്ടാകണം. പൊതുവിതരണ സമ്പ്രദായം നല്ല രീതിയിൽ ആകാൻ ആവശ്യമായതു ചെയ്യണം. ജീവിതത്തിന്റെ ഏറിയ ഭാഗവും അദ്ധ്വാനിച്ചുക്ഷീണിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് വൃദ്ധമന്ദിരങ്ങൾ ഉണ്ടാക്കണം. വാർദ്ധക്യകാലത്ത് നല്ല പരിചരണവും സംരക്ഷണവും അവർക്ക് ലഭിക്കാൻ ഇതിലൂടെ കഴിയുമാറാകട്ടെ എന്നു കരുതുന്നു.

## പാർപ്പിടം

ഒരു വീട് ഉണ്ടാകണമെന്നുള്ളത് ഏതൊരു മനുഷ്യന്റേയും ആവശ്യവും ആഗ്രഹവുമാണല്ലോ. അതിനു തരപ്പെടാത്ത കുറച്ചുപേരെങ്കിലും നമ്മുടെയിടയിൽ ജീവിക്കുന്നു എന്നത് ഒരു സത്യം മാത്രമാണ്. ഒരു വീട് അത് ചെറുതാണെങ്കിലും വൃത്തിയും വെടിപ്പും ഉള്ളതാകണം. കാരണം വൃത്തിഹീനമായ പരിതസ്ഥിതി രോഗങ്ങളുടെ ആവാസകേന്ദ്രമാണ്. വൃത്തിയില്ലാത്ത ജീവിതസാഹചര്യം ആരോഗ്യത്തേയും സംസ്ക്കാരത്തേയും പ്രതികൂലമായി ബാധിക്കുന്നു. എന്നാൽ ആ ഒരവസ്ഥ ഇല്ലാതാക്കാൻ നമുക്ക് സാമൂഹ്യവും സാംസ്ക്കാരികവും സാമ്പത്തികവുമായ ഘടകങ്ങളുടെ ഒത്തുചേരൽ അനിവാര്യമാണ്.

1973-ൽ കേരളത്തിൽ തീരെ പിന്നോക്കം നില്ക്കുന്നവർക്കും കർഷകത്തൊഴിലാളികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കേരളസംസ്ഥാനത്ത് ആകമാനം ലക്ഷംവീടു പദ്ധതി എന്ന പരിപാടി നടപ്പിലാക്കുകയും അതിലൂടെ വീടും സ്ഥലവും ഇല്ലാതിരുന്ന കുറെ കുടുംബങ്ങൾക്ക് സ്വന്തമായി വീടുംസ്ഥലവും ഉണ്ടാക്കിക്കൊടുക്കുവാനും നമുക്കു കഴിഞ്ഞു. ലോകത്തിനാകമാനം മാതൃകയായി ഒരു ഭവനപദ്ധതി നടപ്പിലാക്കുവാൻ സാധിച്ചു എന്നത് അഭിമാനാർഹമാണ്.

ജനസംഖ്യാവർദ്ധനവിനനുസരിച്ച് പാർപ്പിടവും ഉണ്ടാകേണ്ടിയിരിക്കുന്നു. കേരളത്തിൽ പല ഏജൻസികളുടെയും പ്രവർത്തനഫലമായി വളരെയധികം വീടുകൾ ഉണ്ടാക്കിക്കൊടുക്കുവാനും കുറേപ്പേർക്ക് അതിനുള്ള സാമ്പത്തികസഹായം ചെയ്തു കൊടുക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാജീവ് ദശലക്ഷപാർപ്പിട പദ്ധതി നമുക്കു ഒട്ടേറെ പ്രയോജനം ചെയ്തു എന്നിരിക്കിലും നമ്മുടെ പഞ്ചായത്തിൽ പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീടുള്ളവരും വാടകയ്ക്കു താമസിക്കുന്നവരുടെയും കണക്കുകൾ ഇപ്രകാരമാകുന്നു.

| വാർഡ് | സ്വന്തം വീട് | വാടകവീട് |
|---|---|---|
| I | 594 | 32 |
| II | 507 | 53 |
| III | 426 | 5 |
| IV | 440 | 2 |
| V | 424 | 4 |
| VI | 420 | 11 |
| VII | 526 | 45 |
| VIII | 543 | 17 |
| IX | 574 | 16 |
| X | 667 | 13 |
| ആകെ | 5121 | 198 |

മേൽവിവരിച്ച കണക്കുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി 5121 വീടുകളും 198 വാടകവീടുകളും ഉണ്ടെങ്കിലും അവയിൽ കുറെയധികം വീടുകൾ കുടിലുകളും കുറെ വീടുകൾ ഓലമേഞ്ഞവീടുകളും ആണ് എന്ന് താഴെ കൊടുത്തിരിക്കുന്ന വീടുകളുടെ സ്ഥിതിവിവര കണക്കുകളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

## പാർപ്പിടസ്ഥിതി

| വാർഡ് | കുടിൽ | മൺഭിത്തി ഓല, പുല്ല് മേൽക്കൂര | കരിങ്കല്ല്, കല്ല്, മേൽത്തരം ഓട്, ഷീറ്റ് | വീടുകൾ |
|---|---|---|---|---|
| I | 36 | 12 | 514 | 64 |
| II | 21 | 13 | 485 | 41 |
| III | 39 | 17 | 342 | 33 |
| IV | 76 | 16 | 299 | 51 |
| V | 69 | 16 | 335 | 8 |
| VI | 60 | 17 | 337 | 17 |
| VII | 77 | 18 | 458 | 18 |
| VIII | 120 | 28 | 396 | 16 |
| IX | 113 | 31 | 433 | 13 |
| X | 126 | 46 | 504 | 4 |
| ആകെ | 737 | 214 | 4103 | 265 |

കുടിലുകളിൽ താമസിക്കുന്നതിൽ അധികം ആളുകളും പഞ്ചായത്തിൽനിന്ന് നാലുസെന്റുഭൂമി ലഭിച്ചിട്ടുള്ളവരും പുറമ്പോക്കുഭൂമിയിലും തീരപ്രദേശങ്ങളിലും താമസിക്കുന്നവരാണ്. കുടിലുകളിൽ താമസിക്കുന്നവർക്ക് മറ്റുള്ളവരെപ്പോലെ സമൂഹത്തിൽ മാന്യമായി ജീവിക്കുവാൻ ഒരു നല്ലവീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കേണ്ടിയിരിക്കുന്നു. കുറെയാളുകൾക്കെങ്കിലും സ്വന്തമായി വീടുണ്ടാക്കുവാൻ കഴിയും. മറ്റുള്ളവർക്ക് വീടുണ്ടാക്കാൻ ആവശ്യമായ സഹായം നല്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ മൂന്നു വാർഡുകളിൽ ലക്ഷം വീടുകോളനികൾ ഇല്ല. അവിടങ്ങളിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം വാങ്ങി കോളനികൾ ഉണ്ടാക്കിയാൽ വീടും സ്ഥലവും ഇല്ലാത്ത പഞ്ചായത്തിലെ ഒരു ചെറിയ വിഭാഗം ആളുകൾക്ക് അത് പ്രയോജനകരമാകും.

വീടുനിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത വളരെയുണ്ട്. അഭ്യസ്തവിദ്യരും അല്ലാത്തവരുമായി ധാരാളം യുവതീയുവാക്കൾ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയമായി ചെലവു കുറഞ്ഞ വീടു നിർമ്മിക്കുന്ന രീതി പരിശീലിപ്പിക്കുകയും വീടു നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനുള്ള ഒന്നോ രണ്ടോ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്താൽ അവർക്ക് തൊഴിലും ഒപ്പം ചെലവുകുറഞ്ഞ വീടുനിർമ്മാണത്തിനുള്ള സാമഗ്രികൾ പഞ്ചായത്തിൽതന്നെ ഉണ്ടാക്കുവാനും കഴിയും.

മൽസ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും താമസിക്കുന്ന തീരപ്രദേശങ്ങളിൽ ധാരാളം കുടിലുകളും തകർന്ന വീടുകളും ഉള്ളതായി റിപ്പോർട്ടുകളിൽ കാണുന്നു. ഇവർക്ക് സ്വന്തമായി വീടു വയ്ക്കുന്നതിന് സാമ്പത്തികസഹായമോ അല്ലെങ്കിൽ സർക്കാർ ചെലവിൽ വീടുവെച്ചുകൊടുക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. വിഭവസമാഹരണത്തിൽ മനുഷ്യപ്രയത്നം ഈ വീടുകളുടെ നിർമ്മാണത്തിലുപയോഗിക്കാവുന്നതാണ്.

വസ്തുജാമ്യംകൊടുത്ത് കെട്ടിടം പണിക്കുവേണ്ടി വായ്പ എടുത്തിരിക്കുന്നവർക്കെതിരെ ജപ്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടി അടിയന്തിരമായി ലഘൂകരിക്കുന്നതിന് സർക്കാർ നിയമനടപടി ഉണ്ടാക്കണം. ചെറിയവനെന്നോ വലിയവനെന്നോ വ്യത്യാസമില്ലാതെ സ്വന്തമായ ഒരു വീട് എന്നത് ഇന്ന് എല്ലാവരുടെയും ആവശ്യമാണ്. ഇന്ന് വർദ്ധിച്ചുവരുന്ന ജീവിതസാഹചര്യത്തിൽ സ്വന്തമായി പണം മുടക്കി വീടുണ്ടാക്കുന്നത് വളരെ ക്ലേശകരമാണ്. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തുമാത്രമേ അധികം ആളുകൾക്കും വീടു നിർമ്മിക്കുവാൻ സാധിക്കുകയുള്ളു. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ഇന്ന് വളരെ അധികമാണ്. അതിനാൽ ഭവനനിർമ്മാണ വായ്പാപദ്ധതി മാനുഷികാവശ്യമായി കണക്കിലെടുത്ത് അതിനുള്ള നടപടികൾ ലളിതമാക്കണം. നിലവിലുള്ള പലിശനിരക്ക് സാധാരണക്കാർക്ക് താങ്ങുവാൻ കഴിയാത്തതായതിനാൽ പലിശനിരക്ക് കുറച്ച് വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം.

പുറംപോക്കിലും മറ്റു സർക്കാർ ഭൂമികളിലും മറ്റും താമസിക്കുന്നവരിൽ പലർക്കും ഭൂമി അവരുടേതാണെന്നുള്ളതിന് രേഖകൾ ഒന്നുമില്ല. അതിനാൽ അത്തരക്കാർക്ക് ഭവനനിർമ്മാണത്തിനാവശ്യമായ വായ്പ ലഭിക്കുന്നില്ല. ഭൂമിയിലുള്ള അവരുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകിട്ടുന്നതിന് അവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടിയും ഉണ്ടാകണം.

അറബിക്കടൽതീരം പൊഴിച്ചാൽ എന്നിവ ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്ത്. വളരെയധികം ജനങ്ങൾ ഇതിന്റെ തീരങ്ങളിലാണ് താമസിക്കുന്നത്. പുതിയ തീരസംരക്ഷണ നിയമം ഭാവിയിൽ ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തേയും പ്രത്യേകിച്ച് പാർപ്പിട പ്രശ്നത്തേയും ഏറെ ബാധിക്കും. അറബിക്കടലിനോട് ചേർന്നുനില്ക്കുന്ന പത്താംവാർഡിൽ ഈ നിയമം നിലനില്ക്കുന്നിടത്തോളം കാലം വികസനം തടസ്സമായി വരും. അതിനാൽ ഈ നിയമം പൂർണ്ണമായി പിൻവലിക്കാനുള്ള നടപടി ഉണ്ടാവണം.

ആകെ 9.8. ച.കി.മീ. ആണ് പഞ്ചായത്തിന്റെ വിസ്തീർണ്ണം. 91ലെ കാനേഷുമാരി പ്രകാരം 21590 ആണ് ജനസംഖ്യ. പഞ്ചായത്തിന്റെ മൂന്നിലൊന്നുഭാഗവും ജലാശയങ്ങളാണ്.

1. ചെലവു കുറഞ്ഞ വീടു നിർമ്മിക്കാനും നിർമ്മിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുവാനും കഴിയണം
2. ഭവനനിർമ്മാണ സഹകരണസംഘങ്ങളിലൂടെയും ഇതര സാമ്പത്തിക സ്ഥാപനങ്ങളിലൂടെയും ലഭിക്കുന്ന വായ്പാരീതികൾ ലളിതമാക്കണം.
3. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ ഉണ്ടാക്കുവാൻ ആളുകൾക്ക് പരിശീലനം നല്കുകയും അത്തരം സാധനങ്ങൾ ഉപയോഗിച്ച് വീടു പണിയുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
4. തീരദേശപരിപാലന നിയമം മൂലം ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
5. റൂറൽ ഹൗസിംഗ് സൊസൈറ്റികളിൽനിന്നും ഭവനനിർമ്മാണ വായ്പ എടുത്തിട്ടുള്ള സർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട പലിശാ സബ്സിഡി കാലാകാലങ്ങളിൽ നല്കണം. ■



4.8

# വനിത

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. ഒമ്പതാംപദ്ധതിയിലൂടെ നടപ്പാക്കുന്ന വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. എന്നാൽ ഈ പഞ്ചായത്തിൽ നടന്ന ഗ്രാമസഭകളിലും മറ്റു പ്രവർത്തനങ്ങളിലും വനിതാ പ്രാതിനിധ്യം വളരെ കുറവായിരുന്നു.

ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന സ്ത്രീകൾ സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ വിദ്യാഭ്യാസ കാര്യങ്ങളിൽ പുരുഷന്മാരേക്കാൾ പിന്നിലാണ്. വിദ്യാഭ്യാസം നേടിയിട്ടുള്ള പുരുഷന്മാർ 9053ഉം സ്ത്രീകൾ 8499ഉം ആണ്. സമ്പൂർണ്ണസാക്ഷരത നേടിയ പഞ്ചായത്തിലെ ശേഷിക്കുന്ന നിരക്ഷരരിൽ കൂടുതലും സ്ത്രീകളാണ്.

പഞ്ചായത്തിൽ സ്ത്രീകൾക്ക് വിപുലമായ തൊഴിൽമേഖലയുണ്ട്. ചെമ്മീൻ സംസ്ക്കരണം, അടയ്ക്കാ വ്യവസായം, കയർവ്യവസായം തുടങ്ങിയ മേഖലകളിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും സ്ത്രീകളാണ്, ഫാക്ടറികളിലും മൽസ്യമേഖലയിലും ജോലി ചെയ്യുന്ന സ്ത്രീകളുമുണ്ട്. കെട്ടിടനിർമ്മാണ രംഗത്തും കാർഷികമേഖലയിലും സ്ത്രീകളുടെ പങ്കാളിത്തമുണ്ട്. എന്നാൽ വേതനത്തിന്റെ കാര്യത്തിൽ സ്ത്രീതൊഴിലാളികൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. തുല്യജോലിക്ക് തുല്യ വേതനം എന്ന തത്വം ഈ രംഗത്ത് പാലിക്കപ്പെടുന്നില്ല. ഫാക്ടറികളിൽ ജോലി ചെയ്യുന്നവർക്കാകട്ടെ അവരുടെ അദ്ധ്വാനത്തിനനുസരിച്ച് വേതനം ലഭിക്കുന്നില്ല.

സാമൂഹ്യ രാഷ്ട്രീയരംഗത്ത് സ്ത്രീകളുടെ സാന്നിദ്ധ്യമുണ്ട്. സാക്ഷരതപ്രവർത്തനരംഗത്ത് വനിതകളുടെ സജീവമായ പങ്കാളിത്തം ലഭിച്ചിട്ടുണ്ട്. വനിതാവ്യവസായ യൂണിറ്റുകളിലും വനിതകൾ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പല വീടുകളും സ്ത്രീകളുടെ വരുമാനത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പുരുഷന്മാരുടെ തൊഴിലില്ലായ്മ കൂടുതലായി അനുഭവപ്പെടുന്ന പഞ്ചായത്തിൽ കുടുംബങ്ങളെ സംരക്ഷിക്കേണ്ട ചുമതല സ്ത്രീകളിൽ വന്നുചേരുന്നു. വിദ്യാലയങ്ങളിൽ പോകേണ്ട പ്രായത്തിലുള്ള പെൺകുട്ടികൾക്കുപോലും കുടുംബം പുലർത്തുന്നതിനുവേണ്ടി ജോലിക്കുപോകേണ്ടിവരുന്നു.

**പ്രശ്നങ്ങൾ**

1. സ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് പിന്നോക്കമാണ്.
2. പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പലവിധരോഗങ്ങളും ഉണ്ടാകുന്നു.
3. അഭ്യസ്തവിദ്യരായ യുവതികൾക്ക് വേണ്ടത്ര തൊഴിൽസാദ്ധ്യതകളില്ല.
4. സാമൂഹ്യസാംസ്ക്കാരികരംഗത്ത് സ്ത്രീസാന്നിദ്ധ്യം കുറയുന്നു.
5. സ്ത്രീകൾക്ക് അദ്ധ്വാനത്തിനനുസരിച്ച് വേതനം ലഭിക്കുന്നില്ല.

6. ജോലിക്കു പോകുന്ന സ്ത്രീകളുടെ കുട്ടികളെ നോക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

### സാദ്ധ്യതകൾ

1. പെൺകുട്ടികളെ പൂർണ്ണമായും വിദ്യാലയങ്ങളിലെത്തിക്കാൻ സാമൂഹ്യസന്നദ്ധസംഘടനകൾക്ക് കഴിയണം.
2. എല്ലാ സ്ത്രീകളേയും സാക്ഷരരാക്കുന്നതിനും വിജ്ഞാനമേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും വേണ്ടി പഞ്ചായത്തിലെ ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കി തുടർവിദ്യാഭ്യാസപരിപാടി ആരംഭിക്കണം.
3. സ്ത്രീകളുടെ ഉന്നതിക്ക് ഉതകുന്ന തരത്തിൽ സർക്കാർ അർദ്ധസർക്കാർ സന്നദ്ധസംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കുക
4. ചെമ്മീൻ സംസ്ക്കരണ ശാലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുക.
5. എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും വനിതാ ഡോക്ടർമാരെ നിയമിക്കുക
6. വനിതാവികസനത്തിന് എല്ലാ വാർഡുകളിലും റാട്ടുകളും തയ്യൽമെഷീനുകളും സൗജന്യമായി വിതരണം ചെയ്യുക.
7. എല്ലാ വാർഡിലും മഹിളാസംഘടനകൾ രൂപീകരിച്ച് സാമൂഹ്യസാംസ്ക്കാരികരംഗത്ത് സ്ത്രീകളുടെ പ്രവർത്തനം സജീവമാക്കുക.
8. തുല്യജോലിക്ക് തുല്യവേതനമെന്ന തത്വം നടപ്പിലാക്കുക.
9. കുട്ടികളെ സംരക്ഷിക്കുന്നതിന് ഡേകെയർ സെന്ററുകൾ സ്ഥാപിക്കുക

### പൊതുനിർദ്ദേശങ്ങൾ

1. സ്ത്രീധനനിരോധനനിയമം കർശനമായി നടപ്പിലാക്കുക. ബോധവൽക്കരണം നടത്തുക.
2. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക. സാങ്കേതികസഹായം ലഭ്യമാക്കുക.
3. വനിതാവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക
4. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക
5. തൊഴിൽപരിശീലനകേന്ദ്രങ്ങൾ വനിതകൾക്കുവേണ്ടി ആരംഭിക്കണം.
6. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളും പോസ്റ്ററുകളും നിരോധിക്കുക.
7. വസ്ത്രനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
8. കരകൗശല വസ്തു നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
9. തയ്യൽപരിശീലന ക്ലാസുകൾ നടത്തുക
10. ഏഴാംവാർഡിലെ പപ്പടനിർമ്മാണ സൊസൈറ്റിയുടെ പ്രവർത്തനം സജീവമാക്കണം.
11. സ്ത്രീധന സ്ത്രീപീഠന കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുക.

4.9

# സഹകരണം

അധികാരം ജനങ്ങളിലേക്ക് എന്ന നമ്മുടെ ലക്ഷ്യം പ്രാവർത്തികമാകുന്ന ഈ അവസരത്തിൽ ഗ്രാമപഞ്ചായത്തുകളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സഹകരണപ്രസ്ഥാനത്തിന്റെ പങ്ക് ഒട്ടുവളരെ വലുതാണ്. ജനകീയാസൂത്രണത്തിന്റെ മുഖ്യഘടകവും സഹകരണ പ്രസ്ഥാനം തന്നെ. കുത്തിയതോട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് കേരളത്തിലെ മറ്റു ഗ്രാമപഞ്ചായത്തുകളിൽ ഉള്ളതിനെക്കാൾ കൂടുതൽ സഹകരണപ്രസ്ഥാനങ്ങളും മറ്റു സംഘടനാപരമായ പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്ന ഒരു പഞ്ചായത്താണ്. നിർഭാഗ്യമെന്നുപറയട്ടെ ഈ സ്ഥാപനങ്ങൾക്ക് ഈ പഞ്ചായത്തുനിവാസികളുടെ ദൈനംദിനകാര്യങ്ങൾപോലും കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാത്തവിധമുള്ള സാമ്പത്തികമായ പരാധീനതകൾഉണ്ട്.

### വായ്പാ സഹകരണസംഘങ്ങൾ

ഈ ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്ന് വായ്പാസഹകരണസംഘങ്ങളുണ്ട്. ഇതിൽ പറയകാട് സർവ്വീസ് സഹകരണബാങ്ക് പഞ്ചായത്തിലെ ഒമ്പതാംവാർഡിൽ പ്രവർത്തിക്കുന്നു. മലയാളവർഷം 1124ാം ആണ്ട് പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം പ്രാരംഭഘട്ടത്തിൽ ജനങ്ങൾക്ക് സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള അറിവില്ലായ്മമൂലം മന്ദഗതിയിലായിരുന്ന പ്രവർത്തനം, കാലാകാലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡയറക്ടർ ബോർഡിന്റെ ആത്മാർത്ഥമായ പരിശ്രമം നിമിത്തം ജനങ്ങൾക്കുള്ള സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഒരു പിരിധിവരെ പരിഹരിക്കുന്നതിന് ഉതകുംവിധം ഈ സംഘത്തെ പ്രവർത്തനക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങളിൽ സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള ഒട്ടു മിക്ക ആളുകളും ടി സംഘത്തിൽ അംഗങ്ങളാവുകയും വിവിധ വിധത്തിലുള്ള വായ്പകൾ വാങ്ങി സാമ്പത്തികമായ ഉന്നമനം നേടിയിട്ടുള്ളവരാണ്. സംഘത്തിന്റെ പ്രവർത്തനപരിധി പഞ്ചായത്തിലെ ഒമ്പതുവർഡുകളിൽ ആണെങ്കിലും ഒമ്പതാംവാർഡിൽ സ്ഥിതിചെയ്യുന്ന സ്ഥാപനവുമായി ബന്ധപ്പെടുന്നതിന് മറ്റു വാർഡുകളിലെ ജനങ്ങൾക്ക് പ്രയാസം നേരിടുന്നു. ഇതിന് ഒരു പരിഹാരമായി മറ്റു വാർഡുകളിലെ ജനങ്ങൾക്ക് സൗകര്യമായി ബാങ്കിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നതിന് ഒരു ബ്രാഞ്ച് സ്ഥാപിക്കണം.

നിലവിൽ 8889 അംഗങ്ങളും ഓഹരി മൂലധനമായി 164307.6 രൂപയും വിവിധ വായ്പകളിലായി 167247.34 രൂപയും ജനങ്ങൾക്ക് നല്കിയിട്ടുണ്ട്. നിക്ഷേപമായി 21596023 രൂപയും സ്വീകരിച്ചിട്ടുള്ള ഈ സ്ഥാപനത്തിന്റെ നടപ്പുവർഷലാഭം 109424 ആണ്. ഇങ്ങനെയാണെങ്കിലും തൊഴിലില്ലായ്മ പ്രകൃതിക്ഷോഭം മുതലായ കാരണങ്ങളാലും ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ അംഗങ്ങൾക്ക് യഥാസമയം തിരിച്ചടക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ആയ

തിന് സർക്കാരിൽനിന്നും ഇളവുകൾ അനുവദിച്ചും തൊഴിൽസാദ്ധ്യത ഉണ്ടാക്കിയും അവരെ സഹായിക്കണം.

ടി. സ്ഥാപനത്തിൽനിന്നും ജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാനും മറ്റുരീതിയിലുമുള്ള സർക്കാർ സബ്സിഡിയോടുകൂടി കൊടുക്കാവുന്ന വായ്പകൾ വിതരണം ചെയ്യണം. ആയതിന് ആവശ്യമുള്ള ഫണ്ട് നല്കി ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

ഈ ബാങ്കിന്റെ കീഴിൽ ഒരു മാവേലിസ്റ്റോറും വളം ഡിപ്പോയും രണ്ടു റേഷൻ ഡിപ്പോകളും പ്രവർത്തിച്ചിരുന്നു. എന്നാൽ നിലവിൽ ഒരു റേഷൻഡിപ്പോ മാത്രമേയുള്ളു. മറ്റുസ്ഥാപനങ്ങൾ നിർത്തേണ്ടിവന്നു. സർക്കാരിൽനിന്നു ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം മോശമായതിനാൽ ചെലവു കുറയുന്നതുകൊണ്ട് ബാങ്കിനുണ്ടായ നഷ്ടംനിമിത്തം മാവേലിസ്റ്റോർ നിർത്തേണ്ടിവന്നു. കൃഷിയിറക്കുന്ന അവസരത്തിൽ മാത്രം വളം ആവശ്യമായി വരുന്നതുകൊണ്ട് കൂടുതൽ വളം മോശമായി ബാങ്കിനു നഷ്ടം വരുന്നതിനാൽ വളംഡിപ്പോയും നിർത്തേണ്ടിവന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ മുഖേന വിത്തുകളും വളങ്ങളും സൗജന്യനിരക്കിലും സബ്സിഡിയോടുകൂടിയും ജനങ്ങൾക്ക് വിതരണം നടത്തുന്നതിന് സാമ്പത്തികസഹായം നല്കി വളംഡിപ്പോ പുനഃസ്ഥാപിക്കണം. ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുന്ന മാവേലിസ്റ്റോർ ബാങ്കിന് നഷ്ടംവരാത്തവിധത്തിൽ പ്രവർത്തിക്കുവാനുള്ള സാമ്പത്തികസഹായം നല്കണം.

ഈ ഗ്രാമപഞ്ചായത്തിൽ ഒന്നാംവാർഡിലും പത്താം വാർഡിലും ഓരോ വായ്പാസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്നാംവാർഡിൽ പ്രവർത്തിക്കുന്ന 935-ാം നമ്പർ തുറവൂർ സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനപരിധി, തുറവൂർ തെക്ക്, വടക്ക്, തൈക്കാട്ടുശ്ശേരിക്കര എന്നിവിടങ്ങളിലാണ്. 8825 അംഗങ്ങൾ നിലവിലുണ്ട്. ഉദ്ദേശം ഒരുകോടി രൂപയോളം വായ്പ വിവിധ ഇനങ്ങളിലായി അംഗങ്ങൾക്ക് നല്കിയിട്ടുണ്ട്. കൂടുതലായി വായ്പകൾ നല്കുന്നതിന് ബാങ്കിൽ ജനസഹകരണത്തോടെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കണം. ഈ ബാങ്കിന്റെ കീഴിൽ മറ്റു സ്ഥാപനങ്ങൾ ഒന്നും ഇല്ല. മാവേലിസ്റ്റോർ, വളംഡിപ്പോ, റേഷൻഡിപ്പോ മുതലായ ജനോപകാരപ്രദമായ സ്ഥാപനങ്ങൾ ആരംഭിക്കുകയും നിലവിലുള്ള പ്രവർത്തനപരിധി വർദ്ധിപ്പിച്ച് കൂടുതൽ ജനങ്ങളെ അംഗങ്ങളാക്കുകയും സ്ഥാപനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിൽ ബന്ധപ്പെടുത്തുകയും വേണം.

1120-ൽ പ്രവർത്തനം ആരംഭിച്ച ടി. ബാങ്ക് നാഷണൽ ഹൈവേയ്ക്ക് തൊട്ടടുത്തായി സ്ഥിതിചെയ്യുന്നു. ബാങ്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആണെങ്കിലും ജലങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി ബന്ധപ്പെടുന്നതിന് സായാഹ്നശാഖകൾ ഉൾപ്പെടെയുള്ള പ്രവർത്തനം ആരംഭിക്കണം. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവടക്കാർക്ക് ഉപകാരപ്രദമായ രീതിയിൽ ദിനനിക്ഷേപപദ്ധതി ആരംഭിക്കണം. മറ്റുരീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ച് ജനോപകാരപ്രദമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം സർക്കാരിൽനിന്നും നല്കി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

### പള്ളിത്തോട് സർവ്വീസ് സഹകരണ ബാങ്ക് 1252

തീരദേശനിവാസികളുടെ ചിരകാലസ്വപ്നമായിരുന്നു പ്രസ്തുതബാങ്ക്. 1101-ാം ആണ്ടിൽ നിലവിൽ വന്നു. ഇപ്പോൾ 3181 അംഗങ്ങളും 17.4066 രൂപ ഓഹരി മൂലധനവും ഉണ്ട്. 35 ലക്ഷം രൂപയോളം ജനങ്ങളിൽനിന്നും നിക്ഷേപമായും 26 ലക്ഷം രൂപയോളം വായ്പയായും നല്കിയിട്ടുണ്ട്. ഇപ്പോൾ പരമാവധി ഒരംഗത്തിന് ബാങ്കിൽ നിന്നും എടുക്കാവുന്ന വായ്പ 5000 രൂപയാണ്. വർദ്ധിച്ചുവരുന്ന ജീവിതനിലവാരം വച്ചുനോക്കുമ്പോൾ ഈ തുക വളരെ അപര്യാപ്തമാണ്. ആയതിനാൽ പരമാവധി എടുക്കാവുന്ന വായ്പയുടെ നിരക്കു വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണം. ബാങ്കിൽനിന്നും നല്കുന്ന വായ്പകൾ തിരിച്ചടക്കുവാനുള്ള അംഗങ്ങളുടെ ഏകമാർഗ്ഗം കെട്ടുതെങ്ങുവ്യവസ്ഥമാത്രമാണ്. കടൽക്ഷോഭവും ഓരും നിമിത്തം തെങ്ങുകളിൽ ആദായം കുറയുകയും നാശം സംഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ വായ്പ തിരിച്ചടയ്ക്കുവാനുള്ള സാദ്ധ്യത കുറയുന്നു. ആയതിനാൽ സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള വായ്പകൾ നല്കി ജനങ്ങളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കണം.

ഗ്രാമപഞ്ചായത്തിലെ പത്താംവാർഡ് കടലോരമായതിനാൽ വാർഡുനിവാസികളുടെ പ്രധാന വരുമാനമാർഗ്ഗം മൽസ്യബന്ധനമാണ്. ആയതിനാൽ മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മീൻവളർത്തൽ, ചെമ്മീൻ കൃഷി മുതലായവയ്ക്ക് കൂടുതൽ വായ്പകൾ നല്കുകയും വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

തീരദേശകച്ചവടക്കാരായ അംഗങ്ങൾക്ക് കച്ചവട വിപുലീകരണത്തിനായി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ വിതരണം ചെയ്യണം. തീരദേശനിവാസികളായതിനാൽ മൽസ്യബന്ധനത്തിന് കൂടുതൽ ഗ്രാന്റ് ലഭിക്കത്തക്കവിധം വായ്പകൾ നല്കണം. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ പുര വയ്ക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. താല്ക്കാലികആവശ്യങ്ങൾക്കുവേണ്ടി സ്വർണ്ണപ്പണയം പോലുള്ള കാര്യങ്ങൾക്ക് കിലോമീറ്ററുകൾ സഞ്ചരിച്ച് മറ്റുസ്ഥാപനങ്ങളെ സ്വകാര്യസ്ഥാപനങ്ങൾ ഉൾപ്പെടെ സമീപിക്കേണ്ടിവരുന്നതിനാൽ ബാങ്കിൽ സ്വർണ്ണപണയ വായ്പാപദ്ധതി ആരംഭിക്കേണ്ടതാണ്.

ഓണക്കാലത്ത് ഓണച്ചന്തയല്ലാതെ മറ്റു സ്ഥിരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളൊന്നും നിലവിലില്ല. ആയതിനാൽ ഒരു കൺസ്യൂമർസ്റ്റോറും ഒരു സ്ഥിരമായ പച്ചക്കറിസ്റ്റാളും ബാങ്കിന്റെ കീഴിൽ തുടങ്ങുന്നത് ഉത്തമമായിരിക്കും. ആയതിനുള്ള സാമ്പത്തികസഹായം ഗ്രാന്റോടുകൂടി സർക്കാരിൽനിന്നും ബാങ്കിനു നല്കണം.

തീരദേശനിവാസികളുടെ ഏകആശ്രയം മൽസ്യബന്ധനം ആയതിനാൽ പ്രകൃതിക്ഷോഭം മൂലവും മറ്റും തൊഴിൽസാദ്ധ്യത ഇല്ലാതെവരുന്ന അവസരത്തിൽ ജനങ്ങൾക്ക് ഒരു നിത്യവരുമാനമാർഗ്ഗമായ താറാവു വളർത്തൽ, കോഴിവളർത്തൽ, ആടുമാടുവളർത്തൽ, മൽസ്യം വളർത്തൽ, ചെമ്മീൻ വളർത്തൽ മുതലായവയ്ക്ക് സാമ്പത്തികസഹായം നല്കണം.

## മറ്റു സഹകരണസ്ഥാപനങ്ങൾ

### 1. കാർഷികസംഘങ്ങൾ

നിലവിൽ പ്രവർത്തിച്ചുവരുന്ന ആറു കാർഷികസംഘങ്ങളിൽ ഒട്ടുമിക്കതും പ്രവർത്തനരഹിതമാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സാമ്പത്തികപരാധീനതമൂലം ഈ സംഘങ്ങൾക്ക് കഴിയുന്നില്ല. പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗങ്ങളിൽ ഒന്നാണ് നെൽക്കൃഷി. എന്നാൽ പ്രകൃതിക്ഷോഭം കീടങ്ങൾ, വരൾച്ച, ഓരുവെള്ളം മുതലായവ നിമിത്തം ലാഭകരമായ രീതിയിൽ കൃഷി നടത്തുന്നതിന് കർഷകർക്ക് കഴിയുന്നില്ല.

### കൊച്ചുവാവക്കാട് കർഷകസംഘം

പഞ്ചായത്തിലെ നാലുകുളങ്ങര ക്ഷേത്രപരിസരത്ത് പ്രവർത്തിക്കുന്ന ഈ കർഷകസംഘം കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുന്നതിന് ഉപകരിക്കുന്നുണ്ട്. എങ്കിലും ഉല്പാദനത്തിനുണ്ടാകുന്ന കുറവ് കർഷകരെ നെല്ലുല്പാദനത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. കർഷകരെ വീണ്ടും നെല്ലുല്പാദനരംഗത്ത് ഉറപ്പിച്ചു നിർത്തുന്നതിനുവേണ്ട നടപടികൾ ഉണ്ടാകണം. സബ്സിഡി നല്കണം.

### മുക്കാൽവീതം

ചാവടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രസ്തുത സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ നിമിത്തം ജനങ്ങൾക്ക് കൃഷി ആവശ്യത്തിനുള്ള വിത്തുകളോ ഉപകരണങ്ങളോ നല്കാൻ കഴിയാത്ത അവസ്ഥയിലാണ്.

### 3. പള്ളിത്തോട് കർഷകസംഘം

കോടന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റേയും കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റേയും പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സംഘത്തിൽ കർഷകരായുള്ള മെമ്പർമാർ കൂടുതലുണ്ട്. എങ്കിലും നെല്ലുല്പാദനം പാടേ മോശമായതിനാൽ ഈ കർഷകസംഘത്തിന്റെ പ്രവർത്തനവും മന്ദഗതിയിലാണ്.

### 4. കൂട്ടുകൃഷി 3010

തുറവൂർ പഞ്ചായത്തിൽ കൂടുതൽ, കൃഷിസ്ഥലം ഉള്ളതും കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതുമായ പ്രസ്തുത കർഷക സംഘത്തിൽ മെമ്പർമാർ കുറവാണ് എങ്കിലും ഉള്ള മെമ്പർമാരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘം വർഷാവർഷം ഒരു മെമ്പർക്ക് അരഏക്കർ കൃഷിസ്ഥലം വീതം പാട്ടത്തിനുനല്കി നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നു. സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമെങ്കിലും വിപുലീകരണം അനിവാര്യമാണ്.

### 5. തുറവൂർ കർഷകസംഘം

നിലവിൽ ടി പഞ്ചായത്തിലുള്ള കർഷകസംഘങ്ങളിൽ ഏറ്റവും വലിയ കർഷകസംഘം ഇതാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഈ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ ആകണമെങ്കിൽ സർക്കാരിൽനിന്നുള്ള ധനസഹായങ്ങളും മറ്റു സബ്സിഡികളും നല്കി സംഘത്തെ പരിപോഷിപ്പിക്കുവാനുള്ള നടപടികൾ അനിവാര്യമാണ്.

കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ മാത്രമാണ് കർഷകരായ ഗ്രാമപഞ്ചായത്തിലെ

ജനങ്ങൾക്ക് ആശ്രയം. ഈ സംഘങ്ങൾ എല്ലാം സഹകരണമേഖലയിൽ ഒന്നാക്കികൊണ്ട് കർഷകർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കണം. ഒരുപ്പൂക്കൃഷിമാത്രം നടക്കുന്ന ഈ പാടശേഖരങ്ങളിൽ പ്രകൃതിയെ ആശ്രയിച്ചുമാത്രമേ കൃഷി ചെയ്യുവാൻ സാധിക്കുന്നുള്ളു. യഥാസമയങ്ങളിൽ കൃഷിക്കു ആവശ്യമായ വെള്ളവും വളവും ലഭ്യമാക്കുന്നതിന് സാമ്പത്തികബുദ്ധിമുട്ടുള്ള കൃഷിക്കാർക്ക് സാധിക്കുന്നില്ല. ഈ സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഉള്ളതാണെങ്കിൽ ജനപങ്കാളിത്തത്തോടെ സർക്കാരിൽനിന്ന് ആവശ്യമായ വിത്തും വളവും കാർഷികഉപകരണങ്ങളും നേടിയെടുക്കേണ്ടതിന് സാധിക്കും.

കൃഷിയുടെ നടത്തിപ്പിന് ആവശ്യമായ ജലസേചന പദ്ധതികൾ സ്ഥാപിച്ച് കൃഷി കൂടുതൽ കാര്യക്ഷമമാക്കി നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ പ്രസ്തുതസംഘങ്ങൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള മോശമായ ഷട്ടറുകൾ മാറ്റിസ്ഥാപിച്ചും ആവശ്യമായ പുതിയ ഷട്ടറുകൾ നിർമ്മിച്ചും കൃഷിസ്ഥലത്ത് വെള്ളം കേറ്റിറക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

### ഖാദി വില്ലേജ് ഇൻഡസ്ട്രീസ്, തുറവൂർ

ഗ്രാമീണ ജനങ്ങളിൽ സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ തൊഴിൽസാദ്ധ്യതയുള്ള ഒരു മേഖലയാണ് ഖാദി. നിലവിലുള്ള ഈ ഡാണാ നൂലിന്റേയും മറ്റ് അസംസ്കൃതവസ്തുക്കളുടെയും അപര്യാപ്തതമൂലം കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. ഖാദി ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏറ്റവും ഗുണനിലവാരമുള്ള തുണിത്തരങ്ങൾ മാത്രം ഉല്പാദിപ്പിക്കുന്ന ഈ സ്ഥാപനം സാമ്പത്തിക പരാധീനതമൂലം ഇന്ന് വളരെ പരുങ്ങലിലാണ്. 1973ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ 1215 അംഗങ്ങൾ ഉണ്ട്. 42166 രൂപ ഓഹരിമൂലധനമായി പിരിഞ്ഞുകിട്ടിയിട്ടുണ്ടെങ്കിലും തൻവർഷം 85000 രൂപയോളം സർക്കാരിൽനിന്നും ഷെയർലോണായി ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനമൂലധനം 2,69000വും സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള വായ്പ 4,93000 രൂപയും ആണ്.

സ്ത്രീജനങ്ങൾക്ക് കൂടുതൽ തൊഴിൽസാദ്ധ്യതയും വരുമാനമാർഗ്ഗവും ഉള്ള ഈ സ്ഥാപനത്തിന് ആവശ്യമായ ഫണ്ടുകളും അസംസ്കൃതവസ്തുക്കളും സർക്കാരിൽ നിന്നും ലഭിക്കണം.

### തുറവൂർ വനിതാ ഇൻഡസ്ട്രീസ്

കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ മൂന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം ആരംഭഘട്ടത്തിൽ പ്രവർത്തനക്ഷമമായിരുന്നു എങ്കിലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യംമൂലം ഇന്ന് പ്രവർത്തനം ഇല്ലാത്ത അവസ്ഥയിലാണ്. സ്ത്രീകൾക്കുവേണ്ടി മാത്രം സഹകരണാടിസ്ഥാനത്തിൽ രൂപംകൊണ്ട ഈ സ്ഥാപനത്തിൽ മെഴുകുതിരി, കയർ മറ്റ് തുടങ്ങിയ സാധനങ്ങൾ ഉല്പാദിപ്പിച്ചിരുന്നു. ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള മാർഗ്ഗമോ വിപണന സാദ്ധ്യതയോ ഇല്ലാതെ വരുകയും മെഴുക് കയർ മുതലായ അസംസ്കൃത വസ്തുക്കളുടെ കുറവുമൂലവും ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചും അംഗങ്ങളായിരുന്ന സ്ത്രീകൾ തൊഴിൽരഹിതരായി കഷ്ടപ്പെടുകയാണ്. സർക്കാരിൽനിന്നും ആവശ്യമായ സാമ്പത്തികസഹായവും അസംസ്കൃത വസ്തുക്കളും നല്കുകയും ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു വിപണനകേന്ദ്രവും തുറന്ന് ഈ സംഘത്തിന്റെ പ്രവർത്തനം പുനഃരാരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

### ക്ഷീരവ്യവസായ സഹകരണസംഘം എ. 18 ഡി

ഗ്രാമപഞ്ചായത്തിലെ എട്ടാംവാർഡായ നാലുകുളങ്ങര പ്രദേശത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനമാണ് പഞ്ചായത്തിലെ ക്ഷീരോല്പാദകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഏകസ്ഥാപനം. പഞ്ചായത്തിലെ ഇതര വാർഡിലുള്ളവർക്ക് ഈ സ്ഥാപനവുമായി ബന്ധപ്പെടുന്നതിന് വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നു. സർക്കാരിൽനിന്നും സൗജന്യനിരക്കിൽ ലഭിച്ചുവരുന്ന കാലിത്തീറ്റയും മറ്റു സാമ്പത്തിക സഹായങ്ങളും ഈ സംഘം വഴി ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിലെ മുഴുവൻ ക്ഷീരഉല്പാദകർക്കും ഉപകാരമായി പ്രവർത്തിക്കുവാൻ സംഘത്തിനു കഴിയുന്നില്ല.

സംഘത്തിന്റെ പ്രവർത്തനമേഖല വിപുലമായതിനാൽ സംഘത്തിൽ വരുന്ന പാലിന്റെ അളവ് വളരെ കൂടുതലാണ്. ഇത് വിറ്റഴിച്ചതിനുശേഷം മിച്ചം വരുന്ന പാലും സൂക്ഷിച്ചുവെക്കുന്നതിനുള്ള ശീതീകരണിയോ മറ്റ് ആധുനിക സംവിധാനമോ സംഘത്തിനില്ല. ആയത് ലഭ്യമാക്കുന്നതിനുവേണ്ട സാമ്പത്തികസഹായം സർക്കാർ നല്കുകയും പാലിൽനിന്നുണ്ടാക്കുന്ന മറ്റുല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഒരു അനുബന്ധ ഉല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ട നടപടി സർക്കാരിൽനിന്നും ഉണ്ടാകുകയും വേണം.

കന്നുകാലികൾക്ക് സൗജന്യനിരക്കിലുള്ള കാലിത്തീറ്റ വിതരണം ഇപ്പോൾ ഇല്ല. ക്ഷീരകർഷകർക്ക് പ്രയോജന കരമായ രീതിയിൽ കാലിത്തീറ്റയും കന്നുകിടാങ്ങളും ടി സംഘംവഴി നല്കണം. 850നുമേൽ അംഗങ്ങളുള്ള ഈ സ്ഥാപനത്തിൽ ഉദ്ദേശം 50 പേർ മാത്രമേ ക്ഷീരോല്പാദക രായി നിലവിലുള്ളു. കന്നുകുട്ടി പരിപാലനപദ്ധതി അനുസരിച്ച് സൗജന്യനിരക്കിലുള്ള കാലിത്തീറ്റയും കന്നുകുട്ടികളും കൂടുതലായി വിതരണംചെയ്ത് കൂടുതൽ ആളുകളെ സഹകരിപ്പിച്ച് ക്ഷീരോല്പാദനം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഈ കാര്യങ്ങൾ എല്ലാം പര്യാപ്തമായ രീതിയിൽ ഒരു ക്ഷീരവ്യവസായ സഹകരകണസംഘം കൂടി പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രി പ്രസ്തുത സംഘത്തിൽനിന്നും വളരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. കന്നുകുട്ടിപ്രദർശനവും ക്ഷീരവ്യവസായവു മായി ബന്ധപ്പെട്ട ചടങ്ങുകളും നടക്കുന്നത് ഈ സ്ഥാപനത്തിന്റെ സമീപത്തായതിനാൽ നിലവിലുള്ള മൃഗാശുപത്രി ഇങ്ങോട്ട് മാറ്റിസ്ഥാപിക്കുകയോ പുതുതായി ഒരെണ്ണം സംഘത്തിന്റെ സമീപം തുടങ്ങുകയോ വേണ്ടത് അത്യന്താപേക്ഷിതമാണ്.

### കയർ

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചെമ്മീൻ വ്യവസായവും കയർ സംസ്ക്കരണവുമാണ് മുഖ്യ വരുമാനമാർഗ്ഗം. ഇന്ന് കയർമേഖല ആകെ മന്ദീഭവിച്ചു കിടക്കുകയാണ്. കയർ ഉല്പന്നങ്ങളുടെ വിലക്കുറവും അസംസ്കൃത വസ്തുക്കളുടെ കുറവുമൂലവും ഈ മേഖല വളരെ പരിതാപകരമായ നിലയിലാണ്. ഈ പഞ്ചായത്തിൽ രണ്ടു കയർസംഘങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ അതിൽ ഒരെണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇതാകട്ടെ ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ പ്രവർത്തനവൈകല്യം നേരിട്ടുകൊണ്ടിരിക്കുന്നു. അംഗങ്ങൾക്കാവശ്യമായ ഉപകരണങ്ങളോ അസംസ്കൃത വസ്തുക്കളോ സൗജന്യനിരക്കിൽ ലഭ്യമാക്കാൻ കഴി യാത്തതുമൂലം സുഗമമായ രീതിയിൽ ഉല്പന്നങ്ങളുടെ നിർമ്മാണം കഴിയുന്നില്ല. സ്ത്രീതൊഴിലാളികൾക്ക് വളരെയ ധികം പ്രവർത്തനസാദ്ധ്യതയുള്ള ഒരു മേഖലയാണ് ഇത്. എന്നാൽ കാര്യക്ഷമമായ രീതിയിൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് ജനങ്ങൾക്ക് കഴിയാതെ വന്നിരിക്കുന്നു. പിന്നെയതിന് ഒരു പരിഹാരമായി തൊഴിലാളികൾക്ക് മതി യായ വേതനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകത്തക്കരീതി യിൽ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാരിൽനിന്നും നടപടി ഉണ്ടാക്കണം.

കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്രവും, ഉല്പന്നങ്ങളുടെ ഗുണനിലവാരം ജനങ്ങൾക്ക് ബോദ്ധ്യമാകത്തക്കരീതിയിലുള്ള പ്രചരണ മാർഗ്ഗവും സ്വീകരിക്കണം. കൂടുതൽ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും കയർ മേഖലയുടെ പുനഃരുദ്ധാരണത്തിനും പഞ്ചായത്ത് ഗ്രാമവാസികളുടെ സാമ്പത്തിക ഉന്നമനത്തിനുംവേണ്ടി ഒരു കയർ സഹകരണസംഘംകൂടി പഞ്ചായത്തിന്റെ മറ്റു വാർഡിൽ രൂപീകരിക്കണം.

കയർഫെഡിൽ നിന്നും ലഭ്യമാക്കാവുന്ന സാമ്പത്തികസഹായങ്ങൾ സ്വീകരിച്ച് ചകിരി, റാട്ട് ഉപകരണങ്ങൾ മുതലായവ വീടുകളിൽ എത്തിച്ചുകൊടുത്ത് ഉല്പാദനം വർദ്ധിപ്പിച്ച് ഈ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ഗ്രാമവാസികൾക്ക് മേൽവിവരിച്ച സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ലഭ്യമാകുന്നുണ്ടെങ്കിലും അവരുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഉതകുംവിധം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുന്നില്ല. ആയതിന് താഴെപറയും വിധമുള്ള സ്ഥാപനങ്ങളുടെ രൂപീകരണത്തിലൂടെയും നിലവിലുള്ള വയുടെ പുനഃരുദ്ധാരണത്തിലൂടെയും ഗ്രാമവാസികളുടെ സാമ്പത്തിക സാമൂഹ്യ സാംസ്കരികപരമായ ഉന്നമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താ പേക്ഷിതമാണ്.

1. പട്ടികജാതി പട്ടികമേഖലയിൽ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് തഴപ്പായ ചൂരൽ ഉപകരണങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുള്ള സഹകരണസംഘം ടി, മേഖലയിൽ ആരംഭിക്കണം.

2. വനിതകൾക്ക് പ്രാതിനിധ്യം നല്കിക്കൊണ്ട് വനിതാവ്യവസായങ്ങൾക്ക് മുൻതൂക്കം നല്കി വനിതാവ്യവസായയൂണിറ്റ്, റെഡിമേഡ് ഗാർമെന്റ്സ് തുടങ്ങിയ വയ്ക്ക് സഹകരണാടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിക്കണം.

3. സാംസ്ക്കാരിക ഉന്നമനത്തിന് ഉതകുംവിധം പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു സിനിമാ ശാലയുടെ പ്രവർത്തനം ആരംഭിക്കണം.

4. ചെമ്മീൻ, കോഴി, താറാവ്, ആട്, മാട് തുടങ്ങിയവ വളർത്തുന്നതിന് സഹകരകണാടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിക്കണം.

5. വികലാംഗരുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിച്ച് പ്രവർത്തിക്കണം.

6. ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഒരു സഹകരണസംഘം സ്ഥാപിക്കുക.

7. പച്ചക്കറി, പഴം കർഷകരുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനം സുഗമമാക്കുന്നതിനും വേണ്ടി ഒരു സഹകരണസംഘം രൂപം നല്കണം.

8. മറ്റുചെറുകിട കർഷകരുടെ എല്ലാവിധമായ വളർച്ചയ്ക്കും സഹായത്തിനുമായി സഹകരണമേഖലയിൽ ഒരു സ്ഥാപനം രൂപീകരിക്കണം.

9. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നോട്ടുബുക്ക്, ബാഗ്, ചെരുപ്പ് സ്ക്കൂൾ സൊസൈറ്റികൾ രൂപീകരിക്കുകയും അതിനോടനുബന്ധിച്ച് നിർമ്മാണശാലകൾ നിർമ്മിക്കുകയും ചെയ്യുക.

10. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി ആ മേഖലയ്ക്ക് ഒരു സംഘം രൂപീകരിക്കുക.

11. പഞ്ചായത്തിലെ ജനങ്ങളിൽ പട്ടുനൂൽകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി തൊഴിൽഅവസരം ഉണ്ടാക്കുന്നതിനുംവേണ്ടി സഹകരണമേഖലയിൽ ഒരു സംഘം രൂപീകരിച്ച് പ്രവർത്തിക്കണം.

12. നിർദ്ധനരായ ഭവനരഹിതരെ സഹായിക്കുന്നതിനുവേണ്ടി ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക. നിലവിലുള്ള പറയകാട് റൂറൽ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലമാക്കുക.

സഹകരണപ്രസ്ഥാനം എന്നാൽ ജനങ്ങളുടെ സാമ്പത്തികമായ വളർച്ചയ്ക്കും ഉന്നമനത്തിനുംവേണ്ടി അവർ സ്വമേധയാ ഒത്തുചേർന്ന ഒരു പ്രസ്ഥാനമാണ്. എന്നാൽ സാമ്പത്തിക പരാധീനത അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്നില്ല. ആയതുകൊണ്ട് ഒറ്റപ്പെട്ടുനില്ക്കുന്ന എല്ലാ വ്യക്തികളേയും ഒന്നിപ്പിച്ചുകൊണ്ട് സഹകരണപ്രസ്ഥാനം രൂപപ്പെടുത്തി സാമ്പത്തികവളർച്ച നേടിയെടുക്കുന്നതിന് സാധിക്കണം. ■



4.10

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കുത്തിയതോട് പഞ്ചായത്തിലെ ആകെ ജനങ്ങളിൽ 1744 പേർ പട്ടികജാതി വിഭാഗത്തിലും 56 പേർ പട്ടികവർഗ്ഗ വിഭാഗത്തിലുംപെടുന്നു. പട്ടികജാതി വിഭാഗത്തിൽ 847 പുരുഷന്മാരും 894 സ്ത്രീകളും രണ്ടാംവിഭാഗത്തിൽ 28 പുരുഷന്മാരും 28 സ്ത്രീകളും ഉൾപ്പെടുന്നു. നമ്മുടെ വിവിധ വാർഡുകളിലായി രണ്ടു പട്ടികജായി കോളനികളും ഒരു പട്ടികവർഗ്ഗ കോളനിയും ഉണ്ട്.

ഈ വിഭാഗത്തിന്റെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി നാളിതുവരെ നമ്മുടെ ഗവൺമെന്റ് വിവിധക്ഷേമ പദ്ധതികൾ നടപ്പിലാക്കിവന്നിട്ടുണ്ട്. എങ്കിലും സ്വന്തം നിലയിൽ ഭൂമിയും വീടും ഇല്ലാത്ത വ്യക്തികൾ നാമമാത്ര നിലയിലാണെങ്കിലും കണ്ടുവരുന്നു എന്നുള്ളത് ദുഃഖകരമാണ്. പഞ്ചായത്തിലെ രണ്ടാംവാർഡിലും 9-ാം വാർഡിലെ നടുവിലത്തറ, 8-ാം വാർഡിലെ കാനാപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർ കൂടുതൽ ഉള്ളതുകൊണ്ട് ആ പ്രദേശങ്ങളെ പട്ടികജാതി കോളനിയായി പ്രഖ്യാപിക്കുന്നത് ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുതകുന്ന പ്രക്രിയയായിരിക്കും.

പരമ്പരാഗത രീതികളിലും കാർഷികവൃത്തിയിലും ഉപജീവനമാർഗ്ഗം അന്വേഷിക്കുന്ന ഈ വിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങൾ ഒഴിവാക്കാൻ താലൂക്ക് പട്ടികജാതി ക്ഷേമ ഓഫീസിലൂടെ ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് ഭൂരഹിതർക്ക് 32000 രൂപയും (1000x22000) സ്വന്തം സ്ഥലമുള്ള വ്യക്തികൾക്ക് വീട് നിർമ്മിക്കുവാൻ 22000 രൂപയും പുര കെട്ടിമേയുവാൻ 500 രൂപയും മേൽക്കൂര ബലപ്പെടുത്തുവാൻ 3000 രൂപയും ഇവരുടെ പെൺമക്കളുടെ വിവാഹസഹായമായി 2000 രൂപയും രോഗചികിൽസാസഹായമായി 1000 രൂപയും മിശ്രവിവാഹം മൂലം യാതന അനുഭവിക്കുന്നവർക്ക് 2000 രൂപയും എസ്.എസ്.എൽ.സി., പി.ഡി.സി. തോറ്റ കുട്ടികൾക്ക് വീണ്ടും പഠിച്ച് ജയിക്കുവാൻ 800 രൂപയും ഗ്രാന്റായി അനുവദിച്ചുവരുന്നുണ്ട്. കൂടാതെ പി.എസ്.സി. എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും പോകുന്നതിലേക്കായി നിശ്ചിതയാത്രാപ്പടിയും നല്കിവരുന്നുണ്ട്. ഇതിന്റെ വിതരണം താലൂക്ക്തലത്തിൽനിന്നുംമാറ്റി പഞ്ചായത്തുതലത്തിലാക്കണം എന്ന ആവശ്യം പരിഗണിക്കപ്പെടേണ്ടതാണ്.

ജീവിതത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ ഏറെക്കുറെ ലഭ്യമാണെങ്കിലും, കോളനികളിവലും ഈ വിഭാഗങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും, നല്ല റോഡുകളോ നിലവാരമുള്ള വഴികളോ, വഴിവിളക്കുകളോ ശുദ്ധജല വിതരണസൗകര്യങ്ങളോ ഇല്ല എന്നുള്ളത് പൊതുവെ ഉയർന്നുവന്ന പരാതികളാണ്. ഇതിനാൽ പഞ്ചായത്തിന്റെ വികസനകാര്യങ്ങളിൽ പട്ടികജാതി, വർഗ്ഗക്ഷേമത്തിന് മുൻതൂക്കം നല്കേണ്ടതുണ്ട്.

പട്ടികജാതി ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന

ഒരു പീലിംഗ് വ്യവസായ സഹകരണസംഘവും, ഒരു തഴപ്പായ നിർമ്മാണസംഘവും നിലവിലുണ്ടെങ്കിലും കാര്യമായ നേട്ടങ്ങൾ ഈ വിഭാഗത്തിന് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതാസഹകരണസംഘങ്ങളുടെകീഴിൽ കുടിൽവ്യവസായങ്ങൾ തുടങ്ങുകയും മുൻസംഘങ്ങളുടെ സ്ഥിതി വരാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. വഴിവിളക്കുകൾ ഇല്ലാത്ത കോളനികളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കണം. ഇവരുടെ ജീർണ്ണിച്ച വീടുകൾ പുതുക്കിപണിയുന്നതിന് അടിയന്തിരശ്രദ്ധ വേണം. 9ാം വാർഡിലുള്ള ഐ.എച്ച്.ഡി.പി. കോളനിയിലേക്ക് റോഡ് നിർമ്മിക്കണം. ശുദ്ധജലം കൊണ്ടുവരുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

### സാദ്ധ്യതകൾ

1. ഭൂരഹിതരായവർക്ക് ഭൂമി ലഭ്യമാക്കണം.
2. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണി ഉടൻ നിർവ്വഹിക്കുക.
3. നിലവിലുള്ള ചെറിയ കക്കൂസുകളുടെ സ്ഥാനത്ത് സെപ്റ്റിക്ടാങ്ക് കക്കൂസുകൾ സ്ഥാപിക്കുക.
4. ഭവനനിർമ്മാണ ഗ്രാന്റ് 50000 ആക്കി ഉയർത്തുക.
5. ശുദ്ധജലവിതരണവും വൈദ്യുതിവിതരണവും ഉറപ്പാക്കുക.
6. പാരമ്പര്യതൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
7. കോളനികളിൽ വിദ്യാഭ്യാസ സാംസ്ക്കാരിക നിലവാരം ഉയർത്തുവാനുതകുന്ന ടി.വി., റേഡിയോ എന്നിവ സ്ഥാപിക്കുക.
8. ജീവിതനിലവാരം ഉയർത്തുവാനുതകുന്ന സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുക. ■

4.11

# വിഭവസമാഹരണം

1970 വരേയ്ക്ക് കുത്തിയതോട് പഞ്ചായത്ത് നിവാസികളുടെ മുഖ്യവരുമാന സ്രോതസ്സ് നെല്ലുല്പാദനവും കയർ പിരിയിൽനിന്നുള്ള ആദായവുമായിരുന്നു. നാളികേരം ഉല്പാദനം ഇതിനു തൊട്ടുപിറകിൽ നില്ക്കുന്നു. കൃഷിക്കാരും കർഷകരും പാടങ്ങളിൽ നിന്നു കിട്ടുന്ന നെല്ലുകൊണ്ടാണ് ആണ്ടിൽ മിക്കമാസവും കഴിഞ്ഞുവന്നത്. ഇതു പഴയ കഥ. 1970ലെ സമഗ്ര ഭൂപരിഷ്ക്കരണ നിയമവും കുടുംബബന്ധങ്ങളിലുണ്ടായ ന്യൂക്ലിയർ അവസ്ഥയും തൊഴിൽരംഗത്തുണ്ടായ കുതിച്ചുചാട്ടവും നാടിന്റെ അവസ്ഥയെ മാറ്റിമറിച്ചു. പുരോഗതിയോടൊപ്പം പുത്തൻ പ്രശ്നങ്ങളും ഇവിടെ നാമ്പെടുത്തു. പണ്ട് ജനങ്ങൾ തമ്മിൽ ആരോഗ്യകരമായ കൂട്ടായ്മയും ഹൃദയൈക്യവും നിലനിന്നിരുന്നു.

കുത്തിയതോട് പഞ്ചായത്ത് ഇന്നനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് നല്ല പരിഹാരം ഈ നാട്ടിലെ ജനങ്ങളുടെ കൂട്ടായ പ്രവർത്തനവും കിടമൽസരവും ഒഴിവാക്കി കൊണ്ടുള്ള ബോധപൂർവ്വമായ ഇടപെടലും കൊണ്ട് നേടിയെടുക്കാവുന്നതാണ്. വിഭവസമാഹരണത്തിൽ വളരെ പിന്നണിയിൽ നില്ക്കുന്ന ഈ പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവം ഇവിടത്തെ ജനത തന്നെയാണെന്ന് ഗ്രാമസഭകളിൽനിന്ന് ലഭിച്ചിരിക്കുന്ന റിപ്പോർട്ടിലൂടെ നേരിട്ട് ബോധ്യമാകും.

ഇനിപറയുന്ന വിഭവദാരിദ്ര്യം പഞ്ചായത്തിനെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

1. കാർഷികരംഗത്തെ മുരടിപ്പ്
2. വൈദ്യുതിപ്രതിസന്ധി
3. മൃഗസംരക്ഷണമേഖലയിലെ പോരായ്മ
4. വിദേശത്ത് പണിയെടുക്കുന്നവരുടെ എണ്ണക്കുറവ്

ആണ്ടുതോറും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടെങ്കിലും ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ഇതിൽ വളരെ പോരായ്മയുണ്ട്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വികസന പ്രവർത്തനങ്ങൾക്കായി മനുഷ്യപ്രയത്നം അതതു വാർഡുകളിൽനിന്ന് ശ്രമദാനമായി സമാഹരിക്കണം.

2. വിനോദനികുതി ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനമേഖല സഹകരണരംഗത്തോ സ്വകാര്യരംഗത്തോ പ്രോത്സാഹിപ്പിക്കുക.

3. ബിൽഡിംഗ് ടാക്സ് നിർണ്ണയിക്കുമ്പോൾ നിലവിലുള്ള നിയമം മുഖവും മറ്റുബന്ധങ്ങളും നോക്കാതെ കർക്കശമായി പാലിക്കണം.

4. ഇന്ന് പഞ്ചായത്തിൽനിന്നും കെ.എസ്.ഇ.ബി.

കത്താത്ത തെരുവുവിളക്കിനും ചാർജ്ജ് ഈടാക്കുന്നുണ്ട്. അതുമാറ്റി ഉപയോഗിക്കുന്ന കറണ്ടിനുമാത്രം ചാർജ്ജ് ഈടാക്കുന്ന പ്രത്യേക മീറ്റർ സമ്പ്രദായം കൊണ്ടുവരണം.

5. തൊഴിൽനികുതി ശതമാനാടിസ്ഥാനത്തിൽ ആക്കണം. ഇപ്പോൾ സ്ലാബ് ആണ്. തൊഴിലുടമ തന്നാണ്ടിലെ ബോണസ്സ് മുതലായ ആനുകൂല്യങ്ങൾ നല്കുമ്പോൾ ആ വർഷത്തെ ആകെ വരുമാനം നോക്കി തുക പിരിച്ച് പഞ്ചായത്തധികൃതരെ ഏല്പിക്കണം. നിർമ്മാണതൊഴിലാളികൾ, പീലിംഗ് ഷെഡ്ഡിലെ സൂപ്പർവൈസറി തൊഴിലാളികൾ, അൺലോഡ്‌വർക്കേഴ്‌സ് എന്നിവരിൽനിന്നും നികുതി ഈടാക്കണം.

6. കേബിൾ ടിവി കണക്ഷൻ ഉള്ളവരിൽനിന്നും ആണ്ടിൽ ഒരു നിശ്ചിതതുക ഈടാക്കണം. വീഡിയോ ഗ്രാഫേഷ്സിൽനിന്നും ലൈസൻസ് ഫീ ഈടാക്കണം.

7. വില്ലേജാഫീസിൽനിന്നും നിയമപ്രകാരം കിട്ടേണ്ട നികുതിയുടെ വിഹിതം മാസാവസാനം വില്ലേജാഫീസിൽ നിന്നുതന്നെ കിട്ടാൻ സംവിധാനം ഉണ്ടാക്കണം.

എ. വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഈടാക്കണം

8. ശുദ്ധജലവിതരണ സംവിധാനം പഞ്ചായത്തിന്റെ ഏല്പിക്കണം. പൊതുടാപ്പിൽനിന്നും ഉപയോഗശൂന്യമായി രാപ്പകൽ ഒഴുകിപൊയ്ക്കൊണ്ടിരിക്കുന്നു. ഇവ ഉടനെതന്നെ റിപ്പയർ ചെയ്ത് ഇത്തരം നഷ്ടം ഒഴിവാക്കണം. ടാപ്പുകളുടെ കുഴപ്പങ്ങൾ രേഖപ്പെടുത്തുന്നതിന് കംപ്ളയിന്റ് രജിസ്റ്റർ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട രണ്ടു സ്ഥലത്തെങ്കിലും സൂക്ഷിക്കണം. ഹൗസ് കണക്ഷന്റെ എണ്ണം കൂട്ടുക.

9. വസ്തുക്കൾക്കുള്ള ബി.ടി. നികുതിനിരക്ക് സെന്റിന് 75 പൈസയാക്കണം. പഞ്ചായത്തുസ്ഥലം പാട്ടത്തിന് കൊടുത്തിരിക്കുന്നതിന്റെ ഫീസ് നിരക്ക് കാലോചിതമായി പുതുക്കുക.

10.പുറംമ്പോക്കായി കിടക്കുന്ന സ്ഥലം തരിശായി കിടക്കാതെ സൂക്ഷിക്കുക. കഴിയുന്നത്ര പുറമ്പോക്കുസ്ഥലം അളന്നുതിട്ടപ്പെടുത്തി പഞ്ചായത്തിന്റെ കരവലയത്തിലാക്കുക. ഇന്ന് ഇതു ധാരാളമായി അന്യർകൈവശമാണ്. ഇത് മറ്റുകാര്യങ്ങൾ പരിശോധിച്ചശേഷം സാധ്യമാകുന്നിടത്ത് മാർക്കറ്റുവില ഈടാക്കി കൈവശക്കാർക്ക് കൊടുക്കുക.

11. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുഴുവൻ വികസനസമിതി മുഖേനയാക്കുക.

12.സിമന്റ് വർക്കിന് ലൈസൻസ് ഫീ 250 രൂപ ഈടാക്കണം. പാരലൽകോളേജ് സ്വകാര്യക്ലിനിക്ക് എന്നിവയ്ക്ക് രജിസ്ട്രേഷൻ ഫീ ഈടാക്കുക.

13. വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ 100 രൂപ ഫീസ് ഈടാക്കുക. ഇതുകൂടാതെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും വിഭവങ്ങൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആരോഗ്യകരമായ നിരവധി നിർദ്ദേശങ്ങൾ നമുക്ക് നടപ്പിലാക്കാം. പഞ്ചായത്തിലെ ജനങ്ങളുടെ അദ്ധ്വാനശേഷിയും കൂട്ടായ പ്രവർത്തനവും ഉത്തേജിപ്പിച്ചാൽ അസാദ്ധ്യമായ ഒന്നുമില്ലെന്ന് നാം കാണണം.

ഗൾഫുനാടുകളിൽ ജോലി ചെയ്തുവരുന്നവരുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

| വാർഡ് | എണ്ണം |
|---|---|
| 1 | 20 |
| 2 | 23 |
| 3 | 19 |
| 4 | 3 |
| 5 | 27 |
| 6 | 2 |
| 7 | |
| 8 | 2 |
| 9 | 9 |
| 10 | 15 |

*വാർഡുമെമ്പർമാർ നല്കിയ വിവരമാണ് ഈ പട്ടികയ്ക്കടിസ്ഥാനം.*

പഞ്ചായത്തിൽ ആകെ 10 വാർഡുകളിലായി 10.881 കി.മീ. ആണ് റോഡുള്ളത്. ഇതിൽ 9ാം വൽർഡിൽ മാത്രമാണ് 4 മീറ്റർ വീതിയുള്ള രണ്ട് റോഡുകൾ ഉള്ളത്. നാലാം വാർഡിൽ ഉള്ള എ.എൻ.കെ. റോഡിന് ഇത് എൻ.സി.സി. റോഡ് എന്ന പേരിലാണ് അറിയപ്പെടുന്നത്. 3.50 മീറ്റർ വീതിയാണുള്ളത്. പിന്നീട് വീതികൂടിയ റോഡും ഒമ്പതാംവാർഡിൽ തന്നെ. ബാക്കിയുള്ളവയുടെ വീതി രണ്ടര മൂന്നു മീറ്ററുകളിൽ ഒതുങ്ങുന്നു.

**നികുതി വരുമാനം 1996-96**

| | | |
|---|---|---|
| 1. | Building Tax | Rs. 242929.40 |
| 2. | Service Tax | Rs. 33779.45 |
| 3. | Profession Tax | Rs. 179675.00 |
| 4. | License Fee | Rs. 22327.00 |
| 5. | P.F.A. | Rs. 2358.00 |
| 6. | Rent on Building | Rs. 23345.50 |
| 7. | Auctions | Rs. 6327.25 |
| 8. | Library Receipts | Rs. 1193.25 |
| 9. | Interest | Rs. 1457.30 |
| 10. | Duty 75% | Rs. 46293.00 |
| 11. | Duty 25% | Rs. 100000.00 |
| 12. | V.T.C. Grant | Rs. 27113.00 |
| 13. | V.R.M. | Rs. 6329.00 |
| 14. | M.I. Grant | Rs. 11600.00 |
| 15. | Est. Grant | Rs. 38258.00 |
| 16. | Basic Tax | Rs. 20980.00 |
| 17. | United Fund | Rs. 280000.00 |
| 18. | Other Item | Rs. 155973.00 |
| | ആകെ | 1199938.15 |

**ചെലവ് 95 96**

| | | |
|---|---|---|
| 1. | അംഗങ്ങൾക്കുള്ള അലവൻസും യാത്രാപ്പടിയും | Rs. 57113.00 |
| 2. | സെക്രട്ടറിയുടെയും ജീവനക്കാരുടെയും ശമ്പളം യാത്രപ്പടി പെൻഷൻവിഹിതം | Rs. 325139.00 |
| 3. | തൂപ്പുകാരുടെ ശമ്പളം | Rs. 22190.00 |
| 4. | കറന്റ് ചാർജ്ജ് | Rs. 65028.40 |
| 5. | ഫോൺ ചാർജ്ജ് തപാൽ ചാർജ്ജ് | Rs. 2325.00 |
| 6. | പ്രിന്റിംഗ് ചാർജ്ജ് | Rs. 17028.00 |
| 7. | ഇലക്ഷൻ ചെലവ് | Rs. 8385.50 |
| 8. | ആഫീസ് കണ്ടിജൻസി | Rs. 11914.25 |
| 9. | അൺടൈഡ് ഫണ്ട് ഹരിജനങ്ങൾക്ക് കക്കൂസ് | Rs. 4000.00 |
| 10. | അൺടൈഡ് ഫണ്ട് ജനറൽ സെക്ടർ | Rs. 240795.00 |
| 11. | റോഡ്, പാലം, കലുങ്ക് | Rs. 67794.00 |
| 12. | മാർക്കറ്റ് നിർമ്മാണം. | Rs. 14276.00 |
| 13. | പട്ടിനശീകരണം | Rs. 4060.00 |
| 14. | പകർച്ചവ്യാധി നിവാരണം | Rs. 19973.00 |
| 15. | ഡെപ്പോസിറ്റ് മടക്കികൊടുക്കൽ | Rs. 17025.00 |
| 16. | മറ്റിനം | Rs. 183071.00 |
| | ആകെ. | Rs. 1060117.15 |



# ഈ വികസനരേഖയുടെ അണിയറശില്പികൾ

1. ശ്രീ. കെ.പി. അമ്പാടൻ
2. ,, എസ്.പി. ആശാരി
3. ,, പി.കെ. സുകുമാരൻനായർ
4. ഡോ. കെ.വി. നാഥ്
5. ശ്രീ. ആർ. മഹേഷ്കുമാർ
6. ,, എം.എം. സലിം
7. കെ.വി. കൃഷ്ണകുമാർ
8. കുഞ്ഞുമുഹമ്മദ് എം.ഇ.
9. എ.എൻ. ഷൺമുഖൻ
10. രവീന്ദ്രനാഥൻ നായർ
11. ചന്ദ്രശേഖരപ്പണിക്കർ
12. എൻ.കെ. കരുണാകരൻ
13. എം.സി. ലക്ഷ്മണൻ
14. ഷാജി അഗസ്റ്റിൻ
15. ഐസക്ക്
16. സാജൻ തോമസ്
17. ദയാനന്ദൻ എൻ.
18. ശിവരാജൻ
19. വി. രാകൃഷ്ണൻ
20. കെ. ഷാജി
21. ശ്രീമതി ഇ.കെ. രാജമ്മ
22. ഗീതാ രംഗനാഥ്
23. സേതുലക്ഷ്മി
24. വി. ബാലകൃഷ്ണൻ
25. പാപ്പച്ചൻ

# ഭൂപഠന പര്യടനത്തിൽ പങ്കെടുത്തവർ

1. ശ്രീ. എസ്.പി. ആശാരി
2. ,, പി.കെ. സുകുമാരൻ നായർ
3. ,, ഷാജി അഗസ്റ്റിൻ
4. ,, ഇ.എൻ. സുധാകരൻ
5. ,, ഭാസ്ക്കരൻ പഴുക്കാട്ട്
6. ഡോ. കെ.വി. നാഥ്
7. ശ്രീ. കെ.പി. അമ്പാടൻ
8. ,, സി.എ. വിശ്വനാഥൻ
9. ശ്രീമതി മേരി മാർഗ്രറ്റ് (കൃഷി ആഫീസർ)

# ഉപസംഹാരം

*സ്വാതന്ത്ര്യാനന്തരഭാരതത്തിൽ നടപ്പിലാക്കിയ കഴിഞ്ഞകാലപദ്ധതികളിൽനിന്നും തികച്ചും വ്യത്യസ്തമായ രീതിയിൽ ജനങ്ങൾ നേരിട്ട് വികസനപ്രക്രിയയ്ക്ക് രൂപം നല്കുകയും നടപ്പിലാക്കുന്നതിൽ പങ്കാളികളാകുകയും ചെയ്യുന്ന ഒമ്പതാം പദ്ധതിയുടെ വികസനരേഖ തയ്യാറാക്കുന്നതിന് പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങൾ സംഘടനകൾ, സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വ്യക്തികൾ തുടങ്ങി ഒട്ടനവധി പേരുടെ ഭൗതീകവും മാനസികവും ശാരീരികവുമായ അദ്ധ്വാനത്തിന്റെ ഉല്പന്നമാണ് ഈ വികസനരേഖ. രാപ്പകൽ ഭേദമെന്യേ ഈ ഉദ്യമത്തിൽ സർവ്വാത്മനാ സഹകരിച്ച ഓരോരുത്തരേയും ഇത്തരുണത്തിൽ ഹൃദയപൂർവ്വം സ്മരിക്കുന്നു.*

*ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ പരിഹാരങ്ങൾ എന്നിവ പൂർണ്ണമായും ഈ വികസനരേഖയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. ഈ രേഖയുടെ ഫലപ്രാപ്തി അതിന്റെ പ്രയോഗത്തിലാണ്. വികസനരേഖയ്ക്ക് രൂപം നല്കുന്നതിൽ ഉണ്ടായ സഹകരണം ഇതിന്റെ പ്രായോഗിക പ്രവർത്തനങ്ങളിലും ഉണ്ടാകണമെന്ന് ഓരോരുത്തരോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.*

ഒപ്പ്

തിരുമല വാസുദേവൻ

പ്രസിഡണ്ട്

17-12-1996

# ഈ വികസനസെമിനാറിന്റെ സ്വാഗതസംഘം

*എക്സിക്യൂട്ടീവ് ചെയർമാൻ*

ശ്രീ. തിരുമല വാസുദേവൻ, പ്രസിഡന്റ്

*കൺവീനർ*

പി.ബി. അശോക് കുമാർ

*അംഗങ്ങൾ*

ടി.എസ്. ഗിരിജാദേവി

എം.എസ്.എസ്. പിള്ള

എസ്. പി. ആചാരി

പി.കെ. സുകുമാരൻനായർ

കെ.പി. അമ്പാടൻ

മഹേഷ് കുമാർ

എൻ.കെ. കരുണാകരൻ

പട്ടുടയാടകൾക്ക്

# നദീറാ
## ടെക്സ്റ്റയിൽസ്
## ചാവടി

കല്ല്യാണസാരികൾ, റെഡിമേഡ് ഡ്രസ്സുകൾ
ഷർട്ടിംഗ്, സൂട്ടിംഗ് തുടങ്ങി
പ്രമുഖ മില്ലുകളുടെ തുണിത്തരങ്ങൾ

*അംഗീകൃതവ്യാപാരി*
കിറ്റെക്സ്, ബോംബെ ഡയിംഗ്, മഫത്ത്ലാൽ

ആശംസകളോടെ

# പറയകാട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക്
## ലിമിറ്റഡ് നമ്പർ 2869

അരനൂറ്റാണ്ടുകാലത്തെ സേവനപാരമ്പര്യം

**സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ഉള്ള പഞ്ചായത്തിലെ ഏകസഹകരണസ്ഥാപനം**

അംഗങ്ങൾ 8889
ഓഹരിമൂലധനം 16.43 ലക്ഷം
വിവിധ വായ്പകൾ 1.67 കോടി
നിക്ഷേപം 2.16 കോടി

*കുത്തിയതോട് ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനം*

- ❖ വ്യക്തികൾക്ക് 50000 രൂപാവരെ വായ്പാസൗകര്യം
- ❖ ആകർഷകമായ പലിശനിരക്കിൽ ഡെപ്പോസിറ്റുകൾ സ്വീകരിച്ചുവരുന്നു.

**ബോർഡ് ഓഫ് ഡയറക്ടേഴ്സ്**

| | | | |
|---|---|---|---|
| 1. പി.ആർ. അശോക്കുമാർ ബി.എസ്.സി. | പ്രസിഡണ്ട് | പി. സദാശിവൻ | സെക്രട്ടറി |
| 2. കെ.എൻ. സുധാകരൻ | ബോർഡ് മെമ്പർ | 3. അശോകൻ രണ്ടുചിറ | ബോർഡ് മെമ്പർ |
| 4. ബാലകൃഷ്ണൻ (പനമ്പിള്ളി) | " | 5. എം.എം. സലിം | " |
| 6. അനിൽകുമാർ (പാലാഞ്ഞി) | " | 7. എം.എസ്.എസ്. പിള്ള | " |
| 8. ഭായിലാൽ (ചൊങ്ങംതറ) | " | 9. ജോൺ | " |
| 10. മണിയൻ (പട്ടികജാതി സംവരണം) | " | 11. വിമല (വനിതാസംവരണം) | |

ആശംസകളോടെ

★
★
★
★
★
★
★
★
★

# ചാലുങ്കൽത്തറ ഷൂലാന്റ്

പാദരക്ഷകളുടെ ഷോറൂം

തുറവൂർ ജംഗ്ഷനു കിഴക്കുവശം

ഫോൺ: 562737

# ചാലുങ്കൽത്തറ ഫർണീച്ചേഴ്സ്

ആലയ്ക്കാപറമ്പ്, തുറവൂർ

Phone : Resi: 562737, Shop: 562901

ആശംസകളോടെ

കാലത്തിന്റെ മാറ്റത്തിനും കർഷകന്റെ നേട്ടത്തിനും

# ശ്രേയസ്സ്

## ജൈവവളം

ഉല്പാദകർ

**ഓർഗാനിക് മനുവർ ഇൻഡസ്ട്രി**

N.C.C. റോഡ്, തുറവൂർ, ആലപ്പുഴ ജില്ല, പിൻ-688 532 രജി: നം: 09527

ഫോൺ: 0478 562041


Typeset at Printech Publishers, Cochin–16, Ph : 0484-352216 and Printed at Subha Print & Pack, Cochin–16. Ph : 0484-369227